കെ. പി. കറുപ്പൻ

# ജാതിക്കുമ്മിയും ഉദ്യാനവിരുന്നും



894.8121
KAR

# ജാതിക്കുമ്മി ഉദ്യാനവിരുന്ന്

PG Library & Research Center

(Malayalam)

Jathikkummi Udyanavirunnu

Poem

By PANDIT K. P. KARUPPAN

First Published May 1980

PRINTED AT BHASKARA PRINTING WORKS,
TRIVANDRUM-14

Price Rs. 6·00

Rights reserved

Published by A. K. Satishchandran

Distributors
NATIONAL BOOK STALL
KOTTAYAM - TRIVANDRUM - ERNAKULAM - CANNANORE -
TRICHUR - PALGHAT - QUILON - KOZHIKODE - ALLEPPEY

# ജാതിക്കുമ്മി
# ഉദ്യാനവിരുന്നു്

(കവിത)

13627

പണ്ഡിററ് കെ. പി. കറുപ്പൻ

വിതരണം

നാഷനൽ ബുക്ക്സ്റ്റാൾ

കോട്ടയം

വില ക. 6.00

## പണ്ഡിറ്റ് കെ. പി. കറുപ്പന്റെ കൃതികൾ

ജാതിക്കുമ്മി ഉദ്യാനവിരുന്ന്
കാവ്യപേടകം

൮൯൪.൮൧൨ | KAR

S3036 D231/79-80 1-2000

# അവതാരിക

അന്നന്നത്തെ അഷ്ടിക്കുവേണ്ടി അലയാഴിയോട്ട് അടരാടുന്ന ഒരു അവശവർഗ്ഗമായിട്ടുമാത്രമാണ് കേരളത്തിലെ അരയ (ധീവര) സമുദായത്തെ പലരും കാണുന്നതു്. അരയരുടെ ചരിത്രമെന്ന പേരിൽ പുറത്തുവന്നിട്ടുള്ള ചില ഗ്രന്ഥങ്ങളിലും ഈ അവസ്ഥ മാത്രമേ ചിത്രീകരിക്കപ്പെട്ടിട്ടുള്ളു. അക്ഷന്തവ്യമായ ആ അപരാധത്തിനു കാരണം ചരിത്രഗ്രന്ഥങ്ങൾ എഴുതിയവരുടെ അറിവില്ലായ്മയോ, അന്വേഷണക്കുറവോ ആയിരിക്കണം. എന്നാൽ അരയസമുദായത്തിന്ന്അഭിമാനിക്കത്തക്ക ഒരു പാരമ്പര്യം ഉണ്ടായിരുന്നു എന്നുള്ളതാണു സത്യം. മത്സ്യബന്ധനം, നാവികസേവനം എന്നിവ മുഖേന കേരളത്തിലെ വ്യവസായത്തെയും, വാണിജ്യത്തെയും ആദികാലം മുതൽ അഭിവൃദ്ധിപ്പെടുത്തിക്കൊണ്ടിരിക്കുന്നവരാണ് അരയന്മാർ. വഞ്ചിപ്പാട്ടു മുഖേന പണ്ടു കാലങ്ങളിൽ മലയാള കവനകലയെ പുഷ്ടിപ്പെടുത്താനും അരയന്മാർ യത്നിച്ചിട്ടുണ്ടു്. ഇതെല്ലാം നമ്മുടെ നാട്ടിൻെറ നാലതിരുകൾക്കുള്ളിൽ ഒതുങ്ങിനിൽക്കുന്ന പാരമ്പര്യം തന്നെ. എന്നാൽ കേരളത്തിനു ലോകകീർത്തി നേടിക്കൊടുത്ത സേവനങ്ങളും അരയസമുദായം അനുഷ്ഠിച്ചിട്ടുണ്ടു്. കേരളം ഭരിച്ചുവന്നിരുന്ന പെരുമാക്കന്മാർക്ക് വിദേശശക്തികളെ തോല്പിക്കാൻ അനേകം സന്ദർഭങ്ങളിൽ ഉപകരിച്ചതു് അരയന്മാരത്രെ. ചന്ദ്രവർമ്മൻ രണ്ടാമൻ എന്ന പെരുമാൾ പാരസിക നാവികപ്പടയെ പരാജയപ്പെടുത്തി എന്നുള്ളതു് വിശ്വവിഖ്യാതമായ ഒരു വസ്തുതയത്രെ പുളകോദ്മകാരിയാണ്, ഘോരമായ ആ പോരാട്ടത്തിൻെറ സ്മരണ അന്നു പെരുമാളിനു സഹായകമായി ഭവിച്ചതു് അരയ സമുദായത്തിൻെറ അജയ്യ

മായ ശക്തിയായിരുന്നു. പടവെട്ടാൻ മാത്രമല്ല കടൽ ചുങ്കം അനുഭവിക്കാനും അമാലന്മാർ വഹിക്കുന്ന മഞ്ചലുകളിൽ കയറി രാജവീഥിയിലൂടെ സഞ്ചരിക്കാനും അരയന്മാർക്ക് അവകാശമുണ്ടായിരുന്നു എന്നുള്ളതു മറന്നുകൂടാ. കേരളത്തിൻെറ നാവികചരിത്രം സത്യനിഷ്ഠമായി എഴുതപ്പെടുന്ന കാലത്തു് ഈ വസ്തുതകൾ ഒന്നൊന്നായി പുറത്തുവരുമെന്നു പ്രത്യാശിക്കാം.

തിരുവിതാംകൂർ, കൊച്ചി, മലബാർ എന്നീ മൂന്നു പ്രദേശങ്ങളിലെ അസംബ്ളികളിലും ധീവര സമുദായത്തിനു ഓരോ പ്രതിനിധിവീതം ഉണ്ടായിരുന്നു. എന്നാൽ കേരളപ്പിറവിയോടുകൂടി ആ പ്രാതിനിധ്യം നഷ്ടപ്പെട്ടു നാട്ടിനു നിത്യസമ്പത്തു നേടി കൊടുക്കുന്ന ഈ സമുദായത്തിനു കേരളത്തിൻെറ ഭരണനിയന്ത്രണ കാൎയ്യങ്ങളിൽ യാതൊരു പങ്കും ഇല്ലാതെപോയതു ശോചനീയം തന്നെ. അധികാരസ്ഥാനങ്ങളിൽ ഇരിക്കുന്നവരും രാഷ്ട്രീയ നേതാക്കന്മാരും ഇതിനെപ്പററി ദയാപൂർവ്വം ചിന്തിക്കേണ്ടിയിരിക്കുന്നു.

അര നൂററാണ്ടിനുള്ളിൽ ധീവരസമുദായത്തിനു ചില ചില അഭിവൃദ്ധികൾ ഉണ്ടായിട്ടുണ്ടു്. അങ്ങനെയുള്ള സുഖസൗകര്യങ്ങൾ ഇന്നു അനുഭവിച്ചുകൊണ്ടിരിക്കുന്ന ധീവര യുവാക്കളിൽ എത്രപേക്കറിയാം അവക്കു വേണ്ടി മഹാകവി കെ. പി. കറുപ്പൻ അനുഷ്ഠിച്ച നിസ്തന്ദ്രവും, നിരന്തരവും, കഠോരവുമായ അദ്ധ്വാനം? അവശ ലക്ഷണങ്ങളുടെ ഉത്കർഷം മാത്രമായിരുന്നു ആ മനുഷ്യസ്നേഹിയുടെ ജീവിതലക്ഷ്യം. അതിന്നു വേണ്ടി ഏതു ത്യാഗം അനുഷ്ഠിക്കുവാനും അദ്ദേഹം എപ്പോഴും സന്നദ്ധനായിരുന്നു. ധീവരന്മാരുടെ അഭിവൃദ്ധിക്കുവേണ്ടി മാത്രമല്ല അദ്ദേഹം ജീവിച്ചതു്. സമൂഹത്തിൻെറ ഏററവും താണപടിയിൽ കിടക്കുന്ന ചേരമരുടെ ഉദ്ധാരണത്തിനുവേണ്ടിയും

ആ വീരാത്മാവു് അത്യധികം യത്നിച്ചിട്ടുണ്ടു്. കൊച്ചിയിൽ നടന്ന ആദ്യത്തെ പുലയ സമ്മേളനത്തിനു കരയിൽ സ്ഥലംകിട്ടാതെ വന്നതിനാൽ കായലിൽ വഞ്ചികൾ നിരത്തി അവയുടെ പുറത്തു പലകകൾ ഇട്ടു വേദി ഒരുക്കുകയാണു് കറുപ്പൻ ചെയ്തതു്. പുലയരുടെ അവശതകളെപ്പററി കരളലിയിക്കുന്ന ഗാനങ്ങൾ രചിക്കാനും ആ മഹാൻ ശ്രദ്ധിച്ചിരുന്നു. കൊച്ചിയിലെ പുലയ വിദ്യാർത്ഥികൾക്കു് സൗജന്യമായി മദ്ധ്യാഹ്ന ഭക്ഷണവും, വസ്ത്രങ്ങളും മററും ലഭിച്ചുതുടങ്ങിയതു് കറുപ്പൻെറ ആത്മാർത്ഥമായ പ്രയത്നം കൊണ്ടാണെന്നുള്ളതും സ്മരണീയമാണു്.

ഇത്രത്തോളം മഹത്വമുള്ള കറുപ്പൻെറ സേവനങ്ങളും സാഹിത്യകൃതികളും അദ്ദേഹത്തിൻെറ അന്തർദ്ധാനത്തോടെ വിസ്മൃതിയിൽ ആണ്ടുപോയി എന്നു തോന്നുന്നു. ഇപ്പോഴെങ്കിലും ആ പുണ്യാത്മാവിനെ ഓർമ്മിക്കാൻ നമുക്കു സാധിച്ചുവല്ലോ എന്നു സമാധാനപ്പെടാം.

കറുപ്പൻെറ ജനനം 1885 (1060)ൽ ആയിരുന്നു. ആ വത്സരത്തിൻെറ പ്രാധാന്യം ആരെയും പറഞ്ഞറിയിക്കേണ്ടതില്ല. ഇൻഡ്യൻ നേഷനൽ കാൺഗ്രസ് രൂപം കൊണ്ടതു് ആ വർഷത്തിലായിരുന്നുവല്ലോ. 1060 ഇടവം 12-ാംനു- ജനിച്ച കറുപ്പൻ അൻപത്തിമൂന്നു കൊല്ലമേ ജീവിച്ചിരുന്നുള്ളു (1113 മീനം 10-ാംനു- അദ്ദേഹം അന്തരിച്ചു) എന്നാൽ ആ ചുരുങ്ങിയ കാലയളവിൽ സാമൂഹിക രംഗത്തിലും സാഹിത്യമണ്ഡലത്തിലും അനേകംഅദ്ഭുതകർമ്മങ്ങൾ അദ്ദേഹം അനുഷ്ഠിക്കുകയുണ്ടായി. സ്കൂൾ ടീച്ചർ, അധഃകൃത ഉപസംരക്ഷകൻ, പ്രാഥമിക വിദ്യാഭ്യാസ സമിതിയുടെ കാര്യദർശി, നാട്ടുഭാഷാ സൂപ്രണ്ടു്, കാളേജ് ലക്ചറർ എന്നീ ഉദ്യോഗങ്ങൾ സ്തുത്യർഹമാംവണ്ണം വഹിച്ചിട്ടാണു അദ്ദേഹം കാലയവനികയിൽ മറഞ്ഞതു്. ഏതാനും കൊല്ലം കൊച്ചി നിയമ

സഭയിൽ സാമാജികനായിരിക്കാനുള്ള ഭാഗ്യവും അദ്ദേഹത്തിനുണ്ടായി. ഓരോ രംഗത്തിലും വ്യക്തിമുദ്ര പതിപ്പിക്കാൻ അദ്ദേഹത്തിനു സാധിച്ചുവെന്നുള്ളതു് വ്യക്തവ്യമത്രെ.

കറുപ്പൻെറ പേരിനും, ശരീര ശോഭക്കും തമ്മിൽ യാതൊരു പൊരുത്തവും ഉണ്ടായിരുന്നില്ല. അദ്ദേഹം അത്യന്തം സുഭഗനായിരുന്നു. നിറം നല്ല വെളുപ്പും.

വളരാനും വികസിക്കാനും പററിയ ഒരു ചുററു പാടിലല്ലായിരുന്നു കറുപ്പൻെറ ഉൽപത്തി. എറണാകുളത്തിനു സമീപമുള്ള ചേരാനല്ലൂർ ദേശത്തു കണ്ടത്തിപ്പറമ്പ് എന്ന ഗൃഹത്തിൽ പാർത്തിരുന്ന അയ്യൻെറയും കൊച്ചുപെണ്ണിൻെറയും മകനായിരുന്നു കറുപ്പൻ. ആ അച്ഛനമ്മമാരുടെ സാമ്പത്തികസ്ഥിതി മെച്ചമായിരുന്നില്ല. എങ്കിലും കറുപ്പനു ദൃഢവ്യുത്പന്നനായ ഒരു പണ്ഡിതനായി ഭവിക്കുവാൻ സാധിച്ചു. അതിനുള്ള സാഹചര്യങ്ങൾ അപ്പപ്പോൾ ഉണ്ടായി.

ന്യായസ്ഥനായും സമദർശിയായും
ജഗന്നിയന്താവു ജയിച്ചിടുന്നു
കാലജ്ഞനക്കൃഷ്കനോർമ്മയുണ്ട്
വിത്തിട്ടവണ്ണം വിളയിച്ചു കൊൾവാൻ
(കിരണാവലി—ഉള്ളൂർ)

എന്നു മഹാകവി പാടിയതു എത്ര ശരിയാണ്!

കേരളത്തിലെ ഏററവും ഉന്നതന്മാരായ ചില പണ്ഡിതന്മാരുടെ ശിഷ്യത്വം സമ്പാദിക്കാനുള്ള ഭാഗ്യം കറുപ്പനുണ്ടായി. കൊടുങ്ങല്ലൂർ കോവിലകത്തെ മഹാമഹോപാധ്യായ ഗോദവർമ്മ ഭട്ടൻതമ്പുരാൻ, വലിയ കൊച്ചുണ്ണിത്തമ്പുരാൻ, ചെറിയ കൊച്ചുണ്ണിത്തമ്പുരാൻ മുതലായവരായിരുന്നു കറുപ്പൻെറ ഗുരുനാഥന്മാർ എന്നു കേൾക്കുമ്പോൾ തന്നെ ശിഷ്യനു ലഭിക്കാവുന്ന വൈദുഷ്യത്തെപ്പററി നമുക്കു് ഊഹിക്കാൻ കഴിയും.

ഒരു അദ്ധ്യാപകൻ എന്ന നിലയിൽ കറുപ്പൻ സകലർക്കും ആദരണീയനായിരുന്നു. ആ രീതിയിൽ സമാധാനപൂർണ്ണവും, മാന്യവുമായ ഉദ്യോഗം വഹിച്ചുകൊണ്ടു് കഴിഞ്ഞുകൂടിയിരുന്നുവെങ്കിൽ അദ്ദേഹത്തിനു് യാതൊരു കുറവും ഉണ്ടാകുമായിരുന്നില്ല. അങ്ങനെ എത്രയോ യോഗ്യന്മാർ ജീവിച്ചിരുന്നിട്ടുണ്ടു്! ഇപ്പോഴും ജീവിക്കുന്നുണ്ടു്.

അന്നത്തെ ചില കവികളെപ്പോലെ സൗന്ദര്യാത്മകമായോ തത്വചിന്താപരമായോ ഉള്ള കവിതകൾ മാത്രം എഴുതിക്കൊണ്ടിരുന്നുവെങ്കിലും കറുപ്പൻ ഒരു പ്രശസ്ത കവിയായി പരിലസിക്കുമായിരുന്നു. അത്തരം കവനങ്ങൾ അദ്ദേഹം എഴുതിയിട്ടുമുണ്ടു്.

സങ്കല്പക്കൊടിനാട്ടി, വെൺപുകഴണി–
　　പ്പായ്കുത്തി, മൂലർക്ഷമാം
ചുങ്കന്തോറുമണഞ്ഞു പുണ്യ വിമല–
　　ദ്രവ്യം വഹിച്ചങ്ങനെ
തിങ്കൾത്തെല്ലണിവോന്റെ കൺകുളിരിളം-
　　കാറേററു മാടേശനാം
തങ്കക്കപ്പലുയർന്നു നിന്നരുളണം
　　മംഗല്യ വാരാശിയിൽ.

എന്ന ശ്ലോകം നോക്കുക. രാജസ്തുതിപരമാണെങ്കിലും ഇക്കവിതയിൽ കളിയാടുന്ന കവിതാവിലാസം ഏതു സഹൃദയനെയാണു ആഹ്ലാദിപ്പിക്കാത്തതു്? ഇതിൽ ശബ്ദ സൗഷ്ഠവവും അർത്ഥ സൗഭഗവും ഒത്തിണങ്ങിയിട്ടുണ്ടു്.

ഇനി "ഒരു ദിനാന്തചിന്ത" എന്ന കവിത പരിശോധിക്കാം. ഒരു സായാഹ്നത്തിൽ കവിയുടെ ചിന്ത ജഗന്നിയന്താവിലേക്കു തിരിഞ്ഞു. അദ്ദേഹം ഇപ്രകാരം പാടിപ്പോയി:–

"ഈയന്തി നേരത്തിന്റെ നിഴലെന്നതുപോലെ-
ന്നായുസ്സു പായുന്നുണ്ടു് ഞാനതുമറിവീല

എന്നുടെ കർമ്മാത്മാവു ചരമദീർഘ നിദ്ര
തന്നുടെ യുത്സംഗത്തിൽ തൻതല ചാച്ചുംമുമ്പേ
താവക കാരുണ്യത്താലിതി കർത്തവ്യ ബോധം
സാവധാനതയുമിങ്ങുദിക്കാറാകേണമേ!
കർമ്മത്താലല്ലോ ജന്മമുണ്ടാകുന്നതു കൊണ്ടെൻ
കർമ്മത്തിൽ പരിശുദ്ധിയേന്തുമാറായീടണം
കർമ്മങ്ങൾ മാമകങ്ങളെനിക്കെന്നതു പോലെ
ശർമ്മദങ്ങളാകേണമന്യർക്കും കൃപാനിധേ!
... ... ... ... ... ... ... ... ... ...
... ... ... ... ... ... ... ... ... ...
സാദ്ധ്വസം നിമിത്തമീ ലോകയാത്രയിലൊട്ടു-
മദ്ധ്വ സങ്കടമെന്യേ ഗമിക്കാറാകേണം ഞാൻ
തെളിയും തേജസ്സേ! നിൻ ദിവ്യസന്നിധിചൂഴ-
മൊളി കണ്ടണയും ഞാൻ ശലഭത്തിനെപ്പോലെ
ഗളിതാഭോഗനായിബ്ഭവിച്ചീടിലുമെന്റെ-
യൊളി നിന്നൊളിയായിത്തീരുകിലതേ
വേണ്ടു.''

ഏതു കഠിനഹൃദയന്റെ ചിന്തയേയും ഈശ്വരാഭിമുഖ മാക്കാൻ പര്യാപ്തമായ ഇക്കവിത ഉദാത്തമാണെന്നു ആരും സമ്മതിക്കും.

സൌന്ദര്യസുഷമ വിതറുന്നവയോ, ആദ്ധ്യാത്മിക പരിമളം വീശുന്നവയോ ആയ ഒട്ടുവളരെ കവനങ്ങൾ കറപ്പൻ എഴുതിയിട്ടുണ്ട്. അവ വിമർദ്ദ ഹൃദ്യങ്ങളുമാണ്. എന്നാൽ അത്തരം കവിതകൾ കൊണ്ടു് അദ്ദേഹം തൃപ്തനായില്ല.

താൻ ഉൾപ്പെട്ട അവർണ്ണ സമൂഹത്തെ ഉദ്ധരിക്കുന്നതിനു വേണ്ടിയുള്ള മാർഗ്ഗങ്ങളെപ്പററി അദ്ദേഹം ഗാഢമായി ആലോചിച്ചു തുടങ്ങി. പ്രൊഫസർ പി. ശങ്കരൻനമ്പ്യാരുടെ ഒരു പ്രസ്താവന ഇത്തരുണത്തിൽ സ്മൃതിപഥത്തിൽ എത്തുന്നു. അതു് ഉദ്ധരിക്കാം:—

"ഏതെങ്കിലും ഒരു സമുദായത്തിൻെറ സമുദ്ധാരണം വേണമെങ്കിൽ അതിനു കരുത്തുള്ള വ്യക്തികൾ ആ സമുദായത്തിൽതന്നെ അവതരിച്ചാൽ മാത്രമേ മതിയാകയുള്ളൂ. മററു സമുദായക്കാർ എത്ര അനുഭാവത്തോടുകൂടി പരിശ്രമിച്ചാലും ഉദ്ദിഷ്ടഫലം പരിപൂർണ്ണമായി സിദ്ധിക്കുമോ എന്നു സംശയമാണു്. ഇതു തന്നെയാണു് ഒരു രാഷ്ട്രത്തിൻെറ സമുദ്ധാരണത്തിലും അനുഭവപ്പെട്ടു കാണുന്നതു്.

കെ. പി. കറുപ്പൻ സുവനീർ

ഈ തത്വം നല്ലതുപോലെ ഗ്രഹിച്ചിരുന്നവരാണു് ഡോൿടർ പൽപ്പവും മഹാകവി കുമാരൻ ആശാനും. കറുപ്പനും ഇതേ മാർഗ്ഗത്തിൽ തന്നെ ചിന്തിച്ചു. സമ്മേളനങ്ങൾ നടത്തിയും, സംഘടനകൾ ഉണ്ടാക്കിയും, നിവേദനങ്ങൾ സമർപ്പിച്ചും അരയ സമൂഹത്തിൻെറ അഭ്യുന്നതിക്കുവേണ്ടി കറുപ്പൻ അശ്രാന്തപരിശ്രമം ചെയ്യുകയുണ്ടായി. അതിനു അനുസൃതമായ ഫലങ്ങൾ ക്രമേണ ഉളവാകാതിരുന്നില്ല.

സമുദായോദ്ധാരണത്തിനു് സാഹിത്യത്തെക്കൂടി ഒരു ഉപകരണമാക്കുകയാണെങ്കിൽ കൂടുതൽ ഫലമുണ്ടാകുമെന്നു ആ പ്രതിഭാധനൻ മനസ്സിലാക്കി. അരയന്മാരെയും അരയത്തികളെയും ഉദ്ബുദ്ധരാക്കാൻ പററിയ ഗാനങ്ങൾ അദ്ദേഹത്തിൻെറ തൂലികയിൽ നിന്നു നിർഗ്ഗളിച്ചു തുടങ്ങി.

ധീവരന്മാരുടെ തൊഴിലിനെപ്പററി ലോകമഹാകവി കാളിദാസൻ ശാകുന്തളത്തിൽ പറഞ്ഞിട്ടുള്ളതു് ഈ അവസരത്തിൽ സ്മർത്തവ്യമത്രെ. ബ്രാഹ്മണനെന്നു വിശ്വസിക്കപ്പെടുന്ന കാളിദാസനു മത്സ്യഭോജനം പോലെ മത്സ്യബന്ധനവും നിന്ദ്യമായി തോന്നിയിരുന്നുവെങ്കിൽ അതു സ്വാഭാവികമല്ലേ? പുരാതന കാലത്തെ ഇതര കവികളെപ്പോലെ കാളി

ദാസനും യാഥാസ്ഥിതികനായിരുന്നുവെന്നു സമാധാനപ്പെടാം.

ശാകുന്തളം ആറാം അങ്കത്തിൽ ഉള്ള ഒരു ഭാഗം ഉദ്ധരിക്കട്ടെ:-

പുള്ളി:- ഞാൻ ചൂണ്ടലിട്ടും വലവീശിയും മീൻ പിടിക്കുന്നവനാണ്.

അധികാരി:- പരിശുദ്ധമായ കാലക്ഷേപം!...... പിന്നെ.

പുള്ളി:- ഇങ്ങനെ ഉത്തരവാകരുത്.

കലരും പലദോഷമെങ്കിലും
കുലധർമ്മം മനുജന്നവർജ്ജ്യമാം.

(മലയാള ശാകുന്തളം)

കാളിദാസന്റെ അഭിപ്രായത്തിൽ മത്സ്യബന്ധനം മാന്യമായ തൊഴിൽ അല്ലായിരുന്നുവല്ലോ. എന്നാൽ കറുപ്പൻ ആ കർമ്മത്തെ ചിത്രീകരിച്ചിരിക്കുന്നതു് എങ്ങനെയാണെന്നു് അറിയേണ്ടതാണ്. കറുപ്പന്റെ അഭിപ്രായത്തിൽ അതു ഉപജീവനത്തിനു വേണ്ടിയുള്ള ഒരു സാധാരണ പ്രവർത്തനമല്ല. വ്യാഘ്രങ്ങളെ വേട്ടയാടുന്ന ധൈര്യശാലികളായ പുരുഷകേസരികൾക്കു മാത്രം അനുഷ്ഠിക്കാവുന്ന ശ്രേഷ്ഠമായ ഒരു കർത്തവ്യമാണ്. പ്രസക്ത ശ്ലോകം ഉദ്ധരിക്കാം:-

"തിരയാകിയ പല്ലിളിച്ചു ക്രൂരൻ
തിരമാലക്കടുവായടുത്തിടുമ്പോൾ
പരരോഷമരിത്രഹേതി കൊണ്ടീ-
യരയൻ കുത്തിമുറിച്ചിടുന്നു ധീരൻ

(അരയപ്രശസ്തി)

പങ്കായമാകുന്ന ആയുധം കൊണ്ടു് തിരമാലയാകുന്ന കടുവായെ കുത്തിമലർത്തുന്ന അരയന്റെ കൃത്യം അഭിമാനഹേതുകമാണെന്നു ഇവിടെ ധ്വനിപ്പിച്ചിരിക്കുന്ന 'ദേധാ സുധീവര'നായ ഒരു മഹാകവിക്കു മാത്രമേ ധീവരന്റെ ദൈനംദിന കൃത്യത്തെ ഈ രീതിയിൽ ചിത്രീകരിക്കാൻ സാദ്ധ്യമാവുകയുള്ളൂ.

അരയനെ ചിത്രീകരിച്ചതുപോലെ അരയത്തിയെ ചിത്രീകരിക്കാനും കറുപ്പൻ ഉദ്യമിച്ചിട്ടുണ്ട്. അതിനു പററിയ ഒരു സന്ദർഭവും ഉണ്ടായി. "ഒരു ധീവര സഹോദരിയുടെ പ്രാത്ഥന" എന്ന ഗാനത്തിലാണ് ആ ചിത്രീകരണം കാണുന്നതു്. കൊച്ചി തുറമുഖത്തിൻെറ നിർമ്മാണ പരിപാടി ആരംഭിച്ചപ്പോഠം, ത്തുശം, അഴീക്കൽ തുടങ്ങിയ സ്ഥലങ്ങളിലെ പല അരയകുടുംബാംഗങ്ങഠംക്കും ഏകാശ്രയമായിരുന്ന 'ഊന്നിക്കുററികഠം' നീക്കം ചെയ്യണമെന്നു് സർക്കാർ ഉത്തരവുണ്ടായി. ആ വാർത്ത കേട്ടപ്പോഠം ഇടിത്തീ വീണതുപോലെയുള്ള ഒരു അനുഭവമാണ് അരയ സമുദായത്തിനു് ഉളവായതു്.

മററുള്ളവരുടെ ദൃഷ്ടിയിൽ "ഊന്നിക്കുററികഠം" കായലിൻെറ നടുവിൽ വേലികെട്ടാൻ നാട്ടിയ ഉണക്കക്കൊമ്പുകഠം മാത്രമാണ്. എന്നാൽ അവ അനേകമനേകം അരയ കുടുംബങ്ങഠംക്കു് അവർ ആഗ്രഹിക്കുന്നതെല്ലാം കനിഞ്ഞരുളുന്ന കല്പവൃക്ഷ ശാഖകളത്രെ. ഈ വസ്തുതയെ ക്രാന്തദർശിയായ കവി ആവിഷ്കരിച്ചിരിക്കുന്നതു നോക്കുക:—

"ഏററത്തിനുള്ളിടിയും—ഇറക്കിൻെറ
ഊററമേറുന്നൊരുന്തും
ഏററടി തെററിടാതെ—സാധുക്കളെ
പ്പോററിടും കുററികളേ!
നമ്പുന്നവർക്കഭീഷ്ടം—നൽകീടുന്ന
കമ്പുകഠം നിങ്ങളെല്ലാം
ഉമ്പർകോൻ തോട്ടത്തിലെ—കല്പദ്രുമ-
ക്കൊമ്പുകളായിരിക്കാം."

(— ധീവരതരുണിയുടെ പ്രാത്ഥന)

ഒരു ധീവര തരുണിയുടെ മാതൃക, കറുപ്പൻ വരച്ചു കാണിച്ചിരിക്കുന്നു:—

"ഓലച്ചമരെഴുന്ന—ഭയനീയ
വാലക്കുടിലിനുള്ളിൽ

നീലത്തഴക്കഴലാ—ളാകുന്നൊരു
വാലത്തിയുണ്ടു കാൺമൂ.
ദാരിദ്ര്യമുണ്ടെങ്കിലും—സാധാരണ
നാരിമാരെന്ന പോലെ
നാറിപ്പറിഞ്ഞ വസ്ത്രം—ധരിക്കലൊ
വേരിച്ചൊല്ലാളിനില്ല.
പൊൻകസവില്ലെങ്കിലു—മന്നാവിക
മങ്ക പേറും വസനം
തിങ്കളിൻ തൂനിലാവിൻ—ധവളിമ–
യും കവന്നുള്ളതല്ലോ.
വാരസ്ലോപ്പിൻ കഷണം—കൊണ്ടിന്നൊരു
കാരക്കാമല്ല പോലും
കാശപ്പു പോലെയാക്കാ—നവറാംക്കുള്ള
കൌശലമൊന്നു വേറെ

(ധീവര തരുണിയുടെ പ്രാൎത്ഥന)

ഇങ്ങനെയുള്ള ഒരു മംഗലാപാംഗിയെക്കൊണ്ടാണു് കവി പാടിച്ചിരിക്കുന്നതു്. കൊടുങ്കാററടിക്കുന്ന കാളരാത്രികളിൽ അത്യഗാധമായ കടലിൽ മീൻപിടിക്കാൻ പോയിരിക്കുന്ന പ്രാണനാഥന്മാൎക്കു യാതൊരാപത്തും വരാതിരിക്കാൻ വേണ്ടി കണ്ണീർ ചൊരിഞ്ഞും നേൎച്ച നടത്തിയും ശോകാഗ്നിയിൽ നീറി നീറിക്കഴിയുന്ന അനേകം കൈവത്ത സഹോദരിമാരുടെ കരളിന്റെ അടിത്തട്ടിൽ നിന്നും ഉയരുന്ന പ്രാൎത്ഥനയെ കറുപ്പൻ പ്രതിധ്വനിപ്പിച്ചിരിക്കുന്നതു് കേറംക്കുക:—

“വഞ്ചിയാം തൊട്ടിലിങ്കൽ—ഝംഝാവാത-
വഞ്ചിതനായു് കിടക്കും
എൻചിത്ത ചോരനെ നീ—യണുവോളം
വഞ്ചിക്കരുതേ ദേവീ!
ചേതസ്സലിഞ്ഞു ഞാനെ—ന്നരുമയാം
പൈതലെപ്പാലിക്കുംപോൽ

പോതസ്ഥനാം പതിയെ—ഗംഗേ തിര-
ക്കൈ തന്നിൽ കാക്കണേ നീ''

(ധീ. തരുണിയുടെ പ്രാൎത്ഥന)

ആ ഗാനത്തിൻെറ കാതലായ ഭാഗംകൂടി കേൾക്കുക:-

ത്തുമിന്നൽപോലെ പാഞ്ഞൂ—കൊച്ചി ഹാർബർ
സ്കീമിൻെറ വാർത്തയുള്ളിൽ
നാമിനിയെന്തു ചെയ്യും? — ഊന്നിക്കുററി
പോമിനിപ്പൊൻ മകനേ!''

ഓമനക്കുഞ്ഞിനെ നോക്കിക്കൊണ്ടു പെററമ്മ പറയുന്ന ഈ വരികൾ ഏതു ശിലാഹൃദയത്തെ അലിയിക്കുകയില്ല? ഈ അവസാനത്തെ രണ്ടു വരികളിൽ എന്തെല്ലാം കാര്യങ്ങളാണു ധ്വനിപ്പിച്ചിരിക്കുന്നതു്! 'പൊൻ മകനേ' എന്ന പ്രയോഗത്തിനു് ഒരു പൊൻവള തന്നെ സമ്മാനിക്കേണ്ടതല്ലേ?

ധീവര സമുദായത്തിൻെറ ദയനീയാവസ്ഥ മാത്രമല്ല കറുപ്പൻ വരച്ചുകാണിച്ചിട്ടുള്ളതു്. അവരെക്കാൾ അധഃസ്ഥിതരായ പുലയരെപ്പററിയും അദ്ദേഹം അനേകം ഗാനങ്ങൾ എഴുതിയിട്ടുണ്ടു്. വിസ്തര ഭയത്താൽ ഒരു ഉദാഹരണം മാത്രമേ എടുത്തു കാണിക്കുന്നുള്ളു.

''പശുക്കളെ അടിച്ചെന്നാൽ ഉടമസ്ഥൻ
തടുത്തിടും
പുലയരെ അടിച്ചെന്നാൽ ഒരുവരില്ല
റോട്ടിലെങ്ങാനും നടന്നാൽ ആട്ടുകൊള്ളും;
അതുകൊണ്ടു
തോട്ടിലേക്കൊന്നിറങ്ങിയാൽ കല്ലേറു കൊള്ളും

അധ്വാനിക്കുന്ന ജനവിഭാഗത്തോടു ഏകീഭവിച്ചതായിരുന്നു കറുപ്പൻെറ ഹൃദയം. ഏതെങ്കിലും സന്ദർഭം കിട്ടിയാൽ അദ്ദേഹം അസമത്വത്തെ പററി ഉള്ളിൽ തട്ടുന്ന രീതിയിൽ പാടാതിരിക്കുകയില്ല. ''സുഗതസൂക്തം'' എന്ന കവിതയിൽ ഇപ്രകാരം ഗാനം ചെയ്തിരിക്കുന്നു.

"പുലയന്റെ പാഴ്ക്കുടിലിലിലും വസുന്ധരാ
വലജിത്സുധാ ധവളിതാലയത്തിലും
കലകാംക്ഷധീശ്വര, വിളങ്ങിടുന്നു നിൻ
കലരമ്യശോക്കളൊരു പോലെയെങ്ങുമേ"

കൈരളീ ഗാനത്തിലും ഈ ചിന്താഗതികാണുന്നു. നോക്കുക:—

"മറയോരുടെ മാമേട മോളിലും
പറയൻ തന്റെ പാഴ്ച്ചേരി തന്നിലും
നിറത്തേയും നിലയേയും നോക്കാതെ
നിർവ്വതി ചേർത്തു നീ ജയിച്ചീടുന്നു."

ഈ ഭാഗങ്ങൾ വായിക്കുമ്പോൾ ശങ്കരാചാര്യരുടെ സൗന്ദര്യ ലഹരിയിലുള്ള ഒരു വരി ഓർമ്മയിൽ വരുന്നു. കുമാരനാശാൻ രചിച്ച വിവർത്തനത്തിൽ നിന്നും ആ വരി ഉദ്ധരിക്കാം:—

"തുല്യം തൂകുന്നു ചന്ദ്രൻ കരമടവിയിലും
മോടിയാം മേടമേലും"

കൈതപ്പൂവിനെപ്പററി പാടുമ്പോൾ പോലും കവി പാവപ്പെട്ട ചെറുമികളെ ഓർമ്മിക്കുന്നു. ലക്ഷ്മീ ലാളിതരായി സൗധങ്ങളിൽ വസിക്കുന്ന പ്രഭുകുമാരിമാർ വസനപേടകങ്ങളിലും ശയനാഗാരങ്ങളിലും സുഗന്ധമുളവാക്കുന്നതിനു വേണ്ടി കൈതപ്പൂവ് സൂക്ഷിച്ചു വയ്ക്കാറുണ്ട്. നിർധനരായ പുലയികൾക്ക് അതിനുള്ള ഭാഗ്യം ഇല്ല. എന്നാൽ സമദർശിയായ കൈതപ്പൂവ് ആ സാധു സോദരിമാരെയും അനുഗ്രഹിക്കുന്നുണ്ട്. വിളവ് കാക്കുന്നതിനുവേണ്ടി ഉച്ചക്കൊടുംവെയിലത്ത് നെൽപ്പാടത്തിന്റെ കരയിൽ മരച്ചുവട്ടിൽ കഴിയുന്ന ആ പാവങ്ങൾക്ക് കൈതപ്പൂവ് സ്വന്തം പരിമളം കുളിർ കാററിലൂടെ സദയം സംഭാവന ചെയ്യുന്നു.

"സാലത്തിൻ ചുവടിലണഞ്ഞശാലി ഗോപീ-
ജാലത്തിൽ, ശിശിര സമീരണൻ വഴിക്ക്
വെയ്ലത്താമലർമണ മേകിടുന്ന നിൻ സൌ-
ശീലത്താലപഹൃതരത്ര കർഷകന്മാർ"

നെല്ലുകാക്കുന്ന ചെറുമികളെ 'ശാലി ഗോപികം' എന്നു പറഞ്ഞതിൽ ഒരു പുതുമയില്ലേ?

ഹിന്ദുക്കളുടെ ഇടയിൽ നിലനിന്നു വന്നിരുന്ന അനാചാരങ്ങളെ ആദ്യമായി എതിർത്ത മലയാള സാഹിത്യകാരൻ കുമാരനാശാൻ എന്നാണല്ലോ പൊതുവെയുള്ള ധാരണ. എന്നാൽ ആശാനു മുമ്പ് തന്നെ ജാതിയെ എതിർത്തു സാഹിത്യകൃതികൾ രചിച്ച മലയാളികൾ ഒന്നിലധികം ഉണ്ടായിരുന്നു ആർച്ച് ഡീക്കൻ കോശിയുടെ 'പുല്ലേലി കുഞ്ചു' എന്ന ഗദ്യകൃതി 1882 ലും, പോത്തേരികുഞ്ഞമ്പു എന്ന തീയ്യൻെറ 'സരസ്വതീ വിജയം' എന്ന നോവൽ 1892 ലും ആണ് പുറത്തു വന്നത്. ആ രണ്ടു വാങ്മയങ്ങളിലും ജാതിയുടെ അർത്ഥശൂന്യതയെപ്പററി സയുക്തികം പ്രതിപാദിച്ചിട്ടുണ്ട്. അവണ്ണു ഹിന്ദുക്കൾക്കു ക്രിസ്തുമതാവലംബനം കൊണ്ടേ രക്ഷയുള്ളൂ എന്ന സംഗതിയും അവയിൽ വ്യക്തമാക്കിയിരിക്കുകയാണ്. ആശാൻെറ 'ദുരവസ്ഥ' പ്രസിദ്ധീകരിക്കപ്പെട്ടതു് 1922-ൽ ആയിരുന്നുവല്ലോ. അതിനു പതിനേഴുകൊല്ലം മുമ്പ്—1905 ൽ എഴുതപ്പെട്ടതാണ് കെ. പി. കറുപ്പൻെറ ജാതിക്കുമ്മി. ഇങ്ങനെ നോക്കുമ്പോൾ ജാതിയുടെ നേർക്കു ആദ്യമായി ഖഡ്ഗം ഓങ്ങിയ മലയാളകവി കറുപ്പനാണെന്നു തെളിയുന്നു. ആ കാവ്യത്തെപ്പററി വഴിയെ പറയാം.

വളരെ ഒച്ചപ്പാടുണ്ടാക്കിയ ഒരു കൃതിയാണ് 1089ൽ കറുപ്പൻ രചിച്ച 'ബാലാകലേശം' നാടകം. സ്ഥാനത്യാഗം ചെയ്ത കൊച്ചീമഹാരാജാവിൻെറ ഷഷ്ടിപൂർത്തി പ്രമാണിച്ചു എഴുതിയ ആ ഗ്രന്ഥം സമ്മാനാർഹമായി ഭവിച്ചു. നാലോ അഞ്ചോ ദിവസം കൊണ്ടു് എഴുതേണ്ടിവന്നതാണ് ആ നാടകം. എന്നിട്ടു പോലും അതു കേരളവർമ്മ, എ. ആർ. രാജരാജവർമ്മ തുടങ്ങിയ സാഹിത്യ മഹാരഥന്മാരുടെ മുക്തകണ്ഠമായ അഭിനന്ദനം അർഹിക്കത്തക്കവണ്ണം

രമണീയമായിരുന്നു. ഗവേഷണാചാര്യനും സാഹിത്യമർമ്മജ്ഞനുമായ ശ്രീ. വി. ആർ. പരമേശ്വരൻ പിള്ള ആ നാടകത്തെപ്പററി എഴുതിയ അഭിപ്രായം ഉദ്ധരിക്കട്ടെ:—

"........ബാലാകലേശം മൂന്നങ്കത്തിലുള്ള ഒരു രൂപകമാണു്. കൊച്ചിയെ 'ബാല'യായും രാജാവിനെ 'കലേശ'നായും കല്പിച്ചു രചിച്ച ഒരു സിംബോളിക് നാടകമാണു് ബാലാകലേശം. കൊച്ചിയിലെ ഭരണം കാലോചിതമായി പരിഷ്കരിക്കപ്പെടണമെന്നും, വിദേശികളെ ഇറക്കുമതിചെയ്യുന്ന സമ്പ്രദായം കുറയ്ക്കണമെന്നും, വിദ്യാഭ്യാസവും സൗജന്യങ്ങളും നൽകി അധഃകൃതരെ ഉദ്ധരിക്കണമെന്നും, ഭരണകാര്യങ്ങളിൽ ജനാഭിലാഷത്തെ മാനിക്കണമെന്നും, തീണ്ടൽ മുതലായ അനാചാരങ്ങളെ നിയമം മൂലം നിരോധിക്കണമെന്നും മററുമുള്ള അഭിപ്രായങ്ങൾ ഇതിൽ ഭംഗിയായി പറഞ്ഞിട്ടുണ്ടു്. അവശസമുദായങ്ങളുടെ സ്വാതന്ത്ര്യവും സമുൽക്കർഷവുമായിരുന്നു കറുപ്പൻെറ സാഹിത്യകൃതികളുടെ പ്രധാന ലക്ഷ്യം. അക്കൂട്ടത്തിൽ ബാലാകലേശം പ്രഥമഗണനീയമാണു്. ഒന്നാംതരം പദ്യങ്ങൾ ഇതിൽ ധാരാളം ഉണ്ടു്......"

തീണ്ടിയെന്ന കുററത്തിനു ഒരു പുലയനു തല്ലു കൊടുത്ത സവർണ്ണനു് നാടകത്തിലെ ന്യായാധിപൻ നൽകിയ ശിക്ഷയാണു ഒച്ചപ്പാടിനു കാരണം. ചില കുററവാളികളെ നാടുകടത്തണമെന്നും, മററു ചില കുററവാളികളെ തൂക്കിലിടണമെന്നും ന്യായാധിപൻ വിധിച്ചു. കൊച്ചീമഹാരാജാവിൻെറ നാട്ടിൽ അമ്മാതിരി അന്യായങ്ങൾ അനുവദിച്ചുകൂടാ എന്നുമായിരുന്നു ന്യായാധിപൻെറ അഭിപ്രായം. തീണ്ടൽ അന്നു നിലവിലുണ്ടായിരുന്ന ഒരു ആചാരമാണെന്നും യാതൊരു കുററത്തിനും ഒരു ബ്രാഹ്മണനു വധശിക്ഷ നല്കാൻ പാടില്ല എന്ന നിയമം അന്നു നിലവിലിരു

ന്നുവെന്നും, കറുപ്പൻ അക്കാലത്തു ഒരു സക്കാർ ഉദ്യോഗസ്ഥനായിരുന്നുവെന്നും ഉള്ളവസ്തുതകൾ ഓമ്മിച്ചാൽ മാത്രമേ കറുപ്പൻെറ ധമ്മവ്രതം എത്ര ഉഗ്രമായിരുന്നു വെന്നു് മനസ്സിലാവുകയുള്ളൂ. അതുകൊണ്ടാണു്, നാടകം വായിച്ചിട്ടു് "ഇതു എഴുതിയതിനു ശേഷം നിങ്ങളെ സർക്കാർ ഉദ്യോഗത്തിൽ വച്ചുകൊണ്ടിരുന്നോ?" എന്നു ഡോക്ടർ പല്പു (എസ്. എൻ. ഡി.പി.യുടെ സ്ഥാപകൻ)കറുപ്പനോടുചോദിച്ചതു്.

ബാലാകലേശത്തെ വിമശിച്ചവരിൽ ഏററവും നിർദാക്ഷിണ്യൻ സ്വദേശാഭിമാനി കെ. രാമകൃഷ്ണപിള്ളയായിരുന്നു. നിർദ്ദയമായ ആ നിരൂപണത്തിൽ ബാലാകലേശത്തിലെ വൃത്താലങ്കാര വ്യാകരണ ദോഷങ്ങളെയാണു് രാമകൃഷ്ണപിള്ള മുഖ്യമായി എടുത്തു കാണിച്ചതു്. തീണ്ടലിനും ജാതിചിന്തയ്ക്കും അതീതനായിരിക്കേണ്ട ആളാണു് മഹാരാജാവെന്നും, എല്ലാ പൌരന്മാക്കും നാട്ടിൽ തുല്യമായ സ്വാതന്ത്ര്യം ഉണ്ടെന്നും, ഉള്ളതാണു് നാടകത്തിലെ മമ്മപ്രധാനമായ ആശയം. രാമകൃഷ്ണപിള്ള അതിനെ പരാമർശിക്കുകപോലും ചെയ്തില്ല. തീണ്ടൽ ആചരിച്ചതിനു് ഒരു നമ്പൂതിരിയെ തൂക്കിക്കൊല്ലുക എന്നതു് ആ രാജാവിൻെറ നിഷ്ഠുരതയെകാണിക്കുകയാണെന്നും, കൊച്ചീ മഹാരാജാവു് ദുഷ്ടനാണെന്നു ധ്വനിപ്പിക്കുന്ന കവി രാജദ്രോഹമാണു പറയുന്നതെന്നും, രാജദ്രോഹം അടങ്ങിയ നാടകത്തെ സാഹിത്യലോകത്തുനിന്നും നിഷ്കാസനം ചെയ്യണമെന്നും ആയിരുന്നു സ്വദേശാഭിമാനിയുടെ വാദത്തിൻെറ സംഗ്രഹം. അദ്ദേഹം നാടകത്തിനു് ഒരു പുതിയ പേരു് നിർദ്ദേശിക്കാതെയുമിരുന്നില്ല. എന്താണെന്നോ ആ പേരു്? "വാല കലാശം". "സ്വദേശാഭിമാനി"യുടെ വർഗ്ഗവിവേചനം ആ സന്ദർഭത്തിൽ തല പൊക്കിയതു നിർഭാഗ്യകരമായിപ്പോയി എന്നു തോന്നുന്നവരുണ്ടാകാം. എന്നാൽ സ്വദേശാഭിമാനി അന്നു ആദ്യമായിട്ടല്ല ആ വർഗ്ഗവിവേചനം വെളി

പ്പെടുത്തിയതു്. അതിനു മുമ്പും ചില അവസരങ്ങളിൽ അദ്ദേഹത്തിന്റെ വർഗ്ഗ വിചാരം പുറത്തു ചാടിയിട്ടുണ്ടു്. രണ്ടു് ഉദാഹരണങ്ങൾ കാണിക്കാം.

കവിരാമായണത്തിൽ മൂലൂരിനെ എതിർത്തവരിൽ ഒരാൾ സ്വദേശാഭിമാനി കെ. രാമകൃഷ്ണപിള്ളയായിരുന്നു. 'ഭദ്രകാളി' എന്ന വ്യാജനാമത്തിൽ രാമകൃഷ്ണപിള്ള മൂലൂരിനോടു പറഞ്ഞതു് ഇപ്രകാരമായിരുന്നു.

''ന്യായാന്യായ വിവേക ശൂന്യമനുജ-
　　ന്മാരോടു പോരാടുവാ-
നായാസം മതിമാനുദിക്കുമതു നി-
　　ശ്ശങ്കം മരം കേറി കേൾ
ഈയച്ചിന്ന യഥാർത്ഥ വസ്തുത ധരി-
　　ച്ചീടും ജനം മഞ്ജുവാങ്-
മായപ്പോരു പണിക്കനെല്ലമൂതകി-
　　ല്ലെന്നാലു മൊന്നങ്ങിതാ''

ഈ ശ്ലോകത്തിലെ 'മരം കേറി' എന്ന പദപ്രയോഗം അസ്സലായിരിക്കുന്നില്ലേ? ഇതിനു് ചുട്ടമറുപടിയാണു് മൂലൂർ കൊടുത്തതു്. അതിലെ ഒരു ശ്ലോകം ചുവടെ ചേർക്കുന്നു.

''കിഞ്ചിജ്ജ്ഞേ ഭദ്രകാളീ പറകമുത്തുമരം-
　　കേറിയും കേറിയോ നിൻ
നെഞ്ചാടടാൻ ഹന്ത ദുസ്സാഹസമലമലമി-
　　ച്ചേഷ്ടിതം കഷ്ടമത്രേ
കിഞ്ചിൽ പോലും കൃപാഹീനതയൊടു കുഭഗേ,
　　കുത്സിതേ ഭത്സനത്തി-
ന്നഞ്ചാതിങ്ങോട്ടു വന്നാൽ ചെവി ചെറുതറിയും
　　താന്തി മൂഢേ ദുരൂഢേ!''

പരാമൃഷ്ടമായ ശ്ലോകം എഴുതിയ കാലത്തു് രാമകൃഷ്ണപിള്ള വളരെ ചെറുപ്പമായിരുന്നുവെന്നും യുവസഹജമായ അപകവത നിമിത്തം ഇങ്ങനെ എഴുതിപ്പോയതാണെന്നും വിചാരിക്കാം. എന്നാൽ അദ്ദേ

ഹത്തിൻെറ നാടുകടത്തലിന് ഏതാനും മാസങ്ങാം ക്കു മുമ്പ്, അദ്ദേഹം പരിണതപ്രജ്ഞനായി പരില സിച്ചിരുന്ന കാലത്ത് — സ്വദേശാഭിമാനിപ്പത്ര ത്തിൽ ഒരു മുഖപ്രസംഗം എഴുതി. അതിൽ നിന്നും ഒരു ഭാഗം ഉദ്ധരിക്കാം.—

"........ആചാര കാര്യത്തിൽ സാർവ്വജനീന മായ സമത്വം അനുഭവപ്പെടണമെന്നു വാദിക്കുന്നവർ ആ സംഗതിയെ ആധാരമാക്കിക്കൊണ്ടു പാഠശാല കളിൽ കുട്ടികളെ അവരുടെ വർഗ്ഗയോഗ്യതകളെ വക തിരിക്കാതെ നിർഭേദം ഒരുമിച്ചിരുത്തി പഠി പ്പിക്കേണ്ടതാണെന്നു ശഠിക്കുന്നതിനെ അനുകൂലിക്കു വാൻ ഞങ്ങാം യുക്തി കാണുന്നില്ല. എത്രയോ തല മുറകളായി ബുദ്ധിയെ കൃഷി ചെയ്തിട്ടുള്ള ജാതിക്കാ രെയും എത്രയോ ഏറെ തലമുറകളായി നിലം കൃഷി ചെയ്തു വന്നിരിക്കുന്ന ജാതിക്കാരെയും തമ്മിൽ ബുദ്ധി കൃഷിക്കാര്യത്തിനു ഒന്നായി ചേർക്കുന്നതു് കുതിരയേയും പോത്തിനേയും ഒരേ നുകത്തിൽ കെട്ടുകയാകുന്നു."

(— സ്വദേശാഭിമാനി, 1085 കുംഭം 19-ാംനു-)

ഈ മുഖപ്രസംഗം വന്നതു് എപ്പോഴാണെന്നോ? തിരുവിതാംകൂറിൽ അവർണ്ണവിദ്യാർത്ഥികാംക്കു പാഠ ശാലകളിൽ പ്രവേശനം ലഭിക്കുവാൻവേണ്ടി ഈഴ വർ തുടങ്ങിയ സമുദായങ്ങാം പ്രസംഗവേദികളിലും പത്രപംക്തികളിലും പ്രജാസഭയിലും അതിശക്തമാ യി വാദിച്ചുകൊണ്ടിരുന്നകാലത്തു്. സ്വദേശാഭിമാ നിയുടെ സേവനങ്ങാം സ്മരിക്കുന്നവർ ഈ മുഖപ്ര സംഗം കണ്ടാൽ അന്ധാളിച്ചുപോകും. കാറൽ മാർക്സി നേയും മഹാത്മാഗാന്ധിയേയും പററി ആദ്യമായി മലയാളത്തിൽ പുസ്തകങ്ങാം എഴുതിയ പുരോഗാമി യാണു് രാമകൃഷ്ണപിള്ള. ദുർഭരണ ഭഞ്ജനത്തിനും,ദുഷ് കവന ധ്വംസനത്തിനും വേണ്ടി ജാതിചിന്ത കൂടാ തെ തൂലികചലിപ്പിച്ച വീരാത്മാവാണു് അദ്ദേഹം.

(അദ്ദേഹത്തിൻെറ അതിനിശിതമായ വിമർശന ശരമേററവരിൽ പലരും നായർ സമുദായാംഗങ്ങളായിരുന്നു.) യാതൊരു പ്രലോഭനത്തിനും വശംവദനാകാതെ കഠോര വ്രതനായി പത്രപ്രവൎത്തനം നടത്തിയതു നിമിത്തം നരക ക്ലേശം അനുഭവിക്കേണ്ടി വന്ന ത്യാഗിവൎയ്യനാണു് അദ്ദേഹം. പുരോഗാമികളിൽ അഗ്രഗണ്യനായിരുന്ന അദ്ദേഹത്തെപ്പോലും വർഗ്ഗവിവേചനം ബാധിച്ചതോൎക്കുമ്പോൾ ഹിന്ദുമതത്തിൻെറ തീരാകളങ്കമായിരുന്ന ജാതിവ്യവസ്ഥയെ എത്ര അപലപിച്ചാലാണു മതിയാവുക!

"മുങ്ങുന്നുപോൽ ഗുണഗണങ്ങളിലൊററ ദോഷം
അങ്കം ശശാങ്ക കിരണങ്ങളെയെന്നപോലെ"

(— കുമാരസംഭവം)

എന്നു കാളിദാസൻ പറഞ്ഞതുപോലെ സ്വദേശാഭിമാനിയുടെ ദേശ സേവനത്തിൻെറ പ്രഭാ പ്രസരത്തിൽ അദ്ദേഹത്തിൻെറ വർഗ്ഗവിവേചനം ആമഗ്നമാകുമെന്നു നമുക്കു് സമാധാനപ്പെടാം.

ഇനി പ്രകൃതത്തിലേക്കു തിരിച്ചുവരാം. ബാലാകലേശവാദം സംബന്ധിച്ചു വലിയ വാദപ്രതിവാദങ്ങൾ ഉണ്ടായി. ഒടുവിൽ മഹാകവി ഉള്ളൂരിൻെറ അവസാന തീർപ്പിൽ ആ വാദപ്രതിവാദം കെട്ടടങ്ങി. കറുപ്പൻ രാജദ്രോഹം പറഞ്ഞിട്ടില്ലെന്നു സ്ഥാപിച്ചുകൊണ്ടുള്ളതായിരുന്നു, ആ തീർപ്പു.

ദിവാൻ ഭരണത്തെ രൂക്ഷമായി വിമർശിച്ചതിനാൽ രാജദ്രോഹ കുററം ചുമത്തി നാടുകടത്തപ്പെട്ട പത്രാധിപരായിരുന്നുവല്ലോ 'സ്വദേശാഭിമാനി'. അതേ സ്വദേശാഭിമാനിയാണു, തീണ്ടലാചരിച്ച സവർണ്ണരിൽ ചിലരെ നാടു കടത്തണമെന്നും, മററു ചിലരെ തൂക്കിക്കൊല്ലണമെന്നും ന്യായാധിപനെക്കൊണ്ടു വിധിപ്പിച്ചു് കറുപ്പനിൽ രാജദ്രോഹ കുററം ചുമത്തിയതു് എന്ന വസ്തുത നമ്മെ ചിന്താകുലരാക്കുന്നു.

ബാലാകലേശത്തിൽ ആരെല്ലാം എന്തെല്ലാം ദോഷങ്ങരം ചൂണ്ടിക്കാണിച്ചാലും അതിനു മായാത്ത ചില മേന്മകളുണ്ട്. മലയാള ഭാഷയിൽ ആദ്യമായുണ്ടായ പ്രഹസ്ന നാടകമാണ് അതു്. ആ കാലഘട്ടത്തിൽ അത്രത്തോളം വിപ്ലവാത്മകമായ ഒരഭിപ്രായം പുറപ്പെടുവിക്കുവാൻ തക്ക ധർമ്മ ധൈര്യം ഉള്ള ഒരു അനുദ്യോഗസ്ഥനെങ്കിലും കേരളത്തിൽ ഉണ്ടായിരുന്നുവോ എന്നു സംശയമാണ്. ഉദ്യോഗസ്ഥന്മാരുടെ കാര്യം പറയുകയാണെങ്കിൽ ഭാരതഖണ്ഡം മുഴുവൻ നോക്കിയാലും അന്നു അപ്രകാരമുള്ള ഉത്പതിഷ്ണുത്വം പ്രദർശിപ്പിച്ച മറെറാരു സാഹിത്യകാരനെ കാണാൻ സാധിക്കുമായിരുന്നുവെന്നു തോന്നുന്നില്ല. അഹോ! കെ. പി. കറുപ്പനെന്ന ആ മനുഷ്യസ്നേഹിയുടെ അഭൂതപൂർവ്വവും അശ്രുതപൂർവ്വവും അചഞ്ചലവുമായ ധർമ്മ ധീരത!!

## ജാതിക്കുമ്മി

പലതുകൊണ്ടും വളരെ പ്രാധാന്യമർഹിക്കുന്ന ഒരു കാവ്യമാണ് കറുപ്പന്റെ 'ജാതിക്കുമ്മി'. ശങ്കരാചാര്യരുടെ മനീഷാ പഞ്ചകത്തോട്ട് ഒരു പ്രകാരത്തിൽ അല്ലെങ്കിൽ മറെറാരു പ്രകാരത്തിൽ ബന്ധപ്പെട്ട നാലു കവിതകരം മലയാളത്തിൽ ഉണ്ടായിട്ടുണ്ട്. ഒന്നാമത്തേതു 1081 ൽ വിവേകോദയം മാസികയിലൂടെ പുറത്തുവന്ന (കുമാരനാശാന്റെ) ഭാഷാമനീഷാ പഞ്ചകവും, രണ്ടാമത്തേതു 1088 ൽ സൂര്യപ്രകാശം കണ്ട (കറുപ്പന്റെ) ജാതിക്കുമ്മിയും, മൂന്നാമത്തേതു 1098 ൽ പ്രസിദ്ധീകൃതമായ (കുമാരനാശന്റെ) ദുരവസ്ഥയും, നാലാമത്തേതു 1108 ൽ പ്രസിദ്ധീകരിക്കപ്പെട്ട (ഉള്ളൂരിന്റെ) 'മാറു'ം ആണ്. ഇവയ്ക്കു തമ്മിൽ ചില വ്യത്യാസങ്ങരം ഇല്ലാതില്ല. എങ്കിലും കാതലായ അംശത്തിൽ ഇവ സമാനങ്ങരം തന്നെ. പ്രപഞ്ചത്തിൽ കാണുന്ന സകല ചരാചരങ്ങളും ബ്രഹ്മത്തിന്റെ—ഈശ്വരന്റെ—അംശങ്ങളാ

ണെന്നും, അതിനാൽ മനുഷ്യർ തമ്മിൽ യാതൊരു വ്യത്യാസവും ഇല്ലെന്നും, എല്ലാപേരും പരസ്പര സ്നേഹത്തോടെ ഏകീഭവിച്ചു ജീവിക്കണമെന്നുമുള്ള സന്ദേശമാണ് ഇവയിലെല്ലാം അടങ്ങിയിരിക്കുന്നതു്.

മനീഷാ പഞ്ചകത്തിൻെറ ഉത്ഭവത്തെപ്പററിയുള്ള കഥ പറയാം. ഒരു പുലർവേളയിൽ ശങ്കരാചാര്യർ ഗംഗാനദിയിൽ കുളികഴിഞ്ഞു ക്ഷേത്രത്തിലേക്ക് പോകുകയായിരുന്നു കാശി വിശ്വനാഥക്ഷേത്രത്തിൻെറ പരിസരമായിരുന്നു സ്ഥലം. വഴിക്കു വച്ചു അദ്ദേഹം ഒരു പറയനെ കാണാൻ ഇടയായി. വേഷം മാറി വന്ന ശ്രീപരമേശ്വരൻ ആയിരുന്നു ആ പറയൻ. അവനെ കണ്ടയുടനെ ആചാര്യർ മാറിപ്പോകാൻ പറഞ്ഞു. അവൻ ഇപ്രകാരം ചോദിച്ചു:—"എൻെറ ഈ ദേഹം അങ്ങയുടെ ദേഹത്തിൽ നിന്നും അകന്നുപോകണമെന്നോ, എൻെറ ആത്മാവ് അങ്ങയുടെ ആത്മാവിൽനിന്നും അകന്നു പോകണമെന്നോ, എന്താണ് അങ്ങ് ഉദ്ദേശിക്കുന്നതു്? ദേഹം ദേഹത്തുനിന്നു മാറണമെന്നാണെങ്കിൽ ഒരു കാര്യം ഓർമ്മിക്കണം. അങ്ങയുടെ ദേഹം പഞ്ചഭൂത നിർമ്മിതമാണ്. എൻെറ ദേഹവും അങ്ങനെ തന്നെ ആ സ്ഥിതിക്ക്, മാറിപ്പോകാൻ പറയുന്നതിൽ അർത്ഥമുണ്ടോ? അങ്ങയുടെ ആത്മാവും എൻെറ ആത്മാവും മാത്രമല്ല, സകല ആത്മാക്കളും ഒന്നാണ്. അപ്പോൾ ആത്മാവ് ആത്മാവിൽ നിന്നും അകലുന്നതെങ്ങനെ?' ഇതു കേട്ടപ്പോഴാണ് ശങ്കരാചാര്യർക്ക് ബോധം (മനീഷ) ഉദിച്ചതു്. ആ ബോധത്തെ ആസ്പദമാക്കി ആചാര്യർ നിർമ്മിച്ച അഞ്ചു ശ്ലോകങ്ങളാണ് 'മനീഷാ പഞ്ചകം' എന്ന പേരിൽ അറിയപ്പെടുന്നതു്.

ഇതു് ഒരു കെട്ടുകഥയാണെന്നായിരുന്നു ശ്രീനാരായണ പരമഹംസൻെറ അഭിപ്രായം. ഇതിനെപ്പററി സഹോദരൻ അയ്യപ്പൻ ഇപ്രകാരം പ്രസ്താവി

ച്ചിരിക്കുന്നു.—"മനീഷാപഞ്ചകം ശങ്കരാചാര്യരുടെ കൃതി ആയിരിക്കുകയില്ലെന്നും അതു അദ്ദേഹത്തെ ആക്ഷേപിക്കാൻ ബുദ്ധമതക്കാരോ മററൊ ആയ ആരെങ്കിലും എഴുതിയതായിരിക്കാമെന്നും സ്വാമി (ശ്രീ നാരായണഗുരു) ഒരിക്കൽ പറഞ്ഞിട്ടുണ്ടു്. അദ്വൈത മതം സ്ഥാപിച്ചു സർവജ്ഞപീഠം കയറിയ ആചാര്യക്കു ശരിയായ അദ്വൈത ബോധം കാശിയിൽ വച്ചു ഒരു ചണ്ഡാലന്റെ ചോദ്യത്തിൽ നിന്നും സിദ്ധിച്ചു എന്നു് ആചാര്യർ തന്നെ സമ്മതിക്കുന്നതായി വിവരിക്കുന്നതാണല്ലോ മനീഷാപഞ്ചകം" (നാരായണ ഗുരു—പി. കെ. ബാലകൃഷ്ണൻ.)

കഥ വാസ്തവമായാലും അല്ലെങ്കിലും മനീഷാ പഞ്ചകം ഉപനിഷത്സാരസർവസ്വമായ, ഉദാത്തമായ ഒരു കവിതയാണു്. എല്ലാക്കാലത്തും അതിനു പ്രസക്തി ഉണ്ടായിരിക്കും.

മനീഷാ പഞ്ചകത്തെ ഉപജീവിച്ചു കൊണ്ടാണു് കറുപ്പൻ ജാതിക്കുമ്മി എഴുതിയിട്ടുള്ളതെങ്കിലും അതിൽ വേറെയും അനേകം കാര്യങ്ങൾ ഉൾക്കൊള്ളിച്ചിട്ടുണ്ടു്. ശങ്കരാചാര്യരും പറയനും തമ്മിലുള്ള സംവാദത്തിൽ ആരംഭിക്കുന്ന അക്കവിതയിൽ ജാതിഭേദത്തിന്റെ അത്ഥശൂന്യതയേയും, ജാതിനിമിത്തം ഹിന്ദുസമുദായത്തിനും ഇന്ത്യാഭൂഖണ്ഡത്തിനും ഉളവായ ദോഷങ്ങളേയും പററി പ്രതിപാദിക്കുന്നുണ്ടു്. അനാചാരങ്ങൾ നിറുത്തൽ ചെയ്യാൻ നിയമം ഉണ്ടാകണമെന്നും, ജാതിചിന്ത വെടിഞ്ഞു്, ജനങ്ങൾ ഒന്നായിത്തീരണമെന്നും കറുപ്പൻ നിർദ്ദേശിക്കുന്നു. കുമാരനാശാന്റെ 'ദുരവസ്ഥ'യിൽ സാവിത്രീചാത്തന്മാരുടെ കഥയാണു് ആഖ്യാനം ചെയ്തിരിക്കുന്നതെങ്കിലും ആ കാവ്യത്തിന്റെ ഉദ്ദേശ്യവും ഹിന്ദു സമുദായത്തിന്റെ ഏകീകരണം തന്നെയാണു്. ജാതിക്കുമ്മിയിൽ ഉള്ള ചില ആശയങ്ങൾക്കും ദുരവസ്ഥയിൽ ഉള്ള ചില ആശയങ്ങൾക്കും തമ്മിൽ സാദൃശ്യവും കാണു

ന്നുണ്ട്. അങ്ങനെ നോക്കുമ്പോൾ ജാതിക്കുമ്മി ദുരവസ്ഥയുടെ മുന്നോടിയാണെന്നോ, കറുപ്പനാശാൻ കുമാരനാശാനു പ്രചോദനമോ മാർഗ്ഗദർശനമോ നൽകിയെന്നോ ഊഹിക്കുന്നതിൽ തെററില്ല.

ജാതിക്കുമ്മിയുടെ വൈശിഷ്ട്യത്തെപ്പററി കെ. പി. കറുപ്പന്റെ ജീവചരിത്രകർത്താവും നിഷ്പക്ഷനിരൂപകാഗ്രേസരനുമായ ശ്രീ. ടി. എം. ചുമ്മാർ പ്രസ്താവിച്ചിട്ടുള്ളതു് ശ്രദ്ധിക്കുക:—

"......അക്ഷരജ്ഞാനം ഇല്ലാത്ത സമുദായ വിഭാഗങ്ങളുടെ ഇടയിൽ പ്രചരിപ്പിക്കാനാണ് കവി പ്രസ്തുത കാവ്യം എഴുതിയതു്. അവക്ക് ഉത്തേജനം അരുളുന്ന ആശയങ്ങളോടൊപ്പം അവരെ അതിവേഗത്തിൽ ആകർഷിക്കാൻ പോരുന്ന ഒരു നാടോടി വൃത്തവും—അമ്മാനക്കുമ്മി എന്നാണ് അതിനു പറഞ്ഞുവരുന്നതു്—അദ്ദേഹം സ്വീകരിച്ചു. തന്നെയുമല്ല, നിരക്ഷര കക്ഷികളായ തന്റെ ആസ്വാദകർക്കു് സുഗ്രഹമായിത്തീരാവുന്ന ഒരു ശൈലിയിൽ ആശയം ആവിഷ്കരിക്കുകയും ചെയ്തു. മറെറാരു വിധത്തിൽ പറഞ്ഞാൽ സർവഥാ ഭാവത്തിലും രൂപത്തിലും നൂതനത്വം തുളുമ്പുന്ന ഒരു അചുംബിത സാഹിത്യരൂപമാണ് ജാതിക്കുമ്മി വഴി കറുപ്പൻ കേരളസാഹിത്യത്തിൽ ഉദ്ഘാടനം ചെയ്തതു്......"

(കാവ്യപേടകം—അവതാരിക)

ആധുനിക കാലത്തു് ജാതിവ്യവസ്ഥയെ എതിർത്തുകൊണ്ടു് എഴുതപ്പെട്ട ആദ്യത്തെ പദ്യകാവ്യം ജാതിക്കുമ്മിയാണ്. ഈ യുഗത്തിലെ ആദ്യത്തെ ജനകീയകാവ്യവും അതു തന്നെ. എന്നാൽ സാഹിത്യ ചരിത്രകാരന്മാരും സാഹിത്യ വിമർശകന്മാരും ഇക്കാര്യം പറഞ്ഞിട്ടില്ല. അതിനുള്ള കാരണങ്ങൾ പലതാണ്.

കറുപ്പന്റെ പ്രതിഭയിൽ വിളഞ്ഞ ചില ആശയങ്ങൾ ജാതിക്കുമ്മിയിൽ ഉണ്ടു്. അവ സാർവ

ലൌകികവും സാർവകാലികവും തന്നെ. രണ്ടു് ഉദാഹരണങ്ങൾ കാണിക്കാം:-

1) ഇക്കാണും ലോകങ്ങളീശ്വരൻെറ
മക്കളാണെല്ലാമൊരു ജാതി
നീക്കിനിറുത്താമോ സമസൃഷ്ടിയെ? ദൈവം
നോക്കിയിരിപ്പീല്ലേ, യോഗപ്പെണ്ണേ?-
തീണ്ടൽ
ധിക്കാരമല്ലയോ, ജ്ഞാനപ്പെണ്ണേ?

2) വെള്ളവിചാരപ്പടങ്ങളിട്ട
ഉള്ളകമൊക്കെ വിതാനിച്ചെങ്കിൽ
വള്ളവനായാലും വെള്ളാളനായാലും
കൊള്ളാമെനിക്കവൻ യോഗപ്പെണ്ണേ-ശുദ്ധ
ഉള്ളാടനാകട്ടെ ജ്ഞാനപ്പെണ്ണേ!

അതി വിശിഷ്ടങ്ങളായ ആശയങ്ങളെ അത്യന്ത ലളിതമായ ശൈലിയിൽ ആവിഷ്കരിക്കാൻ കറുപ്പനുണ്ടായിരുന്ന അനിതര സാധാരണമായ പ്രാഗല്ഭ്യത്തിന് ദൃഷ്ടാന്തങ്ങളാണു് മേൽ ഉദ്ധരിച്ച വരികൾ. വള്ളം ഊന്നുന്നവരുടേയും,മീൻപിടിക്കുന്നവരുടേയും, നിലം ഉഴുന്നവരുടേയും, ചുമട്ട ചുമക്കുന്നവരുടേയും നാവുകളിൽ ജാതിക്കുമ്മി നടമാടിയതിൻെറ രഹസ്യം എന്താണെന്നു് ഈ കവിതാശകലങ്ങൾ വെളിപ്പെടുത്തുന്നുണ്ടു്,

മനീഷാ പഞ്ചകത്തിൽ ഉള്ള ആശയങ്ങളെ കറുപ്പൻ വിദഗ്ദ്ധമായി വിപുലനം ചെയ്താണു് ജാതിക്കുമ്മിയിൽ പ്രദർശിപ്പിച്ചിരിക്കുന്നതു്. ചില ഉദാഹരണങ്ങൾ കാണിക്കാം:-

"വ്യത്യാസം ഗംഗയാട്ടേ, പറയനുടെ പഴം
ചോലയാട്ടേ വരുന്നോ-
മിത്രച്ഛായയ്ക്കു? മൺ പൊൻകുടമിവയിലെഴും
വിണ്ണിനുണ്ടോ വികല്പം?

പ്രത്യക്കാം നിസ്തരംഗോദയ നിഭൃതനിജാനന്ദ
ബോധാർണ്ണവത്തിൽ
പ്രത്യേകം വിപ്രനാ, രാരിഹ പറയനഹോ!
യെന്തുവൻഭ്രാന്തിയെല്ലാം
—മനീഷാപഞ്ചകം—ആശാൻെറ വിവത്തനം)

ആകാശ വാടാവിളക്ക സൂര്യൻ
പാകാരി ലോകനദീ ജലത്തിൽ
ഹാ! കാശി ഗംഗയിൽ അല്പസരസ്സിലും
സ്വാകാരം കാട്ടുന്നു യോഗപ്പെണ്ണേ—ഭേദ
മേകാതിരിക്കുന്നു ജ്ഞാനപ്പെണ്ണേ!

ഭൂസുരപ്പൊയ്കയിൽ ചണ്ഡാലൻെറ
കാസാരത്തിങ്കലുമൊന്നു പോലെ
വാസരനായക ബിംബമനുവേലം
ഭാസുരമാകുന്നു യോഗപ്പെണ്ണേ-ഭേദ
വാസനയില്ലതിൽ ജ്ഞാനപ്പെണ്ണേ!

പൊൻകുടത്തണ്ണീയിലപ്രകാരം
മൺകുട വാരിയുദരത്തിലും
പങ്കജബാന്ധവ ബിംബമുദിക്കുന്നു
തിങ്കളും കാണുന്നു യോഗപ്പെണ്ണേ-ഭേദ-
മങ്കുരിക്കുന്നില്ല ജ്ഞാനപ്പെണ്ണേ!
(ജാതിക്കുമ്മി)

ജാഗ്രന്നിദ്രാസുഷുപ്തി ത്രയമതിലൊരുപോൽ
ജാഗരിക്കും വിളക്കായ്
വാഴ്കുന്നല്ലോ വിധാതാവുടെ യുടലിലുറുമ്പുള്ളി
ലും വിശ്വസാക്ഷി;
ആക്കുണ്ഡബോധമേ ഞാൻ സുദൃഢമപരമല്ലെ
ന്നധീ വിപ്രനാവാ
മോർക്കിൽ ചണ്ഡാലനാവാ മവനിഹ ഗുരുവാ
മമ്മതം സമ്മതം മേ
(മനീഷാ പഞ്ചകം ആശാൻെറ വിവത്തനം)

പരമേഷ്ഠി തൊട്ട പിപീലികാന്തം
പരബുദ്ധിയെന്ന്യെ കരുതുന്നവൻ
ഒരു വിപ്രനായാലും ചണ്ഡാലനായാലും
ഗുരുവാണെനിക്കവൻ യോഗപ്പെണ്ണേ– ലോക
ഗുരുവായതുമവൻ ജ്ഞാനപ്പെണ്ണേ!
ദേഹാദി വസ്തുക്കൾ ഞാനല്ല
ഹാ ഹാ! ഞാനാത്മാവാണെന്നോപ്പവൻ
ഒരു വിപ്രനായാലും ചണ്ഡാലനായാലും
ഗുരുവാണെനിക്കവൻ യോഗപ്പെണ്ണേ–
ലോക
ഗുരുവായതുമവൻ ജ്ഞാനപ്പെണ്ണേ!
(ജാതിക്കുമ്മി)

മനീഷാപഞ്ചകത്തിൽ ഇല്ലാത്ത ആശയങ്ങൾ ജാതിക്കുമ്മിയിൽ ഉണ്ട്. അവ ഉള്ളിൽ തട്ടുന്നവയും, തീണ്ടൽ, തൊടിയൽ എന്നീ ദുരാചാരങ്ങളുടെ അർത്ഥ ശൂന്യതയെ വെളിപ്പെടുത്തുന്നവയുമാണ്. ചില ഉദാഹരണങ്ങൾ കാണിക്കാം.

“കാഷ്ഠം ഭുജിച്ചു നടന്നിടുന്ന
പട്ടികൾ ചാരേ നടന്നുകൊള്ളാം
കഷ്ടം! മനുഷ്യർക്കുപാടില്ല എന്നുള്ള
ചട്ടം നിറുത്തണ്ടേ യോഗപ്പെണ്ണേ–നിങ്ങൾ
ശിഷ്ടന്മാരല്ലയോ ജ്ഞാനപ്പെണ്ണേ!
മാടിനെക്കണ്ടാലരികിലേയ്ക്കു്
മാടിവിളിച്ചു നമസ്കരിക്കും
ഓടിക്കും മനുജാതിനികരത്തെ പാർശ്വത്തിൽ-
കൂടിപ്പോയാലപ്പോൾ യോഗപ്പെണ്ണേ- ഏതൊ
രേടിൽ കണ്ടീച്ചട്ടം ജ്ഞാനപ്പെണ്ണേ!
നാൽക്കാലികളിലും താഴെയെന്നോ
ഇക്കാണും മാനുഷ സോദരന്മാർ!
ഇക്കാലത്തിരുപതാം ന്യൂറ്റാണ്ടിലുമിതു
നീക്കാറായില്ലല്ലോ യോഗപ്പെണ്ണേ-
എന്തൊ-
രാരുക്കാരാണു നിങ്ങൾജ്ഞാനപ്പെണ്ണേ!”

ഇനി ജാതിക്കുമ്മിയിലും ദുരവസ്ഥയിലും ഉള്ള സമാനാശയങ്ങൾ പ്രദർശിപ്പിക്കാം:-

അന്ത്യജനായ പറയൻ പോലും
വെന്തീഞ്ഞയിട്ടു വരുന്ന നേരം
എന്തേ വിലക്കാത്തു വെന്തീഞ്ഞമാഹാത്മ്യം
ചിന്തിച്ചിട്ടാകയോ യോഗപ്പെണ്ണേ- എന്തൊ-
രന്ധ വിശ്വാസങ്ങൾ ജ്ഞാനപ്പെണ്ണേ!

(ജാതിക്കുമ്മി)

എത്രയോദൂരം വഴിതെററി നിൽക്കേണ്ടോ-
രേഴച്ചെറുമൻ പോയ് തൊപ്പിയിട്ടാൽ
മിത്രമവനെത്തിച്ചാരത്തിരുന്നിടാം
ചെററും പേടിക്കേണ്ട നമ്പൂരാരെ

(ദുരവസ്ഥ)

തീണ്ടിക്കളിയിനി വേണ്ടയെന്നും
തീണ്ടാട്ടരുതിനി മേലിലെന്നും
ഉണ്ടാക്കണം ചട്ടമന്നേര മാശ്വാസ-
മുണ്ടാകു മുണ്ടാകും യോഗപ്പെണ്ണേ-മതം
കൊണ്ടാടി വർദ്ധിക്കും ജ്ഞാനപ്പെണ്ണേ!

(ജാതിക്കുമ്മി)

മാററുവിൻ ചട്ടങ്ങളെ സ്വയം അല്ലായ്കിൽ
മാററുമതുകളീ നിങ്ങളെത്താൻ

(ദുരവസ്ഥ)

അല്പം അപ്രസക്തമെന്നു തോന്നാമെങ്കിലും അനുചിതമല്ലാത്ത ഒരു സംഗതി ഇത്തരുണത്തിൽ പ്രസ്താവിക്കേണ്ടിയിരിക്കുന്നു. അതു കുമാരനാശാൻെറയും കറുപ്പനാശാൻെറയും ചില ചിന്തകൾക്കുണ്ടായിരുന്ന സാദൃശ്യമാണ്. രൂക്ഷമായ ജാതി വിദ്വേഷം നിലനില്ക്കെ ഇന്ത്യയ്ക്കു സ്വാതന്ത്ര്യം ലഭിക്കുന്നതു് അപകടമായിരിക്കുമെന്നു് അവർ രണ്ടു പേരും ഊഹിക്കുകയുണ്ടായി. ഡോക്ടർ അംബേദ്കറുടെ അഭിപ്രായവും അതായിരുന്നുവല്ലോ. ഇന്ത്യാചരിത്രവും ഹിന്ദു സമുദായത്തിൻെറ അഭ്യുദയ പതനങ്ങളും നല്ലതുപോലെ

മനസ്സിലാക്കിയിരുന്നവരാണ് ആ മൂന്നു പ്രതിഭാശാലികളും. അവരുടെ അഭിപ്രായങ്ങളെ ദുർവ്യാഖ്യാനം ചെയ്ത ചില സവർണ്ണ നേതാക്കന്മാർ ആശാനേയും അംബേദ്കറേയും സ്വാതന്ത്ര്യ വിരുദ്ധന്മാരായി ചിത്രീകരിക്കുകകൂടി ചെയ്തു. ആശാൻ പ്രഭൃതികളുടെ ആശങ്ക അസ്ഥാനത്തിലായിരുന്നില്ല എന്നുള്ളത് കഴിഞ്ഞ മുപ്പതു കൊല്ലത്തെ അനുഭവത്തിൽ നിന്നും നാം മനസ്സിലാക്കി വരികയാണ്. ഇന്ത്യയ്ക്കു് സ്വാതന്ത്ര്യം കിട്ടിയെങ്കിലും അതു സവർണ്ണനു മാത്രം കിട്ടിയ സ്വാതന്ത്ര്യം ആണെന്നു പല നിഷ്പക്ഷ നിരീക്ഷകരും പറഞ്ഞു തുടങ്ങിയിട്ടുണ്ടല്ലോ. ഇങ്ങനെ സംഭവിക്കുമെന്നു മുൻകൂട്ടി കണ്ടവരാണ് ആശാനും കറുപ്പനും അംബേദ്കറും. ഇന്നു ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ നടക്കുന്ന നിർദ്ദയമായ ഹരിജന മർദ്ദനങ്ങളും സംവരണ വിരുദ്ധ പ്രവർത്തനങ്ങളും പഴയ സവർണ്ണാധിപത്യം പുനഃസ്ഥാപിക്കുന്നതിനുവേണ്ടിയുള്ള ഉദ്യമത്തിന്റെ പ്രാരംഭമാണെന്നു പറയപ്പെടുന്നതു് തള്ളിക്കളയാവുന്നതല്ല.

മുറിവേൽപ്പിക്കിലും ധൂർത്തർ
പത്രം ചുട്ടു കരിക്കിലും
മുഷ്ക്കിന്നു കീഴടങ്ങാതെ
മരിപ്പോള മെതിർക്കുവിൻ (മണിമാല)

എന്നു് ആശാൻ ഉദ്ബോധിപ്പിച്ചതു് ഓർമ്മയിൽ വരുന്നു. ജാതിക്കുമ്മിയിൽ ഒരിടത്തു്:-

പട്ടാണിമാർക്കും പറങ്കികൾക്കും
കിട്ടാതെ ഈ രാജ്യ മേൽക്കോയ്മകൾ
ബ്രിട്ടീഷിനാക്കിക്കൊടുത്ത ദൈവം കൃപാ-
വൃഷ്ടിപ്രദൻ തന്നെ യോഗപ്പെണ്ണേ-ഇപ്പോൾ
തുഷ്ടന്മാരായി നാം ജ്ഞാനപ്പെണ്ണേ!

എന്നു പറഞ്ഞിരിക്കുന്നു. ലോകചരിത്രം അവധാനപൂർവ്വം പഠിച്ച പരിണതപ്രജ്ഞനായ ഒരു പണ്ഡിതശ്രേഷ്ഠനെയാണ് നാം ഈ വരികളിൽ കാണുന്നതു്.

ബ്രിട്ടീഷുകാർ ഇവിടെ വന്നതു് വാണിജ്യബുദ്ധിയോടുകൂടിയാണു്. നിരവധി കുനയങ്ങളും കുതന്ത്രങ്ങളും പ്രയോഗിച്ചു അവർ ഇന്ത്യയെ കീഴടക്കി. ഇന്ത്യയുടെ വ്യവസായപരമായും മററുമുള്ള അഭിവൃദ്ധിയെ മനഃപൂർവ്വം തടഞ്ഞുകൊണ്ടു് ഇന്ത്യയെ ഇംഗ്ലണ്ടിലെ വിഭവങ്ങരം വിററഴിക്കാനുള്ള കമ്പോളമാക്കി. അതൊക്കെ സത്യം തന്നെ. എന്നിരുന്നാലും അനേകകോടി അവർണ്ണഹിന്ദുക്കരംക്കു് അന്നുവരെ നിഷേധിക്കപ്പെട്ടിരുന്ന മനുഷ്യാവകാശങ്ങളിൽ ചിലതെങ്കിലും അനുവദിക്കപ്പെട്ടതു് ബ്രിട്ടീഷുകാരുടെ ഭരണം ഒന്നുകൊണ്ടുമാത്രമല്ലേ? ജഗത്ഗുരുവായ ശ്രീ നാരായണൻപോലും പറയുകയുണ്ടായി "നമുക്കു് സന്ന്യാസം അനുവദിച്ചതു് ബ്രിട്ടീഷ്കാർ ആണല്ലോ" എന്നു. ശ്രീരാമൻ ഭരിച്ച കാലത്തു് ശൂദ്രനു് തപസ്സ്ചെയ്യാൻ അനുവാദം ഉണ്ടായിരുന്നില്ലല്ലോ. അതിനെയാണു്ഗുരുദേവൻ സൂചിപ്പിച്ചതു്. അവർണ്ണസ്ത്രീകരംക്കു മാറു മറയ്ക്കാനുള്ള അവകാശം ലഭിക്കുന്നതിനുപോലും ബ്രിട്ടീഷുകാരുടെ സഹായം വേണ്ടിവന്നുവെന്നുള്ളതോക്കുമ്പോഴാണു് ഹിന്ദു സമുദായത്തിൽ നിലനിന്നു വന്നിരുന്ന അനീതികളെ ഓത്തു ലജ്ജിക്കേണ്ടി വരുന്നതു്.

ജാതിക്കുമ്മിയുടെ അന്തിമഭാഗം പ്രവചനാത്മകമായിരുന്നു. തിരുവിതാംകൂർ മഹാരാജാവാണല്ലോ ക്ഷേത്രപ്രവേശന വിളംബരം പുറപ്പെടുവിച്ചതു്. അങ്ങനെ ഒരു സംഭവമുണ്ടാകുമെന്നു് എത്രയോ സംവത്സരങ്ങരംക്കു് മുമ്പു് കറുപ്പൻ ദീർഘദർശനം ചെയ്തിരുന്നു.

"വഞ്ചി വസുധാ വലാന്തകൻെറ
കിഞ്ചന കാരുണ്യമുണ്ടാകുമ്പോരം
പഞ്ചതപം ചേരുമിത്തീണ്ടിക്കളിച്ചിട്ടും
നെഞ്ചകം ശുദ്ധമാം യോഗപ്പെണ്ണേ- ലോക
വഞ്ചനയല്ലിതു ജ്ഞാനപ്പെണ്ണേ!

ഈ ഭാഗം വായിക്കുമ്പോൾ

"വലിയ മഹർഷികൾ ചൊന്നാൽ
ഫലമാവാക്കിൻെറ പിമ്പിലോടിവരും
(ഉത്തരരാമചരിതം)

എന്ന കവിവാക്യം സ്മൃതിപഥത്തിൽ എത്തുന്നില്ലേ?

## ഉദ്യാനവിരുന്ന്

കറുപ്പൻ മാസ്റ്ററുടെ കവിതകളിൽ വച്ചു സഹൃദയർക്ക് ഏററവും ഹൃദ്യമായി അനുഭവപ്പെട്ടിട്ടുള്ളതു് 'ഉദ്യാന വിരുന്നു്' ആണ്. മദിരാശി ഗവർണർ ആയിരുന്ന ഘോഷൻ പ്രഭു 1101ൽ കൊച്ചി സന്ദർശിച്ചപ്പോൾ കറുപ്പൻ രചിച്ചതാണ് അക്കവിത. അന്നു കറുപ്പൻ കൊച്ചി നിയമസഭയിലെ ഒരു സാമാജികനായിരുന്നു. ഘോഷൻ പ്രഭുവിനു മഹാരാജാവ് ഒരു ഉദ്യാനവിരുന്നു നൽകുകയുണ്ടായി. നിയമസഭാസാമാജികന്മാരുൾപ്പെടെ പല പ്രമാണികളും അന്നത്തെ വിരുന്നിനു് ക്ഷണിക്കപ്പെട്ടിരുന്നു. എന്നാൽ കറുപ്പനു മാത്രം ക്ഷണം ലഭിച്ചില്ല. അരയനായിപ്പോയതുകൊണ്ടുമാത്രമാണ്, താൻ അവഗണിക്കപ്പെട്ടതെന്നു് പ്രതിഭാശാലിയായ ആ അഭിമാനധനൻ ഊഹിച്ചു. തെററായിരുന്നില്ല ആ ഊഹം. ഒട്ടും താമസിയാതെ അദ്ദേഹം "ഉദ്യാന വിരുന്നു്" എന്ന തലക്കെട്ടിൽ ഒരു കവിത എഴുതി മഹാരാജാവിനു് സമർപ്പിച്ചു. ജീവരക്തം കൊണ്ടെഴുതിയതായിരുന്നു അക്കവിത. അതു കണ്ടപ്പോൾ മഹാരാജാവിൻെറ കരൾ ഉരുകിപ്പോയി. പിന്നീടു് അതുപോലുള്ള ഒരൊററ അവസരത്തിലും കറുപ്പൻ ക്ഷണിക്കപ്പെടാതിരുന്നില്ല. അതിനു വേണ്ട വ്യവസ്ഥ മഹാരാജാവ് ചെയ്യുകയുണ്ടായി.

ഉദ്യാന വിരുന്നിൽ കറുപ്പൻെറ വംശാഭിമാനം തിളച്ചു മറിയുന്നതായും ആത്മാഭിമാനം കുതിച്ചു പൊങ്ങുന്നതായും കാണുന്നു. അതു സ്വാഭാവികവുമാണ്. ഉത്തരം മുട്ടിക്കുന്ന ചോദ്യ പരമ്പരകളാണ്

ആ നിവേദനത്തിൽ അടങ്ങിയിരിക്കുന്നതു്. "തമ്പുരാൻെറ വകയായി കല്പിച്ച ആ തേയിലസ്സൽക്കാരം ചെറുതന്നു ദൂഷിതമായി" എന്നു തുടക്കത്തിൽ തന്നെ ബോധിപ്പിക്കാൻ കറുപ്പനു യാതൊരു ഭയവും ഉണ്ടായില്ല. നിയമസഭാ സാമാജികൻ, രാജഭക്തൻ എന്നിങ്ങനെ തനിക്കുള്ള അർഹതകളെ ഒന്നൊന്നായി കറുപ്പൻ നിരത്തിവയ്ക്കുകയാണു്. തൻെറ യോഗ്യതകളെപ്പററി പറയുന്ന കൂട്ടത്തിൽ ഇങ്ങനെയും അദ്ദേഹം പ്രസ്താവിക്കുന്നു:-

"അചാരപ്പടി പാൎത്തു കാൺകിലടിയൻ
സദ്ധീവരൻ, നല്ലെഴ-
ന്നാചാന്താഗമ വാർദ്ധിമുത്തണികയാ-
ലമ്മട്ടിലും ധീവരൻ
ആചാര്യത്വവുമുണ്ടു; ചാരുധിഷണാ-
നിസ്തേജിതാമർത്ത്യലോ-
കാചാര്യോത്തമ പിന്നെയെന്തടിയനെ-
ക്കാപ്പിക്കു തോൽപിക്കുവാൻ

താൻ ഉൾപ്പെടുന്ന അരയ വംശത്തിൻെറ പാരമ്പര്യം എടുത്തു കാണിക്കാനും കവി മടിക്കുന്നില്ല.

"ഏതന്തപ്പ്യോട്ടമെന്നുയന്നിവിടെയാ-
കൃസ്ത്യാനിയോടന്തണൻ
ജൂതന്മാരിൽ വെളുത്തതോടസിതരും
മാഹമ്മദൻ തീയ്യനും
ആതങ്കം കലരാതവക്കുപരിയാ-
യെന്നല്ലതിൻ മുമ്പിലും,
സ്വാതന്ത്ര്യത്തൊടു കേരളത്തിലരയൻ
വർത്തിച്ചിരുന്നു പ്രഭോ!"
"വാളേന്താമവനബ്ധിഭോഗമിയലാം
കെല്ലോടമാലവ്രജം
മൂളിടും മണിമഞ്ചലേറിയണയാം,
നാൽക്കോൽ പെരുമ്പാതയിൽ
നാളേ! നിന്നിലവൻെറ മേന്മ ചലത്തും
മാഞ്ഞിട്ടു മിന്നാളിലും

കോളേന്തും കടൽ തൽപ്രഭാവമലറിഗ്-
ഘോഷിച്ചിട്ടുന്നില്ലയോ?''

ഈ കവന തല്ലജത്തിനു മകുടം വച്ചിരിക്കുന്നതു് അരയത്തിയുടെ മകനായ - അരയനായ—വേദവ്യാസ മഹർഷിയെ പരാമർശിച്ചുകൊണ്ടാണു്.

''മാലോകർക്കു മതി പ്രമോദമതുളം
ശ്രീമന്മഹാഭാരതം
ചേലോലും തദുപജ്ഞമായി വിലസും
ശാകുന്തളം നാടകം
ഈ ലോകോത്തര സൃഷ്ടി രണ്ടുമതുലം
ചേലൊത്ത വാലത്തി ത-
ന്നാലോലാമല നീല നീരജമിഴി-
ത്തുമ്പിൻെറ വമ്പല്ലയോ?''

എന്ന ശ്ലോകം ഒന്നു മാത്രം മതി കറുപ്പനു മഹാകവി സ്ഥാനം നൽകാൻ. ഈ ശ്ലോകം വായിച്ചിട്ടു മഹാരാജാവു് കവിക്കു് അക്ഷരലക്ഷമോ അല്ലെങ്കിൽ രണ്ടു കൈകാലുകളും വീര ശൃംഖലകളോ ആണു് സമ്മാനിക്കേണ്ടിയിരുന്നതു്.

കൊല്ലും കൊലയും നടത്താൻ അധികാരമുണ്ടായിരുന്ന മഹാരാജാവിൻെറ തിരുമുമ്പിലാണു്, അദ്ദേഹത്തിൻെറ ഒരു പ്രവൎത്തനത്തെ വിമർശിച്ചുകൊണ്ടു് അദ്ദേഹത്തിൻെറ ഒരു പ്രജയായിരുന്ന അതും അരയനായിരുന്ന-കവി യുക്തിയുക്തമായ ഈ ചോദ്യ പരമ്പര നിർഭയം സമർപ്പിച്ചതെന്നോക്കുമ്പോൾ ആർക്കുതന്നെ ആശ്ചര്യം ഉളവാകയില്ല! ''പട്ടുനൂലിൽ വജ്രസൂചി കുത്തിയിറക്കുന്നതു പോലെയാണു് കറുപ്പൻ കവിതകൊണ്ടു് അധികാരികളെ നേരിട്ടിരിക്കുന്നതു്'' എന്നു് സാഹിത്യകുശലൻ ടി. കെ. കൃഷ്ണ മേനോൻ ഒരവസരത്തിൽ അഭിപ്രായപ്പെട്ടതു് എത്ര ശരിയാണു്.

അനാചാരങ്ങളെപ്പററിയും അനീതികളെപ്പററിയും ഏതു സന്നിധിയിലും ശക്തിയായും യുക്തിയുക്തമായും ബോധിപ്പിക്കുകയായിരുന്നുവല്ലോ കറുപ്പൻെറ

പതിവ്. എന്നിട്ടും ആർക്കും അദ്ദേഹത്തോടു വെറുപ്പോ വിദ്വേഷമോ ഒരിക്കലും ഉളവായില്ല. എന്താണ് അതിന്റെ രഹസ്യം? ഇതു് എഴുതുന്ന ആളിന്റെ 'കായും കനിയും' എന്ന പഠനഗ്രന്ഥത്തിൽ നിന്നും ഒരു ഭാഗം ഉദ്ധരിച്ചു ആ രഹസ്യം വെളിപ്പെടുത്താം:

"......വിനയശീലം നിമിത്തം അദ്ദേഹത്തിനു അവർണ്ണ ഹിന്ദുക്കളെപ്പോലെതന്നെ സവർണ്ണ ഹിന്ദുക്കളേയും ആകർഷിക്കുവാൻ കഴിഞ്ഞുവെന്നുള്ളതു് എടുത്തു പറയേണ്ട ഒരു സംഗതിയാണ്. കറുപ്പൻ നേടിയ വിജയത്തിന്റെ രഹസ്യം ഈ വിനയശീലമാണെന്നു തോന്നുന്നു. അദ്ദേഹത്തെപ്പററി സവർണ്ണ നായകന്മാർ എഴുതിയിട്ടുള്ള സ്മരണകളിൽ ഈ വിനയശീലത്തെക്കുറിച്ചു പ്രത്യേകം പറഞ്ഞിട്ടുള്ളതായി ഓർക്കുന്നു അവർണ്ണ സമുദായാംഗമായ അദ്ദേഹത്തെ കൊച്ചിയിലെ ഒരു ഗവൺമെൻറു പെൺ പള്ളിക്കൂടത്തിൽ അദ്ധ്യാപകനായി നിയമിച്ചപ്പോൾ ഒരൊററ സവർണ്ണ ഹിന്ദുപോലും പ്രതിഷേധ സ്വരം ഉയർത്താതിരുന്നതിന്റെ രഹസ്യവും ഈ വിനയശീലം തന്നെയാണ്. സ്കൂൾ അദ്ധ്യാപകൻ, കാളേജ് അദ്ധ്യാപകൻ, നിയമസഭാ സാമാജികൻ, അവശ സമുദായ സംരക്ഷകൻ എന്നീ നിലകളിലെല്ലാം രാജ്യസേവനം അനുഷ്ഠിച്ച അവസരങ്ങളിൽ അദ്ദേഹം സകലരുടേയും കണ്ണിലുണ്ണിയായിരുന്നു. അപ്പോഴൊക്കെയും അദ്ദേഹത്തിനു് വിജയം സമ്പാദിച്ചുകൊടുത്തതു് പ്രതിഭയും, പാണ്ഡിത്യവും മാത്രമല്ല; വിനയ ശീലവും കൂടിയാണ്......"

കറുപ്പന്റെ കൃതികൾ കുറെ കാലമായി കാണാനില്ലായിരുന്നു. ഇപ്പോൾ അവ ഓരോന്നായി പുറത്തു വന്നു തുടങ്ങിയിരിക്കുന്നതു് സഹൃദയ ലോകത്തിനു് ആഹ്ലാദഹേതുകമായ ഒരു സംഭവമാണ്. എന്നാൽ ഇതുകൊണ്ടു് നാം തൃപ്തിപ്പെട്ടുകൂടാ. നാട്ടിന്റെ നാനാ ഭാഗങ്ങളിലും കറുപ്പൻ സ്മാരക സമിതികൾ രൂപം കൊള്ളേണ്ടിയിരിക്കുന്നു. അവയുടെ ആഭിമുഖ്യത്തിൽ

സാമൂഹികമായും സാംസ്കാരികമായും പലതും പ്രവ ർത്തിക്കാൻ പുതിയ തലമുറയ്ക്കു സാധിക്കും. സാമൂഹിക രംഗത്തും സാംസ്കാരിക മണ്ഡലത്തിലും തുല്യമായി വിഹരിച്ചതാണല്ലോ കറുപ്പൻെറ പ്രതിഭ.

കറുപ്പൻെറ കൃതികളെപ്പററിയുള്ള പഠനഗ്രന്ഥ ങ്ങളും ഉണ്ടാകേണ്ടിയിരിക്കുന്നു. അദ്ദേഹത്തിൻെറ തിരഞ്ഞെടുത്ത കൃതികൾ അന്യഭാഷകളിലേക്കു തർജ്ജമ ചെയ്യേണ്ടതായിട്ടുണ്ട്. ഇതിനെല്ലാം കൂടി അഖില കേരളാടിസ്ഥാനത്തിൽ ഒരു കറുപ്പൻ അക്കാദമി ഉണ്ടാകുന്നതു് ആശാസ്യമാണ്. കറുപ്പൻ പ്രേമികളുടെ ചിന്ത ആ വഴിക്കു തിരിയുമെന്നു് വിശ്വസിക്കുന്നു.

കഴിഞ്ഞു പോയവരും ജീവിച്ചിരിക്കുന്നവരു മായ സാഹിത്യകാരന്മാരുടെ കൃതികളെ ആസ്പദമാ ക്കി ഗവേഷണ പ്രബന്ധങ്ങൾ പ്രസിദ്ധപ്പെടുത്തുക എന്നതു നമ്മുടെ സർവകലാശാലകൾ അനുഷ്ഠിച്ചു വരുന്ന സത്കർമ്മങ്ങളിൽ ഒന്നാണ്. സർവകലാ ശാലകളിൽ ഗവേഷണത്തിനു മാർഗ്ഗ ദർശനം നൽ കുന്ന അദ്ധ്യാപകരുടെ ശ്രദ്ധ കറുപ്പൻ കൃതികളിലേ ക്കു തിരിയുന്നതു് ആശാസ്യമായിരിക്കും കറുപ്പൻെറ സാമൂഹിക പ്രവർത്തനങ്ങളെപ്പററി ഒരു ചരിത്ര ഗവേ ഷണ വിദ്യാർത്ഥിക്കും, സാഹിത്യ പ്രവർത്തനങ്ങളെ പ്പററി മറെറാരു സാഹിത്യ ഗവേഷണ വിദ്യാർത്ഥി ക്കും പ്രബന്ധം തയ്യാറാക്കാവുന്നതാണ്. അധികം താമസിയാതെ അത്തരം പ്രബന്ധങ്ങൾ എഴുതപ്പെട്ടു മെന്നു് നമുക്കു് പ്രത്യാശിക്കാം.

ഒരു നിർദ്ദേശം കൂടി സമർപ്പിക്കാൻ ഇതെഴുതുന്ന ആൾ ആഗ്രഹിക്കുന്നു. കറുപ്പൻ മാസ്റ്ററുടെ ഒരു ജീവ ചരിത്രം ശ്രീ. ടി. എം. ചുമ്മാർ രചിച്ചിട്ടുണ്ട്. അതു അത്യന്തം പ്രയോജന പ്രദമായ ഒരു ഗ്രന്ഥം തന്നെ. അതിനെ അവലംബിച്ചുകൊണ്ടു് ഒരു ബൃഹദ്ഗ്രന്ഥം നിർമ്മിക്കേണ്ടിയിരിക്കുന്നു. ആ ഗ്രന്ഥത്തിൽ കറുപ്പ ൻെറ ജീവചരിത്രം മാത്രം പോരാ. കേരളത്തിൻെറ

നാവിക ചരിത്രവും അരയരുടെ വംശചരിത്രവും അതിൽ ഉണ്ടായിരിക്കണം. അരയ സമുദായം മുന്നേറുന്നതിനു വേണ്ടി ചെയ്ത കഠോരയത്നങ്ങളുടെ കഥയും അതിൽ ഉൾപ്പെടുത്തണം. ശ്രീ. കുമ്പളം ചിറയിൽ വാസവപ്പണിക്കർ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള 'സരസ കവി മൂലൂർ' എന്ന ബൃഗദ്ഗ്രന്ഥമാണ്, ഈ പുതിയ നിർദ്ദേശം സമർപ്പിക്കാൻ എന്നെ പ്രേരിപ്പിക്കുന്നതു്. 'മററൊരു മഹാഭാരതം' എന്നും 'ഈഴവ സർവ്വ വിജ്ഞാനകോശം'എന്നും വിശേഷിക്കപ്പെട്ടിരിക്കുന്ന ആ ഗ്രന്ഥം ഈഴവ സമുദായ ചരിത്രമാകുന്ന പശ്ചാത്തലത്തിൽ വരച്ച മൂലൂരിൻെറ ജീവചരിത്രമാണ്. കറുപ്പൻെറ നേതൃത്വത്തിൽ അരയന്മാരും അയ്യങ്കാളിയുടെ നേതൃത്വത്തിൽ ചേരമൻമാരും സംഘടിച്ച മുന്നേറിയ കഥയും ആ ഗ്രന്ഥത്തിൽ വിവരിക്കപ്പെട്ടിട്ടുണ്ട്.

മഹാകവി കറുപ്പൻെറ കൃതികളിൽ ഏററവും വിശിഷ്ടങ്ങളാണല്ലോ ജാതിക്കുമ്മിയും, ഉദ്യാനവിരുന്നും. അവയെ ഒററപുസ്തകമായി പ്രസിദ്ധപ്പെടുത്തുന്നതു സംബന്ധിച്ചുള്ള സാഹിത്യ യജ്ഞത്തിൽ ഭാഗഭാക്കാകാൻ കഴിഞ്ഞതിൽ ഈയുള്ളവനു് സീമാതിരിക്തമായ ചാരിതാൎത്ഥ്യം ഉണ്ടു്.

അഹന്തയുടേയോ, സ്വാൎത്ഥചിന്തയുടേയോ കണികപോലും ഇല്ലാതെ അവർണ്ണരുടെ ഉന്നമനത്തിനു വേണ്ടി അചഞ്ചല ഹൃദയനായി കഠോരാധ്വാനം നടത്തിയ ഒരു മഹാ നേതാവായിരുന്നു കെ. പി. കറുപ്പൻ. വാഗ്ദേവതയുടെ അകമഴിഞ്ഞ അനുഗ്രഹത്തിനു പാത്രീഭവിച്ചിരുന്ന ഒരു മഹാകവിയുമായിരുന്നു അദ്ദേഹം. ആ സുകൃതചരിതനു പ്രണാമം അർപ്പിച്ചുകൊണ്ടു് ഈ സാരസ്വത രത്നം സഹൃദയരുടെ മുമ്പിൽ ആദരപുരസ്സരം അവതരിപ്പിച്ചുകൊള്ളുന്നു.

ഭാവന, വഴുതക്കാട്
തിരുവനന്തപുരം
24–10–1978

എം. പി. അപ്പൻ

## ഒരു ചെറിയ കുറിപ്പ്

പരേതനും പണ്ഡിത കവിവര്യനും ആയ ശ്രീമാൻ കെ. പി. കറുപ്പനുമായി എനിക്കൊരു കാൽ ശതാബ്ദത്തിൽ കുറയാത്ത പരിചയമുണ്ട്. ആ ദീർഘ കാലം, ഞങ്ങൾ, ഒരു കുടുംബത്തിലെ അംഗങ്ങൾ എന്ന പോലെ, പരസ്പരം സ്നേഹവിശ്വാസങ്ങളോടു കൂടി പെരുമാറിപ്പോന്നു. എന്റെ സ്നേഹിതന്റെ അഭ്യുദയത്തിനു വേണ്ടി ഫലത്തോടു കൂടിയ പല സഹായങ്ങളും ചെയ്‌വാൻ എനിക്കു ഭാഗ്യമുണ്ടായി ട്ടുണ്ട്. സമുദായ സേവനം സംബന്ധിച്ചുള്ള എന്റെ എല്ലാ പരിശ്രമങ്ങളിലും കറുപ്പൻ എന്റെ വലംകൈ യ്യായി നിന്നിരുന്നു. സാമുദായികങ്ങളും സാഹിത്യ സംബന്ധങ്ങളും ആയ പല കാര്യങ്ങളും എന്റെ ഉപ ദേശാനുസരണം പ്രവത്തിപ്പാൻ അദ്ദേഹം ഒരുക്കവു മായിരുന്നു പ്രസന്നവദനം, അകൃത്രിമമായ സ്വഭാവ ശുദ്ധി, ഭാഷാഭിമാനം, ആസ്തിക്യം, വിനയം, മുതലാ യവ ശ്രീമാൻ കറുപ്പന്റെ ജന്മസിദ്ധങ്ങളായ ഗുണങ്ങ ളെന്നു പറയാം. സമുദായത്തേയും ഭാഷയേയും സംബ ന്ധിച്ച് അതിരില്ലാത്ത അഭിമാനവും ആദരവും കറു പ്പനുണ്ടായിരുന്നു. സ്വവർഗ്ഗത്തിന്റേയും ഭാഷ യുടേയും ഉന്നതിക്കു വേണ്ടി തന്റെ ജീവിതകാല ത്തിന്റെ ഒരു മുഖ്യഭാഗം കറുപ്പൻ വ്യയം ചെയ്തി ട്ടുണ്ട്. വാല (ധീവര) സമുദായത്തിനു ഇന്നു ഉണ്ടായി ക്കാണുന്ന അഭിവൃദ്ധി അധികവും ശ്രീമാൻ കറുപ്പ ന്റെ ഉത്സാഹപൂർവ്വമായ പരിശ്രമത്തിന്റെ ഫല മെന്നു പറയുന്നതിൽ തെററില്ല.

ഗവമ്സ് ഹൈസ്കൂളിലും മഹാരാജാസ് കാളേ ജിലും ശ്രീമാൻ കറുപ്പൻ അദ്ധ്യാപകനായി ഇരുന്നി ട്ടുണ്ട്. അക്കാലത്ത് അദ്ദേഹം വിദ്യാത്ഥികളുടെ അ നന്യാദൃശമായ സ്നേഹബഹുമാനങ്ങളെ സമാർജ്ജിക്കു കയും ചെയ്തു.

മദിരാശി സൎവ്വകലാശാലയുടെ "ഓറിയൻററൽ ടൈററിൽസ്സ് എക്സാമിനേഷനു"ള്ള പരീക്ഷകന്മാരുടെ ബോർഡിൽ ഒരിക്കൽ കറുപ്പൻ അദ്ധ്യക്ഷനായിരുന്നു.

ശ്രീമാൻ കറുപ്പൻ ദേവിയാൽ അനുഗ്രഹിക്കപ്പെട്ട ഒരു കവിയായിരുന്നു. ആ നിലയിൽ അദ്ദേഹം സാഹിത്യ ലോകത്തിൽ സമ്പാദിച്ചിട്ടുള്ള സ്ഥാനം അത്യന്തം മാന്യമായ ഒന്നാകുന്നു സ്വതന്ത്രകൃതികൾ നിൎമ്മിക്കുന്നതിനും, പ്രശസ്തങ്ങളായ പ്രബന്ധങ്ങളെ ഭാഷാന്തരം ചെയ്യുന്നതിനും കറുപ്പനു നല്ല നൈപുണ്യവും വാസനയും ഉണ്ടായിരുന്നു. ഭാവ മധുരങ്ങളായ ആശ്ചൎയ്യകല്പനങ്ങളും സന്ദർഭോചിതങ്ങളായ ശബ്ദഭംഗികളും ക്ലേശ ലേശമില്ലാതെ കറുപ്പനു ലഭിച്ചിരുന്നു. ഭാഷാഭൈമീപരിണയം, ബാലാകലേശം, ഉദ്യാനവിരുന്ന്, ചോററാനിക്കര ഭഗവതിയേക്കുറിച്ചുള്ള ലളിതോപഹാരം എന്നിങ്ങനെയുള്ള കാവ്യങ്ങൾ പ്രശസ്തങ്ങളാകുന്നു അദ്ദേഹത്തിൻെറ കൃതികളെ എല്ലാം കാലതാമസം കൂടാതെ തേടിപ്പിടിച്ച് അച്ചിൽ പെടുത്തേണ്ടതാകുന്നു.

കുറെ മാസങ്ങൾക്ക് മുമ്പ്, പ്രസ്തുത കൃതിക്കൊരു മുഖവുര ഞാൻ തന്നെ കുറിക്കേണമെന്നും പറഞ്ഞ് കറുപ്പൻെറ കൂടെപുറന്നവൾ എന്നെ സമീപിക്കുകയുണ്ടായി. അന്നു ഞാൻ രോഗശയ്യയെ ആശ്രയിച്ചിരുന്ന കാലമായിരുന്നു. അതുകാരണം, എൻെറ ആത്മസുഹൃത്തിനോട്ട് അത് ആവശ്യപ്പെടുവാൻ വേണ്ടി തിരിച്ചയച്ചു. എൻെറ രണ്ടു വാക്കെങ്കിലും കിട്ടിയാലേ പുസ്തകം പുറത്താക്കു എന്ന് ഇന്നു മരുമകൻ ശഠിക്കുകയാൽ മാത്രം ഇത്രയും എഴുതുന്നു.

കുമാരാലയം
11–12–1122

ടി. കെ. കൃഷ്ണമേനോൻ

## മൂന്നാംപതിപ്പിൻെറ അവതാരിക

ജാതിക്കമ്മിക്കു് ഒരവതാരിക ആവശ്യമുണ്ടെന്നുള്ള പക്ഷം എനിക്കില്ല. ദേഹാസ്വാസ്ഥ്യം നിമിത്തം കൃതിയുടെ യോഗ്യതയ്ക്കനുസരിച്ച ഒരവതാരിക എഴുതുവാനുള്ള ഉത്സാഹവും കാണുന്നില്ല. എങ്കിലും അവതാരിക വേണമെന്നു പ്രസാധകൻ തീർച്ചപ്പെടുത്തുകയും മി. കറുപ്പനും ഞാനുമായി കഴിഞ്ഞിരുന്ന സൗഹാർദ്ദസ്ഥിതിയുടെ നിലയ്ക്കു് അതു ഞാൻ തന്നെ എഴുതണമെന്നും അദ്ദേഹം വിധിച്ചിരിക്കുന്നു. ആ ശാസനയെ ഞാൻ ശിരസാവഹിച്ചിരിക്കുന്നു.

ഏകദേശം 45 കൊല്ലങ്ങൾക്കു മുമ്പു് എഴുതി പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതാണു് പ്രസ്തുത ''ജാതിക്കമ്മി.'' തൻെറ സമുദായവും അതുപോലെയുള്ള മററു സമുദായങ്ങളും ഒരുപോലെ അനുഭവിച്ചു വന്നിരുന്ന തീണ്ടൽ പിശാചോപദ്രവങ്ങളെ ചൂണ്ടിക്കാണിക്കുകയും അവകൊണ്ടു് സമുദായാഭ്യുന്നതിക്കു് നേരിട്ടുകൊണ്ടിരിക്കുന്ന തടസ്സങ്ങളേയും ഹിന്ദുസമുദായത്തിനു മൊത്തത്തിൽ ഇതുകൊണ്ടു സംഭവിച്ചിട്ടുള്ള മലിനതയേയും ഇതിൽ അദ്ദേഹം പ്രസ്പഷ്ടമാകും വണ്ണം വിവരിച്ചിട്ടുമുണ്ടു്. പ്രസ്തുതകൃതി മി. കറുപ്പൻെറ കവിതോദ്യമങ്ങളിൽ ആദ്യത്തേതുകളിൽ ഉൾപ്പെട്ടിട്ടുള്ള ഒന്നാണു്. ഗൗരവമേറിയ വിഷയങ്ങളേയും ആശയങ്ങളേയും ലളിതവും മധുരവുമായ രീതിയിൽ സന്ദർഭോചിതമായ വാക്കുകളിൽ പറയുവാൻ മി. കറുപ്പനുള്ള സാമർത്ഥ്യം ഒന്നു വേറെതന്നെയാണു്. ഏകദേശം 30_38 കാലത്തോളം ഭാഷാദേവിയെ അതി ഭക്തിയോടും വാത്സല്യത്തോടും കൂടി ഭജിച്ച സാഹിത്യനഭോമണ്ഡലത്തിൽ അതിപ്രകാശത്തോടുകൂടി തിളങ്ങിയിരുന്ന അദ്ദേഹത്തിൻെറ ഏതു കൃതികളും ഞാൻ മുൻപറഞ്ഞ അഭിപ്രായത്തെ സാധൂകരിക്കുമെന്നാണു് എൻെറ വിശ്വാസം.

ഒരു സാഹിത്യകാരൻെറ നിലയിലും, ഒരു പണ്ഡിതൻെറ നിലയിലും, അധഃകൃത സംരക്ഷക

ൻെറ നിലയിലും അദ്ദേഹം നമ്മുക്കെല്ലാം സുപരി ചിതനാണു്. അദ്ദേഹത്തിൻെറ അതിരററ വിനയവും അതിരുകടന്ന ദേവീഭക്തിയുമാണു് അദ്ദേഹത്തെ എൻറടുക്കലേയ്ക്കു കൂടുതൽ ആകർഷിച്ചതു്. ദേവീപരമായി അദ്ദേഹം അനേകം കൃതികൾ ഉണ്ടാക്കിയിട്ടുണ്ടു്. അവകളെല്ലാം ഞാൻ വായിച്ചിട്ടുമുണ്ടു്. അവയിൽ എത്രയോ കുറച്ചു ഭാഗം മാത്രമേ അച്ചടിച്ചു പുറത്തുവന്നതായി കാണുന്നുള്ളു. മി. കറുപ്പൻെറ പ്രിയ ഭാഗിനേയനായ പ്രസാധകൻ മററു ഭാഗങ്ങളെക്കൂടി തേടിപ്പിടിച്ചു പരോപകാരാത്ഥം പ്രസിദ്ധപ്പെടുത്തുന്നതു് നന്നായിരിക്കുമെന്നു മാത്രം ഉപദേശിച്ചുകൊള്ളുന്നു.

ജാതിക്കുമ്മിയിൽ ചൂണ്ടിക്കാണിച്ചിട്ടുള്ള മിക്ക അവശതകളും ഇന്നു പാടെ നീങ്ങിപ്പോയിട്ടുണ്ടു്.

"വഞ്ചിവസുധാ വലാന്തകൻെറ—കിഞ്ചനകാരുണ്യമുണ്ടാകുമ്പോൾ—പഞ്ചതം ചേരുമീ തീണ്ടിക്കുളിച്ചട്ടം—നെഞ്ചകം ശുദ്ധമാം യോഗപ്പെണ്ണേ—ലോക—വഞ്ചനയല്ലിതു ജ്ഞാനപ്പെണ്ണേ" ഇതു എത്രത്തോളം ശരിയായിട്ടുണ്ടെന്നു അനുഭവസിദ്ധമാണല്ലോ. മഹാകവികൾ ഓരോരോ സന്ദർഭങ്ങളിൽ പ്രകടിപ്പിക്കുന്ന ആശയങ്ങൾ കാലാന്തരത്തിൽ ശരിപ്പെട്ടു വരുന്നതിന്നു് ദൃഷ്ടാന്തങ്ങൾ വേറെയും ധാരാളമുണ്ടല്ലോ. തന്നെയും തൻെറ സമുദായത്തേയും അതിയായി ക്ലേശിപ്പിച്ചിരുന്ന ഈ വക ശല്യങ്ങൾ നീങ്ങിവന്നിട്ടുള്ള സന്ദർഭത്തെ കണ്ടു അനുഭവിക്കുന്നതിന്നു്, അദ്ദേഹം ഇപ്പോൾ ജീവിച്ചിരിക്കുന്നില്ലല്ലോ എന്നു് ഒരു സങ്കടത്തിനവകാശമുണ്ടു്. പക്ഷെ ദേഹത്തോടുകൂടിയല്ലെങ്കിലും മറെറാരു വിധത്തിൽ തൻെറ പ്രയത്നഫലമായ ഈവക സംഭവങ്ങളെ അദ്ദേഹം എന്നും കണ്ടു ആനന്ദിക്കുന്നില്ലെന്നു് ആക്കു് പറവാൻ കഴിയും.. ജാതിക്കുമ്മിക്കു് സർവ്വമംഗളത്തേയും ആശംസിക്കുന്നു.

**മണ്ണത്താഴത്തു് നാരായണമേനോൻ**

# ജാതിക്കുമ്മി

"അലയററ ഗഭീര സാഗരം
ഗലധർമ്മങ്ങളണഞ്ഞ കോകിലം
വിലയിപ്പതു പോലെ ശാന്ത ധീ-
വര വാചസ്പതി ദീർഘ മൗനിയായ്‌"

—ആനന്ദയോഗി

# പ്രസ്താവന

എൻെറ അഭിവന്ദ്യ മാതുലൻ, കവിതിലകൻ കെ. പി. കറുപ്പൻ അവർകളുടെ പ്രശസ്തങ്ങളായ രണ്ടു ഖണ്ഡകാവ്യങ്ങളാണ് ഇപ്പോൾ പുനഃപ്രകാശനം ചെയ്യുന്നതു്. 'കാവ്യപേടകം' പ്രസിദ്ധീകരിച്ച് ആറുമാസങ്ങൾക്കകം ഈ പുസ്തകവും വെളിച്ചം കാണിക്കണമെന്നു് ഉദ്ദേശിച്ചിരുന്നു. പക്ഷെ ചില പ്രത്യേക കാരണങ്ങളാൽ അതിനു്തരപ്പെട്ടില്ല.

ജാതിക്കുമ്മി എഴുതപ്പെട്ട കാലത്തെ സാമൂഹിക പശ്ചാത്തലമല്ല ഇന്നത്തേതെന്നും, ജാതിജന്യങ്ങളായ വിഭാഗീയചിന്തകൾ ഇപ്പോൾ തുലോം കുറഞ്ഞു കഴിഞ്ഞുവെന്നും വിചാരിക്കുന്നവരുണ്ടാകാം. അതെപ്പററിയൊന്നും ചിന്തിക്കേണ്ട ആവശ്യം ഇവിടെ ഉദിക്കുന്നില്ല. എന്നാൽ ജാതിക്കുമ്മിയെപ്പോലുള്ള കവിതകൾ ഇന്നത്തെ പരിതസ്ഥിതിയിലും പ്രസക്തങ്ങളാണെന്നു് അനുഭവങ്ങൾ തെളിയിക്കുന്നുണ്ടല്ലോ.

'ജാതിക്കുമ്മി' കവിതിലകൻെറ യൌവ്വനാരംഭകാലത്തെ കൃതിയാണ്' ക്രി. വ. 1905ൽ എഴുതപ്പെട്ട പ്രസ്തുത കൃതി വീണ്ടും എഴുവർഷം കഴിഞ്ഞാണ്' പുസ്തകരൂപത്തിൽ അച്ചടിച്ച പ്രസിദ്ധപ്പെടുത്തിയതു്. കൊ. വ. 1121ൽ ജാതിക്കുമ്മി അവസാനമായി മുദ്രണം ചെയ്യപ്പെട്ടു. അതിനുമുമ്പ്' രണ്ടു തവണ പ്രസ്തുത കൃതി മുദ്രണം ചെയ്തിട്ടുള്ള വിവരം എൻെറ പ്രിയപ്പെട്ട സഹോദരനു, പരേതനായ ശ്രീ എ. കെ. വേലപ്പൻ അവർകൾ ജാതിക്കുമ്മിയുടെ അവസാനത്തെപ്പതിപ്പിൻെറ പ്രസ്താവനയിൽ പറഞ്ഞിട്ടുണ്ടു്.

'ഉദ്യാനവിരുന്നി'ന്നു മറെറാരു പതിപ്പുണ്ടായതായി അറിവില്ല.

അമ്മാവൻെറ കൃതികൾ പലതും ഇനിയും എൻെറ കൈവശം കിട്ടേണ്ടതായിട്ടാണിരിക്കുന്നതു്. അദ്ദേഹത്തിൻെറ കൃതികൾ പുനഃപ്രകാശനം ചെയ്യാനുള്ള എൻെറ ഉദ്യമത്തിൽ കേരളത്തിലെ സഹൃദയരുടേയും ഭാഷാപ്രണയികളുടേയും സകലവിധ സഹായ സഹകരണങ്ങളും ഞാൻ പ്രതീക്ഷിക്കുന്നു. കവിതിലകൻെറ സാഹിത്യസൃഷ്ടികൾ കൈവശമുള്ളവർ അവ എൻെറ പേരിൽ അയച്ചുതരുവാൻ അപേക്ഷിക്കുന്നു. അങ്ങനെ അയച്ചുതരുന്നവ തിരിയെ വേണമെന്നുള്ളവർക്കു്, അവ പകർത്തിയെടുത്ത ശേഷം എൻെറ ചിലവിൽ തിരികെ എത്തിച്ചു കൊള്ളാമെന്നും ഉറപ്പുതരുന്നു.

ഇതിനു് വിജ്ഞാനപ്രദമായ ഒരു അവതാരിക സദയം എഴുതിത്തന്ന മഹാകവി എം. പി. അപ്പൻ സാഹിത്യലോകത്തിൽ ഒരു മഹനീയ സ്ഥാനം അലങ്കരിക്കുന്ന വ്യക്തിയാണു്. അവതാരിക എഴുതിക്കിട്ടേണ്ടതിലേക്കായി ഞാൻ എൻെറ സ്നേഹിതൻ ശ്രീ. കറുപ്പനുമൊരുമിച്ചു അദ്ദേഹത്തെ സമീപിച്ചപ്പോൾ, കൃത്യാന്തരങ്ങളിൽ വ്യാപൃതനായിരുന്നുവെങ്കിലും, അദ്ദേഹം ആ കർത്തവ്യം സസന്തോഷം ഏറ്റെടുത്തുവെന്നതു് അതീവ കൃതജ്ഞതയോടെ ഞാൻ സ്മരിക്കുന്നു.

സാഹിത്യ പ്രവർത്തനം ഉപാധിയാക്കി കൈരളിയെ അനവരതം സേവിച്ചുപോരുന്ന 'സാഹിത്യപ്രവർത്തക സഹകരണ സംഘം', ഇതിൻെറ മുന്നോടിയായ കാവ്യപേടകത്തിൻേറതിലെന്നപോലെ, ഈ പുസ്തകത്തിൻേറയും വിതരണം ഏറ്റെടുത്തതിൽ സംഘത്തിനോടും അതിൻെറ ഭാരവാഹികളോടും എനിക്കുള്ള ഹൃദയംഗമമായ കൃതജ്ഞത ഇവിടെ രേഖപ്പെടുത്തിക്കൊള്ളട്ടെ.

ഈ പുസ്തകത്തിൻെറ മുദ്രണം ഭംഗിയായി നിർവഹിച്ചുതന്ന 'ഭാസ്കരാപ്രിൻേറഴ്സി'ൻെറ ഉടമസ്ഥൻ ശ്രീ. ഭാസ്കരൻ നായരോടും പ്രസ്സിലെ എല്ലാ ജീവനക്കാരോടും എനിക്കുള്ള കൃതജ്ഞത സീമാതീതമാണു്.

ഇതിൻെറ പ്രസിദ്ധീകരണ വിഷയത്തിൽ വേണ്ട നിർദ്ദേശങ്ങൾ തന്നു എന്നെ സർവാത്മനാ സഹായിച്ച വ്യക്തിയാണ് ശ്രീ. കെ. കെ. വേലായുധൻ B. A. അവർകൾ. അമ്മാവനുമായി നേരിട്ട് പരിചയമുണ്ടായിരുന്നുവെന്നുള്ളതിനു പുറമെ കവിതിലകൻെറ അന്തരംഗ സുഹൃത്തായിരുന്ന യശഃശരീരനായ ശ്രീ. കെ. ആർ. ഗോവിന്ദൻ അവർകളുടെ (ആനാപ്പുഴ) ജാമാതാവു് കൂടിയാണ് അദ്ദേഹം. അമ്മാവൻെറ സാഹിത്യപരങ്ങളായ സംരംഭങ്ങളിൽ ചിലതിൽ ഭാഗഭാക്കാവുകയും ചെയ്തിട്ടുള്ള അദ്ദേഹത്തിൻെറ സഹായം എനിക്ക് അവാച്യമായ സന്തോഷവും ആശ്വാസവും പ്രദാനം ചെയ്തിട്ടുണ്ടെന്ന് കൃതജ്ഞതയോടെ സ്മരിക്കുന്നു.

എൻെറ സുഹൃത്ത് ശ്രീ. സി. ഈ. കറുപ്പനെക്കൂടി ഓർക്കാതിരുന്നാൽ ഈ പ്രസ്താവന പൂർത്തിയാവുകയില്ല.

ഇതിൽ വന്നുപോയേക്കാവുന്ന തെററുകൾ സഹൃദയ ലോകം ക്ഷമിക്കുമെന്നും, ആയവ ചൂണ്ടിക്കാണിച്ചു എന്നെ ധന്യനാക്കുമെന്നും വിശ്വസിച്ചുകൊണ്ടു് കവിതിലകൻ. കെ. പി. കറുപ്പൻ അവർകളുടെ 'കാവ്യപേടകം' സസന്തോഷം സ്വീകരിച്ച കേരളഭാഷാ പ്രണയികളുടെ മുമ്പിൽ, കവിതിലകൻെറ രണ്ടു ഖണ്ഡകവിതകൾ കൂടി സവിനയം, സമർപ്പിച്ചുകൊള്ളുന്നു.

എ. കെ. സതീശചന്ദ്രൻ
T. C. 14/1270
Palayam ward
Trivandrum 695001

തിരുവനന്തപുരം
11-11-1179

1 ശ്രീശങ്കരാചാര്യസ്വാമി മുന്നം
കാശിയിൽ വച്ചു കുളികഴിഞ്ഞു,
* ഈശനെക്കാണുവാൻ പോയപ്പോളുണ്ടായ
പേശലിതു കേൾക്ക യോഗപ്പെണ്ണേ! — അതു
മോശത്തരം തീർക്കും ജ്ഞാനപ്പെണ്ണേ!

2 തിങ്കൾത്തലയൻ പറയനുമായ്
ശങ്കരിയന്നു പറച്ചിയുമായ്
ശങ്കരാചാര്യർ വരുന്ന വഴിമദ്ധ്യേ
ശങ്കയെന്യേ നിന്നു യോഗപ്പെണ്ണേ! — തെല്ലൊ-
രങ്കമുണ്ടായപ്പോൾ ജ്ഞാനപ്പെണ്ണേ!

3 കെട്ടിയപെണ്ണുമായ് മാർഗ്ഗമദ്ധ്യം
മുട്ടിച്ചിടാതെ വഴിമാറെടാ!
കട്ടിയിലിങ്ങനെയാചാര്യ സ്വാമികൾ
തട്ടിക്കേറിയല്ലോ യോഗപ്പെണ്ണേ! — നാടൻ-
മട്ടിതല്ലോയിന്നും ജ്ഞാനപ്പെണ്ണേ!

4 * ആട്ടിയ നേരത്തു ചണ്ഡാളൻ
മട്ടൊന്നു മാറി മുഖം കറുത്തു
പെട്ടെന്നു ചൊല്ലി; ഞാൻ കാര്യം ഗ്രഹിക്കാതെ
വിട്ടൊഴികില്ലെടൊ, യോഗപ്പെണ്ണേ! — ഇതു
മുട്ടാളത്തമല്ലെ ജ്ഞാനപ്പെണ്ണേ!

---

1) * 'ഈശനെദ്ധ്യാനിക്കാൻ പോയപ്പോൾ' — പാഠഭേദം. പേശല് = തർക്കം; വാഗ്വാദം. മോശത്തരം തീർക്കും = മൂഢതയകററും

2) തിങ്കൾത്തലയൻ = ശ്രീപരമേശ്വരൻ. അങ്കം = യുദ്ധം; വഴക്ക്.

4) * 'ആട്ടിയ നേരത്തു ചണ്ഡാളൻ — പൊട്ടിച്ചിരിച്ചുകൊണ്ടേവമോതി കാട്ടിത്തരാമോയിത്തീണ്ടൽ വേദാഗമ-ക്കൂട്ടത്തിലെങ്ങാനും യോഗപ്പെണ്ണേ! — ഏതൊ—രേട്ടിൽക്കണ്ടീച്ചട്ടം ജ്ഞാനപ്പെണ്ണേ!' — പാഠഭേദം.

5 ജാതിഹീനൻ നീ പറയനല്ലോ
ജാതിയിൽ മുമ്പൻ ഞാൻ ബ്രാഹ്മണനും
ഓതിയാലപ്പോൾ നീ ഓടണ്ടേ, മാറണ്ടേ,
നീതി കൈക്കുപ്പണ്ടേ? യോഗപ്പെണ്ണേ!—നിൻെറ
ഖ്യാതിക്കതു കൊള്ളാം ജ്ഞാനപ്പെണ്ണേ!

6 എല്ലാവരും നമ്മൾ മാനുഷന്മാ—
രല്ലാതെ മാടും മരവുമല്ല;
വല്ലായ്മപോക്കുക, ശാസ്ത്രീയമാം ജാതി
ചൊല്ലാം മനുഷ്യത്വം യോഗപ്പെണ്ണേ!—ഒരു
നല്ല ജാതിയതു ജ്ഞാനപ്പെണ്ണേ!

7 ഞാൻ മനുജാതനാണെന്നാകിലും
ബ്രാഹ്മണനല്ലയോ ചണ്ഡാള!
നിന്മതം പോലെ വഴിയെ നടക്കാമോ,
കമ്മതി ചൊല്ലാമോ? യോഗപ്പെണ്ണേ!—അത-
ഹമ്മതിയല്ലയോ ജ്ഞാനപ്പെണ്ണേ!

8 ബ്രാഹ്മണ നിഷ്ഠയെനിക്കുണ്ടെങ്കിൽ
ബ്രാഹ്മണനല്ലേ ഞാൻ ചണ്ഡാളൻ?
തെമ്മാടിയെപ്പോലെ വാടാ പോടായെന്നു
ചുമ്മാതുരക്കല്ലെ യോഗപ്പെണ്ണേ!—അതും
സമ്മാനമാണെന്നോ? ജ്ഞാനപ്പെണ്ണേ!

9 ദ്വിജനല്ലേ ഞാനെന്നെയെന്തുകൊണ്ടും
ഭജനം ചെയ്യേണ്ടതുധർമ്മമല്ലേ?

---

5) നീതി = മര്യാദ; നല്ലനടപ്പു.

6) വല്ലായ്മ പോക്കുക = കുറച്ചിൽ; അസുഖം, അഥവാ ദോഷം ഇല്ലാതാക്കുക.

7) നിൻമതം = നിൻെറ (മനസ്സ്) ഇഷ്ടം. കമ്മതി = കൺമതി എന്നതിൻെറ രൂപഭേദം, കാഴ്ചയിൽ നിന്നു മാത്രമുള്ള മതിപ്പ്.

8) സമ്മാനം = ബഹുമാനം

9) ദ്വിജൻ = ബ്രാഹ്മണൻ. (രണ്ടു ജൻമത്തോടു കൂടിയവൻ) ഭജനം ചെയ്യുക = സേവ ചെയ്യുക; പരിചരണം ചെയ്യുക.

വിജനമാണെന്നോർത്തിട്ടെന്തും പറയാമോ,
സുജനദ്വേഷം നന്നോ? യോഗപ്പെണ്ണേ!—നിങ്ങൾ
കുജനങ്ങളാണല്ലോ ജ്ഞാനപ്പെണ്ണേ!

10 രണ്ടു ജന്മത്താൽ ദ്വിജനങ്ങുന്നു
രണ്ടല്ല ഞാൻ നൂറുകോടിജനാം
ഇണ്ടലല്ലേ ജനി? സാവിത്രിപെററോക്കു
തീണ്ടലില്ലാ പിന്നെ യോഗപ്പെണ്ണേ—നമ്മൾ
രണ്ടുപേരും ദ്വിജർ ജ്ഞാനപ്പെണ്ണേ!

11 നല്ല പറയൻ നീ ജ്ഞാനിയല്ലോ
ഇല്ലെനിക്കൊട്ടുമസൂയ നിന്നിൽ;
വല്ലമഹീസുരജാതികളും കേട്ടാൽ
തല്ലുമല്ലോ നിന്നെ യോഗപ്പെണ്ണേ!—പക്ഷേ
കൊല്ലുകയും ചെയ്യും ജ്ഞാനപ്പെണ്ണേ!

12 തമ്പുരാനജ്ഞാനരൂപങ്ങളാം
കൊമ്പുകളില്ലെങ്കിലിപ്പറയൻ
എമ്പരമാർത്ഥമഖിലമോതാം, മനു-
കമ്പയാ കേൾക്കുക യോഗപ്പെണ്ണേ!—നാട്ടിൻ
കമ്പങ്ങൾ തീർക്കുക ജ്ഞാനപ്പെണ്ണേ!

13 ഇക്കാണും ലോകങ്ങളീശ്വരൻെറ
മക്കളാണെല്ലാമൊരു ജാതി;
നീക്കി നിറുത്താമോ സമസൃഷ്ടിയെ? ദൈവം
നോക്കിയിരിപ്പില്ലേ? യോഗപ്പെണ്ണേ!—തീണ്ടൽ
ധിക്കാരമല്ലയോ? ജ്ഞാനപ്പെണ്ണേ!

14 ഗാത്രത്തിനോ തീണ്ടലാത്മാവിന്നോ
ഇത്ര നിഷ്കാരുണ്യമൊന്നു നോക്കാം:

---

വിജനം = ആളില്ലാത്ത സ്ഥലം. കുജനം = ചീത്ത ആളുകൾ × സുജനം.

10) ഇണ്ടൽ = ദുഃഖം. ജനി = ജനനം

12) കമ്പങ്ങൾ = അസംബന്ധങ്ങൽ; സംശയങ്ങൾ

14) ഗാത്രം = ശരീരം

ഗാത്രം ഗാത്രത്തിനെത്തീണ്ടുമെന്നോതുന്ന-
തെത്രയുമജ്ഞാനം യോഗപ്പെണ്ണേ! — ബഹു
ചിത്രം! ചിത്രം! ചിത്രം! ജ്ഞാനപ്പെണ്ണേ!

15 അന്നമയത്തിങ്കൽ നിന്നിട്ടല്ലേ
അന്നമയമൊക്കെയുണ്ടായതു്,
പിന്നെയവതമ്മിലെന്താണു് വ്യത്യാസം?
നന്നുനന്നജ്ഞാനം യോഗപ്പെണ്ണേ! — ശുദ്ധ
മന്നത്തമല്ലയോ? ജ്ഞാനപ്പെണ്ണേ!

16 മലമൂത്രമുള്ളതുകൊണ്ടു ദൂരേ
വിലക്കിനിറുത്താം ചില ജനത്തെ;
മലമൂത്രമില്ലാത്ത ഗാത്രങ്ങളിബ്ഭൂമി-
വലയത്തിലില്ലല്ലോ യോഗപ്പെണ്ണേ! — പിന്നെ
ഫലമുണ്ടോതീണ്ടലാൽ ജ്ഞാനപ്പെണ്ണേ!

17 തെളിയാത്ത വസ്ത്രമുടുത്തുഗാത്രേ
ചളിയുള്ളവരെയകററും പോലെ
കുളിയും കുറിയുമെഴുന്ന ജനത്തേയും
വിളികാണിച്ചീടല്ലേ യോഗപ്പെണ്ണേ! — എത്ര
പൊളിയാണീയജ്ഞാനം ജ്ഞാനപ്പെണ്ണേ!

18 ഭൂതതൻ മാത്രകൾ കൊണ്ടു തന്നെ
ജാതങ്ങളാകും ശരീരങ്ങളിൽ
ഏതിനെയാട്ടണം, ഏതാട്ടു കൊള്ളണം?
ചേതസ്സിലോർക്കുക യോഗപ്പെണ്ണേ! — എന്നാൽ
വാതുകളില്ലല്ലൊ ജ്ഞാനപ്പെണ്ണേ!

---

15) അന്നമയം = ചോറു മുതലായ ഭക്ഷണ പദാർത്ഥങ്ങൾ കൊണ്ടുണ്ടായതു്; ശരീരം എന്നും അർത്ഥം. മന്നത്തം = മൂഢത.

18) ഭൂതതൻ മാത്രകൾ = പഞ്ചഭൂതങ്ങളുടെ മാത്രകൾ (അണുക്കൾ atoms) ലോകത്തിലുള്ള ചരാചരവസ്തുകളൊക്കെയും തന്നെ പഞ്ചഭൂതങ്ങളാൻ നിർമ്മിക്കപ്പെട്ടവയാണു്. വാതുകൾ = തർക്കങ്ങൾ.

19 സ്വൎണ്ണത്തകിടൊന്നുലയിലൂതി
ഖണ്ഡിച്ചു ഖണ്‌ഡ ശതങ്ങളാക്കി
വൎണ്ണങ്ങൾ ചോദിക്കും പോലെ; മനുജാത–
വൎണ്ണങ്ങളൊക്കെയും യോഗപ്പെണ്ണേ! – ഭേദം
വൎണ്ണിക്കുമജ്‌ഞന്മാർ ജ്‌ഞാനപ്പെണ്ണേ!

20 ജ്‌ഞാനംകൊണ്ടല്ലാതെ ബ്രാഹ്മണത്വം
മാനവന്മാൎക്കു ലഭിക്കയില്ല,
ജ്‌ഞാനിക്കു ജാതിയും തീണ്ടലുമില്ലല്ലോ
ആനന്ദമേയുള്ളു യോഗപ്പെണ്ണേ!—ബ്രഹ്മ-
ധ്യാനം തന്നേയുള്ളു ജ്‌ഞാനപ്പെണ്ണേ!

21 ബ്രാഹ്മണൻ ദേഹമാണെന്നാകുമ്പോൾ
അമ്മാനവന്മാരെ സംസ്കരിച്ചാൽ
ബ്രഹ്മഹത്യാപാപം ചോരണമെന്നിപ്പോൾ
സമ്മതിച്ചീടെടോ യോഗപ്പെണ്ണേ!—ഇതു
വന്മായമല്ലയോ ജ്ഞാനപ്പെണ്ണേ!

22 ഉടലാണു ബ്രാഹ്മണനെന്നു വന്നാൽ
ചുടലയിൽ വയ്ക്കുന്നോർ പാപികളാം;
ഉടലല്ലാ ബ്രാഹ്മണനാത്മാവാണെങ്കിലോ
ഇടയില്ലാ തീണ്ടുവാൻ യോഗപ്പെണ്ണേ!—ശുദ്ധ-
മടയത്തം ചൊല്ലാതെ ജ്‌ഞാനപ്പെണ്ണേ!

23 ചൈതന്യത്തിങ്കൽ നിന്നുണ്ടാകും
ചൈതന്യങ്ങൾക്കുണ്ടോ തീണ്ടലുള്ളു?
നൈതൽ സത്യം, തീണ്ടലാകുന്നൊരജ്‌ഞാനം
പെയ്കല്ലോ നാടൊക്കെ യോഗപ്പെണ്ണേ—എന്തു
കൈതവമാണിതു ജ്ഞാനപ്പെണ്ണേ!

24 സുജനമായുള്ള നിഷാദൻ പോലും
യജമാനനാണവൻ ബ്രാഹ്മണനും

---

23) ചൈതന്യം = ചിത്‌സ്വരൂപമായ ശക്‌തി; ആത്‌മാവ്‌ = ജീവൻ.

24) സുജനം = നൻമയുള്ള (പുണ്യമുള്ള) ആളുകൾ. നിഷാദൻ = വേടൻ, കാട്ടാളൻ, പറയൻ, മുക്കുവൻ etc.

യതിയാം പറയനെ യാഗം കഴിപ്പിക്കാൻ
ശ്രുതിയിൽ പറയുന്ന യോഗപ്പെണ്ണേ! — സ്വന്തം
കൃതിയല്ലിച്ചൊൽവതു ജ്ഞാനപ്പെണ്ണേ!

25 ആക്ഷേപിച്ചാട്ടല്ലേ മറ്റൊരാളെ
സാക്ഷിയല്ലോ ദൈവം സർവ്വത്തിന്നും
സൂക്ഷിച്ചു ശക്തിയാണെല്ലാററിലുമെന്ന
ലക്ഷ്യത്തെപ്പാരെടി യോഗപ്പെണ്ണേ! — തവ
മോക്ഷവും സിദ്ധിക്കും ജ്ഞാനപ്പെണ്ണേ!

26 അന്നമയത്തിൽ നിന്നന്നമയം,
വന്നിതു, ചൈതന്യാൽ ചൈതന്യം
എന്നകതാരിലുറച്ചു നീയജ്ഞാന-
ക്കുന്നിനേയോടിക്ക യോഗപ്പെണ്ണേ! — അപ്പോൾ
വന്നുകൂടും ഗുണം ജ്ഞാനപ്പെണ്ണേ!

27 ആകാശവാടാവിളക്കു സൂര്യൻ
പാകാരി ലോകനദീജലത്തിൽ,
ഹാ! കാശിഗംഗയിൽ, അല്പസരസ്സിലും,
സ്വാകാരം കാട്ടുന്ന യോഗപ്പെണ്ണേ! — ഭേദ-
മേകാതിരിക്കുന്നു ജ്ഞാനപ്പെണ്ണേ!

28 ഭൂസുരപ്പൊയ്കയിൽ, ചണ്ഡാളന്റെ
കാസാരത്തിങ്കലുമൊന്നുപോലെ,
വാസരനായകബിംബമനുവേലം
ഭാസുരമാകുന്നു യോഗപ്പെണ്ണേ! — ഭേദ-
വാസനയില്ലതിൽ ജ്ഞാനപ്പെണ്ണേ!

---

സ്വന്തം കൃതിയല്ല = (വാദത്തിനുവേണ്ടി) സ്വയം കെട്ടിച്ചമച്ചതല്ല.

27) സ്വാകാരം = സ്വന്തം രൂപം.

28) കാസാരം = കൃത്രിമമായ പൊയ്ക (തടാകം). ഭാസുരമാകുന്നു = ശോഭയുള്ളതാകുന്നു (പ്രകാശിക്കുന്നു)

29 പൊൻകുടത്തിങ്ങിയിലെപ്രകാരം
മൺകുട വാരിയുദരത്തിലും
പങ്കജ ബാന്ധവ ബിംബമുദിക്കുന്നു,
തിങ്കളും കാണുന്നു യോഗപ്പെണ്ണേ!—ഭേദ-
മങ്കുരിക്കുന്നില്ല ജ്ഞാനപ്പെണ്ണേ!

30 ആവിധല്ലോ പരമാത്മാ
ആവിർഭവിക്കുന്നു ദേഹങ്ങളിൽ;
ആ വിലാസങ്ങൾക്കു തീണ്ടിക്കുളിയില്ല
ആവിലമില്ലല്ലോ യോഗപ്പെണ്ണേ!—ഭേദ-
ഭാവന തള്ളെടീ ജ്ഞാനപ്പെണ്ണേ!

31 ചഞ്ചലിക്കാഞ്ഞാൽ പറകുളത്തിൽ
തഞ്ചി ഫലിക്കും തരണി ബിംബം
കാഞ്ചന വാപിയിലോളമിളകിയാൽ
കിഞ്ചന കാണുമോ യോഗപ്പെണ്ണേ!—ശൃണു
വഞ്ചനയല്ലല്ലോ ജ്ഞാനപ്പെണ്ണേ!

32 മദമില്ലാപ്പറയൻെറ മാനസത്തെ
സദനമാക്കീടുന്നു സച്ചിന്മയൻ
മദമുള്ള വിപ്രൻെറ ഹൃദയത്തിലീശ്വരൻ
വദനം കാണിക്കുമോ യോഗപ്പെണ്ണേ!—എത്ര
കദനമാണജ്ഞാനം ജ്ഞാനപ്പെണ്ണേ!

33 പരമാത്മമുള്ളിലറിഞ്ഞീടുമ്പോൾ
ഒരുവനെ യാട്ടിയകറേറണമോ?

---

30) ആവിലം = തെളിവില്ലാത്തത്
31) ചഞ്ചലിക്കാഞ്ഞാൽ = ഇളകാതിരുന്നാൽ പറക്കുളം = പറയൻെറ കുളം. തഞ്ചുക = നിൽക്കുക. തരണി ബിംബം = സൂര്യബിംബം കിഞ്ചന = അല്പം, കുറച്ച്. ശൃണു = കേട്ടാലും
32) സദനം = വാസസ്ഥലം, ഭവനം. കദനം = ദൗർഭാഗ്യം, ദുഃഖം, പാപം.

പരമാത്മ ശാഖകരം വിപ്രാദികളാകും
നരജാലമൊരു ജാതി യോഗപ്പെണ്ണേ!—അപ്പോരം
നിരയങ്ങരം നിലനിൽക്കാ ജ്ഞാനപ്പെണ്ണേ!

34 പരമേഷ്ടിതൊട്ടു പിപീലികാന്തം
പരബുദ്ധിയെന്യെ കരുതുന്നവൻ
ഒരു വിപ്രനായാലും ചണ്ഡാളനായാലും
ഗുരുവാണെനിക്കവൻ യോഗപ്പെണ്ണേ!—ലോക-
ഗുരുവായതുമവൻ ജ്ഞാനപ്പെണ്ണേ!

35 ദേഹാദി വസ്തുക്കരം ഞാനല്ല
ഹാഹാ! ഞാനാത്മാവാണെന്നോർപ്പവൻ
ഒരു വിപ്രനായാലും ചണ്ഡാലനായാലും
ഗുരുവാണെനിക്കവൻ യോഗപ്പെണ്ണേ!—ലോക-
ഗുരുവായതുമവൻ ജ്ഞാനപ്പെണ്ണേ!

36 പാത്തലമൊക്കെ ത്രിഗുണമയം
പാത്തു ചരിക്കുന്ന ധീരധീരൻ
ഉത്തമൻ, ബ്രഹ്മഹ, ത്താരാകിലുമെൻെറ
തീത്ഥനാണദ്ദേഹം യോഗപ്പെണ്ണേ!—ലോക-
മിത്രവുമദ്ദേഹം ജ്ഞാനപ്പെണ്ണേ!

37 ആശകളൊക്കെ നശിക്കുമെന്നും
ആശക്തിമാത്രം നശിക്കില്ലെന്നും

---

33) നിരയം = നരകം, പാപം.

34) പരമേഷ്ടി = ബ്രഹ്മാവ്. പിപീലിക = എറുമ്പ്. പിപീലികാന്തം = എറുമ്പുവരെ. പരബുദ്ധിയെന്യെ കരുതുന്നവൻ = അന്യമായത് അല്ലെങ്കിൽ വേറെ അല്ല എന്നു കരുതുന്നവൻ.

36) ത്രിഗുണം = സത്ത്വം, രജസ്സ്; തമസ്സ് എന്നീ മൂന്നു ഗുണങ്ങരം. തീർത്ഥൻ = ഗുരു.

37) ആശയം = മനസ്സ്; വിചാരം. ലോകദേശികൻ = ലോകഗുരു.

ആശയത്തിൽ കണ്ട സത്തമനെന്നുടെ
ആശാനറിക നീ യോഗപ്പെണ്ണേ!—ലോക-
ദേശികനുമവൻ ജ്ഞാനപ്പെണ്ണേ!

38 ധ്യാനമാമൂഞ്ഞാൽപ്പടി നടുവിൽ
മാനസത്തത്തയേ വച്ചുകൊണ്ടു
ആനന്ദക്കാററിലണഞ്ഞു സുഖിക്കുന്ന
മാനവനെൻ ഗുരു യോഗപ്പെണ്ണേ!—ബഹു-
മാനനീയനവൻ ജ്ഞാനപ്പെണ്ണേ!

39 കായമാം കപ്പൽ സമാധിയാകും
പായകുളത്തിബ്ഭയപ്പെടാതെ
ജ്ഞേയക്കരെയ്ക്കു വിടുന്നവൻ മൽഗുരു-
വായ സദാനന്ദൻ യോഗപ്പെണ്ണേ!—തെല്ലും
മായമില്ലായതിൽ ജ്ഞാനപ്പെണ്ണേ!

40 ആത്തിക്കാററൂതിബ്ഭവക്കടലിൽ
മൂത്തിയാം കപ്പൽ മറിയുംമുമ്പേ
പാത്തിടാതാനന്ദദീപമാടം കണ്ടു
കീത്തിമാനെൻ ഗുരു യോഗപ്പെണ്ണേ! ഇഷ്ട—
പൂത്തിയേകുമവൻ ജ്ഞാനപ്പെണ്ണേ!

41 ഭോഗക്കടലും കടന്നുചെന്നു
രാഗാദി രാക്ഷസന്മാരെക്കൊന്നു
യോഗമണിയറ തന്നിലെഴും മഹാ-
ഭാഗനെൻ ദേശികൻ യോഗപ്പെണ്ണേ!-ഏതു
ഭാഗത്തിലായ്ക്കോട്ടെ ജ്ഞാനപ്പെണ്ണേ!

---

39) ജ്ഞേയം = അറിയപ്പെടുവാൻ തക്കത് (യോഗ്യമായത്)
ജ്ഞേയക്കരയ്ക്ക് വിടുന്നവൻ = അറിയപ്പെടുവാൻ യോഗ്യമായിട്ടുള്ള കരയെ ലക്ഷ്യമാക്കി കപ്പൽ വിടുന്നവൻ.

40) ആർത്തിക്കാററ് = ആഗ്രഹം (ദുഃഖം) ആകുന്ന കാററു.
ഭവക്കടൽ = സംസാരസാഗരം, മൂർത്തിയാം കപ്പൽ=ശരീരമാകുന്ന കപ്പൽ.

41) മഹാഭാഗൻ = മഹത്വമുള്ളവൻ, മഹാൻ.

42 ചണ്ഡപ്രപഞ്ചക്കുഴിയിൽ നിന്നു
കുണ്ഡലിയെന്ന കയറിൽ കൂടി
എണ്ണം പറഞ്ഞുള്ള യോഗവീടെത്തുന്ന
പുണ്യവാനെൻ ഗുരു യോഗപ്പെണ്ണേ! ഏതു
വർണ്ണമായാലെന്തു? ജ്ഞാനപ്പെണ്ണേ!

43 വെള്ള വിചാരപ്പടങ്ങളിട്ടു
ഉള്ളകമൊക്കെ വിതാനിച്ചെങ്കിൽ
വള്ളുവനായാലും വെള്ളാളനായാലും
കൊള്ളാമെനിക്കവൻ യോഗപ്പെണ്ണേ!—ശുദ്ധ-
ഉള്ളാടനാകട്ടെ ജ്ഞാനപ്പെണ്ണേ!

44 സാവധാനം യോഗകട്ടിലിന്മേൽ
വാവവയ്പിച്ചു മനക്കുട്ടിയെ
പാവയെപ്പോലെ പതുങ്ങാതിരിക്കുന്ന
പാവനനെൻ ഗുരു യോഗപ്പെണ്ണേ!—ജാതി
ചോവനായാലെന്തു ജ്ഞാനപ്പെണ്ണേ!

45 ആലോലത്തു നിലാവമ്പിളിയും
കോലാഹലങ്ങളും കണ്ടും കേട്ടും
മേലാക്കം നോക്കി മനം ലയിപ്പിക്കുന്ന
വാലനുമെൻ ഗുരു യോഗപ്പെണ്ണേ!—പക്ഷെ
വേലനായാലെന്തു; ജ്ഞാനപ്പെണ്ണേ!

46 ചാടിച്ചരിക്കും മനക്കുഞ്ഞിനെ
കൂടിച്ചു യോഗ മണിമെത്തമേൽ
പാടിയുറക്കുന്ന പണ്ഡിതനെൻഗുരു-
ആടലകന്നവൻ യോഗപ്പെണ്ണേ!—മല-
വേടനായാലെന്തു ജ്ഞാനപ്പെണ്ണേ!

---

42) ചണ്ഡം=ഉഗ്രമായ (ഉഗ്രമായ ചൂടുള്ള) കുണ്ഡലിയെന്ന കയറിൽ കൂടി........യോഗവീടെത്തുന്ന = സാധനകൊണ്ട് കുണ്ഡലിനി ശക്തിയെ ഉണർത്തി യോഗസിദ്ധിയിലെത്തുന്ന, എണ്ണം പറഞ്ഞുള്ള=എണ്ണപ്പെട്ട; വിലമതിക്കപ്പെട്ട.

43) വെള്ള വിചാരപ്പടങ്ങളിട്ട് = നിർമ്മല വിചാരങ്ങളാകുന്ന വിരിപ്പിട്ട്.

47 സത്യമെന്നുള്ള ലിപിദ്വയത്തെ
കൃത്യമായിട്ടോത്തു പോരുന്നവൻ
ഉത്തമനാണു, മമ ഗുരുനാഥനാം
സത്തമനുമവൻ യോഗപ്പെണ്ണേ!—ഒരു
മേത്തനായാലെന്തു ജ്ഞാനപ്പെണ്ണേ?

48 പ്രാണങ്ങൾ നിന്നു മനം ലയിച്ചു
കാണുവാനുള്ള കഥകൾ കണ്ടു
തൂണുപോലല്പം ചരിക്കാതിരിക്കുന്നോ-
നാണു മമ ഗുരു യോഗപ്പെണ്ണേ! അവൻ
പാണനായാലെന്തു ജ്ഞാനപ്പെണ്ണേ!

49 കായത്തിലുള്ള പരാശക്തിയെ
കാലത്തേ കണ്ടു കണ്ടാനന്ദിപ്പോൻ
നായരായാലെന്തു, തീയ്യനായാലെന്തു,
മായമല്ലെൻ ഗുരു യോഗപ്പെണ്ണേ!—ഒര-
മേയനാണദ്ദേഹം ജ്ഞാനപ്പെണ്ണേ!

50 ആട്ടാതെ ലോകത്തെയന്തികത്തിൽ
കൂട്ടിയണച്ചുപദേശിക്കുന്നോൻ
ഒരു വിപ്രനായാലും ചണ്ഡാളനായാലും
ഗുരുവാണെനിക്കവൻ യോഗപ്പെണ്ണേ!—ലോക-
ഗുരുവായതുമവൻ ജ്ഞാനപ്പെണ്ണേ!

51 ഹീനരെന്നോതി സമസൃഷ്ടിയിൽ
മാനസഖേദമുളവാക്കാത്തോൻ
ഒരു വിപ്രനായാലും ചണ്ഡാളനായാലും
ഗുരുവാണെനിക്കവൻ യോഗപ്പെണ്ണേ!—ലോക-
ഗുരുവായതുമവൻ ജ്ഞാനപ്പെണ്ണേ!

52 ഇപ്പറഞ്ഞുള്ള പെരുമ്പറയൻ
മുപ്പുര വൈരിയാണെന്നറിഞ്ഞു

---

47) ലിപിദ്വയത്തെ = അക്ഷരദ്വയത്തെ; രണ്ടക്ഷരത്തെ.

49) കായം = ശരീരം അമേയൻ = (അളക്കുവാൻ) അറിയുവാൻ കഴിയാത്തവൻ

52) മുപ്പുരവൈരി = ശിവൻ.

തൽപദം വന്ദിച്ച ശങ്കരാചാര്യരും
മാപ്പപേക്ഷിച്ചല്ലൊ യോഗപ്പെണ്ണേ!—ലോക-
മൂപ്പരോടന്നേരം ജ്ഞാനപ്പെണ്ണേ!

53 തണ്ടലർ സായകവൈരിയുമായ്
കണ്ടതുനാറം മുതൽ സ്വാമിപാദം
തീണ്ടലജ്ഞാനമെന്നോതീട്ടമാളുകഠം
ഉണ്ടോ നിറുത്തുന്നു? യോഗപ്പെണ്ണേ!—എന്തു
കുണ്ടാമണ്ടിയിതു ജ്ഞാനപ്പെണ്ണേ!

54 മല്ലായുധാരിക്കുമാചാര്യർക്കും
സല്ലാപമുണ്ടായ വാസ്തവത്തെ
എല്ലാരും കാണുവാനാചാര്യ സ്വാമികഠം
ചൊല്ലിയതാണിതു യോഗപ്പെണ്ണേ!—എൻെറ
ചൊല്ലാണെന്നോക്കല്ലെ ജ്ഞാനപ്പെണ്ണേ!

55 മാന്യന്മാരായ മഹാത്മാക്കളേ!
ഉന്നതസ്ഥാനത്തിരിക്കുന്നോരേ!
എന്നുടെ താഴ്മയായുള്ളോരപേക്ഷയും
ഒന്നു കേട്ടീടണം യോഗപ്പെണ്ണേ!—എന്നിൽ
നന്ദി കാട്ടീടണം ജ്ഞാനപ്പെണ്ണേ!

56 സ്മൃത്യാദികളിലും തീണ്ടിച്ചട്ടം
മത്യാപിമാമുനിമാരോർത്തില്ല
അത്യാപത്തിന്നിതു മലയാളരാജ്യത്തിൽ
എത്തിയല്ലോ കഷ്ടം! യോഗപ്പെണ്ണേ!—തമ്മിൽ
കുത്തു പിടിപ്പിക്കാൻ ജ്ഞാനപ്പെണ്ണേ!

57 മലയാളരാജ്യത്തെ ഹിന്തുക്കളിൽ
പലയാളുകളുമുണ്ടിസ്സാധുക്കളെ

---

53) തണ്ടലർസായകവൈരി = കാമദേവൻെറ ശത്രു (ശിവൻ)

54) മല്ലായുധാരി = ശിവൻ

56) സ്മൃതി = വേദം. മത്യാപി = മനസ്സുകൊണ്ടുപോലും.
കുത്തുപിടിപ്പിക്കുക = കലഹിപ്പിക്കുക; വഴക്കിടീക്കുക.

വിലയാളുകളാക്കി വഴിയിൽ നടക്കുമ്പോഠം
വിലക്കിയകററുന്ന യോഗപ്പെണ്ണേ!—എന്തു
കൊലക്കുടുക്കാണിതു ജ്ഞാനപ്പെണ്ണേ!

58 പാണ്ടിരാജ്യത്തിലൊരു ദിക്കിലും
തീണ്ടിക്കുളിയെന്ന ചട്ടമില്ല
രണ്ടുമാസം ഞാൻ നടന്നാരുമെന്നോടു
ശണ്ടക്കു വന്നില്ല യോഗപ്പെണ്ണേ!—സുഖ-
മുണ്ടെനിക്കാനാട്ടിൽ ജ്ഞാനപ്പെണ്ണേ!

59 കർണ്ണാടകത്തിലും തീണ്ടാട്ടലാം
കർണ്ണകഠോര നിനാദമില്ല;
വർണ്ണങ്ങഠം നാലുണ്ടുവെങ്കിലുമജ്ഞാനം
നിർണ്ണയിച്ചില്ലല്ലോ യോഗപ്പെണ്ണേ!—എത്ര
സ്വർണ്ണരാജ്യമതു ജ്ഞാനപ്പെണ്ണേ!

60 ഹിന്ദുസ്ഥാനത്തെയധിവസിക്കും
ഹിന്ദുക്കളൊക്കെയൊരുപോലെ
എന്തൊരു കഷ്ടം: മലയാളത്തിൽ മാത്രം
ഏന്തിയല്ലോയിതു യോഗപ്പെണ്ണേ!—ബഹു
കുന്തമല്ലേയിതു ജ്ഞാനപ്പെണ്ണേ!

61 തിട്ടം മറാട്ടയിൽ ചെന്നാലും
ആട്ടു കൊള്ളേണ്ട നാമോടേണ്ട
പൊട്ടും പുടവയും ചാർത്തിനടന്നിടാം
നാട്ടാർ പിണങ്ങില്ല യോഗപ്പെണ്ണേ!—നല്ല
കൂട്ടുകെട്ടും കിട്ടും ജ്ഞാനപ്പെണ്ണേ!

62 തുളുനാടനെമ്പ്രാന്മാരിവിടെ വന്നാൽ
വിളികാട്ടി നടക്കുന്നു വഴി മാററുന്നു,
തുളുനാട്ടിലുണ്ടോയീത്തീണ്ടലെന്തിന്നിവർ
വെളിപാടുണ്ടാകുന്നു യോഗപ്പെണ്ണേ!—എന്തു
പൊളിയാണിപ്പറയുന്നു ജ്ഞാനപ്പെണ്ണേ!

---

57) വിലയാളുകഠം = അടിമകഠം.

63 ജാപ്പാനിലെങ്ങാനും തീണ്ടലുണ്ടോ
യാപ്പാണത്തുണ്ടോ സിലോണിലുണ്ടോ
ഇപ്പാരിലെങ്ങുമിതുപോലെ യജ്ഞാനം
കേൾപ്പാനേയില്ലല്ലോ യോഗപ്പെണ്ണേ!—എന്തു
കോപ്രായമാണിതു ജ്ഞാനപ്പെണ്ണേ!

64 ഇററിററു വീഴുന്ന കണ്ണുനീരോ—
ടിററലിരാജ്യത്തുമോടേണ്ട,
കുററങ്ങൾ കേൾക്കേണ്ട, കുറിമുണ്ടുടുക്കേണ്ട,
ചിററക്കാരാണൊക്കെ യോഗപ്പെണ്ണേ!—ജാതി
മാററങ്ങളേയില്ല ജ്ഞാനപ്പെണ്ണേ!

65 ലണ്ടൻ പരിഷ്കൃത രാജ്യമല്ലേ?
ഉണ്ടോയവിടെയീത്തീണ്ടാട്ടം?
കണ്ടവർ ഹിന്ദുവകുപ്പിലനേകം പേ-
രുണ്ടല്ലോ സാക്ഷിക്കു യോഗപ്പെണ്ണേ!—തീണ്ടൽ
കണ്ടകമാണല്ലോ ജ്ഞാനപ്പെണ്ണേ!

66 മലയാളരാജ്യത്തിലല്ലാതെ
ഉലകിങ്കലെങ്ങുമിത്തീണ്ടലില്ല
*തലയാളികളായ ഹിന്ദുമഹാജനം
നിലപ്പിക്കണമിതു യോഗപ്പെണ്ണേ!—ധർമ്മം
തലപൊക്കട്ടെ വേഗം ജ്ഞാനപ്പെണ്ണേ!

67 ഈറനുടുത്ത തണുപ്പുമൂലം
ഈറപിടിച്ചു നിലം തൊടാതെ

---

63) കോപ്രായം = ഗോഷ്ടി.

64) ചിററക്കാർ = സ്നേഹിതൻമാർ; ബന്ധുക്കൾ

66) തലയാളി = തലവൻ; പ്രധാനി * തലയാളികളായുള്ള (പാഠഭേദം)

67) ഈറൻ = നനഞ്ഞ മുണ്ട്. ഈറപിടിച്ചു = കോപിഷ്ട രായി; ഈർഷ്യയോടു കൂടിയവരായി. ചീറുക = കോപിക്കുക; കലഹിക്കുക.

മാറെടാ പോടാ എന്നോതി മഹാജനം
ചീറുന്ന നിത്യവും യോഗപ്പെണ്ണേ! – ബോധം
മാറുന്ന ചിത്തത്തിൽ ജ്ഞാനപ്പെണ്ണേ!

68 വഴിക്കുളം തീണ്ടിയെന്നോതി മന്ദം
വഴക്കടിക്കുന്നു ചില ജനങ്ങൾ
കിഴിപ്പണം വാങ്ങിച്ചു പുണ്യാഹം ചെയ്യിച്ചു
കിഴുക്കുന്നു സാധുവെ യോഗപ്പെണ്ണേ!—ഏററം
പഴിക്കുന്നഹൊ കഷ്ടം ജ്ഞാനപ്പെണ്ണേ!

69 ചണ്ഡാളന്മാരെപ്പുലയരെയും
കണ്ണാലെ കണ്ടാൽ കുളികഴിയും
ഉണ്ണാനരക്കില്ല, തരമുണ്ടെങ്കിലൊന്നു
പുണ്യാഹവും ചെയ്യും യോഗപ്പെണ്ണേ!—എന്തു
പുണ്യമതുകൊണ്ടു ജ്ഞാനപ്പെണ്ണേ!

70 ശങ്കരക്ഷേത്രേ ഗമിക്കുന്നേരം
സങ്കര ജാതിയെക്കണ്ണിൽ കണ്ടാൽ
കിങ്കരന്മാരെക്കൊണ്ടോട്ടിയോടിക്കുന്നു
സങ്കടം ചേർക്കുന്നു യോഗപ്പെണ്ണേ! —എന്തു
പങ്കപ്പാടാണിതു ജ്ഞാനപ്പെണ്ണേ!

71 പട്ടണത്തിങ്കൽ വളരെ ഭേദം
നാട്ടുമ്പുറത്തിൽ നടക്കാൻ മേലാ,
ആട്ടുന്നു, തല്ലുന്നു, പുത്തൻ വാങ്ങിക്കുന്നു,
നട്ടം തിരിക്കുന്നു യോഗപ്പെണ്ണേ—അതു
കേട്ടാൽ കരഞ്ഞു പോം ജ്ഞാനപ്പെണ്ണേ.

---

68) കിഴുക്കുക = കൈ ചുരുട്ടി വിരൽമുട്ടുകൊണ്ട് തലയിൽ ഇടിക്കുക.

70) സങ്കര ജാതികൾ = മിശ്രജാതികൾ; കീഴ്ജാതിക്കാർ. പങ്കപ്പാട് = അപമാനം; ഉപദ്രവം, ശരീരക്ലേശം

71) പുത്തൻ വാങ്ങിക്കുന്നു = പണം വാങ്ങിക്കുന്നു. നട്ടം തിരിക്കുക = കഷ്ടപ്പെടുത്തുക.

72 കടക്കാൻ വിരോധിച്ച വഴിയെന്നുള്ളിൽ–
കടക്കാതെ സാധുക്കളകപ്പെട്ടമ്പോഠം
ഇടിത്തീ വരുമ്പോലെ ചിലകൂട്ടരോടിവ–
ന്നിടിക്കുന്നു, പിടിക്കുന്നു, യോഗപ്പെണ്ണേ!—പണം
കൊട്ടക്കുന്നു, നടക്കുന്നു, ജ്ഞാനപ്പെണ്ണേ!

73 പൊമ്പണം കയ്യിലിരിക്കുന്നതും
ചെമ്പു കാശെന്നു പറഞ്ഞില്ലെങ്കിൽ
വമ്പേറിടും ചിലർ നായന്മാരെക്കൂടി–
യമ്പോ! വിറപ്പിക്കും യോഗപ്പെണ്ണേ!—നമ്മെ–
പ്പമ്പരം പാടിക്കും ജ്ഞാനപ്പെണ്ണേ!

74 നല്ലരിവച്ചു നാമുണ്ടെന്നാലും
ചൊല്ലരുതായതൊരുത്തരോടും
കല്ലരിയെന്നു പറഞ്ഞാൽ വഴക്കില്ല
നല്ലരീതിയിതു! യോഗപ്പെണ്ണേ!—മേലിൽ
ചൊല്ലരുതീവിധം ജ്ഞാനപ്പെണ്ണേ!

75 കാഷ്ഠം ഭുജിച്ചു നടന്നിരുന്ന
പട്ടിക്കു ചാരേ നടന്നു കൊള്ളാം
കഷ്ടം! മനുഷ്യർക്കു പാടില്ലയെന്നുള്ള
ചട്ടം നിറുത്തണ്ടേ, യോഗപ്പെണ്ണേ!—നിങ്ങഠം
ശിഷ്യന്മാരല്ലയോ ജ്ഞാനപ്പെണ്ണേ!

76 മാടിനെക്കണ്ടാലരികിലേയ്ക്കു്
മാടിവിളിച്ചു നമസ്കരിക്കും,
ഓടിക്കും മനുജാതിനികരത്തെ പാർശ്വത്തിൽ
കൂടിപ്പോയാലപ്പോഠം യോഗപ്പെണ്ണേ!—ഏതൊ-
രേടിൽ കണ്ടീച്ചട്ടം? ജ്ഞാനപ്പെണ്ണേ!

---

72) ഉള്ളിൽ കടക്കാതെ = മനസ്സിലാകാതെ
73) പമ്പരം പാടിക്കുക = കഷ്ടപ്പെടുത്തുക.
75) കാഷ്ഠം = അമേദ്ധ്യം.

77 നാല്ക്കാലികളിലും താഴെയെന്നോ
ഇക്കാണും മാനുഷസോദരന്മാർ!
ഇക്കാലത്തിരുപതാം നൂററാണ്ടിലുമിതു
നീക്കാററായില്ലല്ലോ യോഗപ്പെണ്ണേ! —എന്തൊ—
രാശ്ചര്യമാരാണു നിങ്ങടെ ജ്ഞാനപ്പെണ്ണേ.

78 തീണ്ടലായിട്ടന്നോര ജ്ഞാനം
കൊണ്ടു ഭവിച്ചീടുമാപത്തുകരം
ഉണ്ടോ പറഞ്ഞാലൊടുങ്ങുന്നു? മുന്നനാ—
ളുണ്ടു ദൃഷ്ടാന്തങ്ങൾ യോഗപ്പെണ്ണേ! —അതു
കണ്ടവരുണ്ടു പോൽ ജ്ഞാനപ്പെണ്ണേ!

79 പണ്ടൊരു ചേകവർ പാതിരാവിൽ
കുണ്ടു വഴിയേ നടന്നിടുമ്പോൾ
പണ്ടാര പ്രേതത്തെത്താങ്ങി നാലഞ്ചുപേർ
മണ്ടി വരുന്നല്ലോ യോഗപ്പെണ്ണേ! —അതു
കണ്ടാൽ കഥ തീരും ജ്ഞാനപ്പെണ്ണേ!

80 സാഹസം ചൊല്ലി മൃതശരീര—
വാഹക ലോകമണഞ്ഞീടുമ്പോൾ
മോഹാന്ധനായ് തീയ്യൻ മുന്നോട്ടു പാഞ്ഞപ്പോൾ
ഹാഹാരവം കേട്ടു യോഗപ്പെണ്ണേ! —കേട്ടാൽ
മോഹാലസ്യപ്പെടും ജ്ഞാനപ്പെണ്ണേ!

81 കാര്യക്കാരാണെന്നറിഞ്ഞു തീയ്യൻ
കാര്യങ്ങളൊക്കെയും ബോധിപ്പിച്ചു;
ധൈര്യം നടിക്കാതെ മാറിപ്പോടായെന്നു
കാര്യക്കാരും ചൊല്ലി യോഗപ്പെണ്ണേ! —ശേഷം
കാര്യം കഥിക്കണോ ജ്ഞാനപ്പെണ്ണേ!

82 കൂരിരുട്ടും കണ്ടെടവഴിയും
കാരിയക്കാരരും പണ്ടാരവും
പാരമടുത്തപ്പോൾ മദ്ധ്യസ്ഥിതൻ തീയ്യൻ
പാരതിൽ മോഹിച്ചു യോഗപ്പെണ്ണേ! —ചത്തു
നേരം വെളുത്തപ്പോൾ; ജ്ഞാനപ്പെണ്ണേ!

---

79) കുണ്ടുവഴി = നിരപ്പില്ലാത്തവഴി

83 കൊമ്പൻ മദിക്കുന്നൊരു തലയ്ക്കൽ
നമ്പൂരിയുണ്ടു മറു തലയ്ക്കൽ
അമ്പോടടുത്തുനേരം മദ്ധ്യസ്ഥിതൻ തീയ്യൻ
കൊമ്പനെക്കൂപ്പുന്നു യോഗപ്പെണ്ണേ!—എന്തു
കമ്പമാണജ്ഞാനം ജ്ഞാനപ്പെണ്ണേ!

84 ക്ഷോണീസുരനുമൊരു നായരും
തോണിയിലേറിത്തുഴയുന്നേരം
വീണൊരുകാററും മഴയുമുടൻ വള്ളം
താണു സലിലത്തിൽ യോഗപ്പെണ്ണേ!—രണ്ടും
കേണു തുടങ്ങിനാർ ജ്ഞാനപ്പെണ്ണേ!

85 വെള്ളമണലിൽ പതിഞ്ഞിരുന്നു
വെള്ളം കുടിയായി രണ്ടുപേരും
പള്ള നിറഞ്ഞപ്പോൾ നമ്പൂരി കൈകൊണ്ടു
വെള്ളത്തിൽ ചുററിച്ചു യോഗപ്പെണ്ണേ!—അതി-
ന്നുള്ളത്ഥം കേൾക്കണ്ടേ ജ്ഞാനപ്പെണ്ണേ!

86 വിലക്കിക്കൈ ചുററിച്ചതിൻെറയർത്ഥം
കലക്കിക്കുടിക്കുവാനാണു പോലും
നിലയില്ലാത്തപ്പോഴും ജാതിഭേദം ചൊല്ലി
കലഹിച്ചു പോയല്ലോ യോഗപ്പെണ്ണേ!—എന്തു
വിലയില്ലാത്താചാരം ജ്ഞാനപ്പെണ്ണേ!

87 മന്നവന്മാർ ധരാദേവന്മാർക്കും
പിന്നെ ശൂദ്രാദി ചരണജർക്കും
തന്നെയല്ലിക്കുററം സങ്കരജാതിക്കു-
മെന്നോടൊന്നുണ്ടല്ലോ യോഗപ്പെണ്ണേ!—അതും
നിന്നു കേട്ടീടുക ജ്ഞാനപ്പെണ്ണേ!

88 തീയ്യൻ കണക്കനെ ക്കണ്ടെന്നാൽ
കയ്യോടെ ആട്ടിയകററുന്നു,
അയ്യാ തടുക്കുവാൻനായരില്ല, തൻെറ
കയ്യിലുമുണ്ടിതു യോഗപ്പെണ്ണേ!—അപ്പോൾ
വയ്യാതടുക്കുവാൻ ജ്ഞാനപ്പെണ്ണേ!

89 കണക്കൻ പുലയനെക്കണ്ടെന്നാൽ
കണക്കിൽ പുലമ്പിയകററുന്നു
പിണക്കം വേണ്ടെന്നൊരു തിയ്യനുരക്കാമൊ?
വണങ്ങണ്ടെ കണക്കന്മാർ യോഗപ്പെണ്ണേ!—എന്തു
ഗുണം കെട്ടനാചാരം ജ്ഞാനപ്പെണ്ണേ!

90 പുലയൻ പറയനുമുള്ളാടനും
തലതല്ലിമരിക്കുന്നു തീണ്ടൽമൂലം,
ഫലമെന്താണിതുകൊണ്ടു ഹിന്തുവംശംകെട്ടു
ബലമില്ലാതാകുന്നു യോഗപ്പെണ്ണേ!—തീണ്ടൽ
നിലച്ചാലെ ഗുണമുള്ളു ജ്ഞാനപ്പെണ്ണേ!

91 നാട്ടിൻ ഗുണത്തിന്നു നമ്പൂരിമാർ
വിട്ടു കളയണം തീണ്ടിച്ചിട്ടും
കേട്ടവർ കേട്ടവർ പിന്നെയീയാചാരം
തോട്ടിലെറിഞ്ഞീടും യോഗപ്പെണ്ണേ—ഗുണം
കിട്ടുമെന്നാലുടൻ ജ്ഞാനപ്പെണ്ണേ

92 മലയാള രാജ്യത്തു നമ്പൂരിമാർ
തലയാളികളല്ലെ, ക്ഷത്രിയരും?
സ്ഥലകാലം നോക്കീട്ടീത്തീണ്ടൽ കുറയ്ക്കാഞ്ഞാൽ
നില തെററാതിരിക്കുമോ യോഗപ്പെണ്ണേ!—ഹിന്തു-
കുലമൊക്കെ മുടിഞ്ഞീടും ജ്ഞാനപ്പെണ്ണേ!

93 അന്ത്യജനായ പറയൻപോലും
'വെന്തീഞ്ഞ'യിട്ടു വരുന്നനേരം
എന്തേ വിലക്കാത്തു? വെന്തീഞ്ഞ മാഹാത്മ്യം
ചിന്തിച്ചിട്ടാകയൊ യോഗപ്പെണ്ണേ!—എന്തൊ-
രന്ധ വിശ്വാസങ്ങൾ ജ്ഞാനപ്പെണ്ണേ!

---

89) കണക്കൻ = തെങ്ങുകയററം കുലത്തൊഴിലായുള്ള ഒരു (ഹിന്തു) വിഭാഗത്തിന് മദ്ധ്യകേരളത്തിൽ ചില ഭാഗങ്ങളിൽ പറയുന്ന ജാതിപ്പേർ.

92) തലയാളികൾ = പ്രമാണികൾ.

93) വെന്തീഞ്ഞ = കഴുത്തിൽ ധരിക്കുന്ന കുരിശടയാളം? ഉത്തരീയം.

94 വാരാണസി കണ്ട വാലനേയും
ചാരേ നടന്നാലടിച്ചോടിക്കും
നേരേ വരാപ്പുഴപ്പള്ളിയിൽ പോയോനെ-
യാരും തടുക്കില്ല യോഗപ്പെണ്ണേ!—ഏതിൽ
ചേരുമീ ന്യായങ്ങൾ ജ്ഞാനപ്പെണ്ണേ!

95 രാമായണങ്ങൾ പഠിച്ച തീയ്യൻ-
രാമനാക്കു വഴി മാറിടേണം
തോമനായാലവൻ വഴിമാറിച്ചാകേണ്ട
കേമനായിപ്പോയി യോഗപ്പെണ്ണേ—നോക്ക
റോമാ മാഹാത്മ്യങ്ങൾ ജ്ഞാനപ്പെണ്ണേ!

96 അയ്യരെന്നുള്ള പെരുമ്പറയൻ
തീയ്യരെപ്പേടിച്ച പണ്ടൊരിക്കൽ
മയ്യയിൽപോയി തിരിച്ചു വന്നന്നേര-
മയ്യാവുമാപ്പിള, യോഗപ്പെണ്ണേ!—തെല്ലും
വയ്യാ ചിരിക്കുവാൻ ജ്ഞാനപ്പെണ്ണേ!

97 വാക്കൈ പൊത്തിക്കൊണ്ടു തമ്പ്രാക്കളേ!
കാക്കണേ"യെന്നു പറയുന്നവർ
വെക്കം വരാപ്പുഴെച്ചെന്നു വരുന്നേരം
നിക്കെള്ളി കിട്ടി യോഗപ്പെണ്ണേ!—അപ്പോ
ളൊക്കെ "മേനോക്ക്യേച്ചൻ" ജ്ഞാനപ്പെണ്ണേ!

---

94) വാരാണസി = കാശി. വരാപ്പുഴപ്പള്ളിയിൽ പോകുക = ഈ കവിത എഴുതുന്ന കാലത്ത് കവിയുടെ ജൻമദേശത്തിലും പരിസരപ്രദേശങ്ങളിലും ''വരാപ്പുഴപ്പള്ളിയിൽപോകുക'' എന്ന പ്രയോഗത്തിന് മാർക്കം കൂടുക അഥവാ ക്രിസ്തുമതം സ്വീകരിക്കുക എന്ന അർത്ഥം കൽപ്പിച്ചിരുന്നു.

97) മേനോക്യച്ചൻ = മേനോക്കി + അച്ചൻ മേനോക്കി എന്നത് നായൻമാരുടെ ഇടയിൽ ഒരു സ്ഥാനപ്പേർ 'മേനോൻ' എന്ന പദത്തോട് അച്ചൻ എന്നു കൂട്ടിച്ചേർത്തു'മേനോച്ചൻ' എന്നും മേനോക്യച്ചൻ എന്നുമൊക്കെയാണ്, 'കീഴ്ജാതി' ക്കാർ നായൻമാരെ സംബോധന ചെയ്തിരുന്നത്.

98 അന്തണന്മാർ നിജ ഭക്തരാകും
ഹിന്തു ജനങ്ങളെയാട്ടിയോട്ടി
വെന്തീഞ്ഞ ചാത്തിച്ചുചാരെ വിളിക്കുന്ന-
തെന്തൊരു സാഹസം യോഗപ്പെണ്ണേ!—ഉള്ള
വെന്തുപോകുന്നല്ലൊ ജ്ഞാനപ്പെണ്ണേ!

99 ഉത്തമ ഹിന്തു മതമയ്ലി—
ന്നുത്തമാംഗങ്ങളെന്നോതുന്നവർ,
ചിത്ര വർണ്ണങ്ങളായീടുമപരാംഗ—
വത്തി ലോകങ്ങളെ—യോഗപ്പെണ്ണേ—തെല്ലു
ശത്രുക്കളാക്കാമോ ജ്ഞാനപ്പെണ്ണേ!

100 ഉത്തമാംഗം കൊണ്ടപരാംഗം
കൊത്തിച്ചുളക്കിക്കളഞ്ഞെന്നാൽ
അത്തലുണ്ടാകുമക്കേകിയെക്കാണുന്ന
മർത്ത്യർ ചിരിച്ചിടും യോഗപ്പെണ്ണേ!—ഇതും
ഹൃത്തിൽ വച്ചീടുക ജ്ഞാനപ്പെണ്ണേ!

101 ആലവട്ടത്തിൽ മുടികളിലും
പീലി നിരകാം വിലസും പോലെ
നാലു വർണ്ണങ്ങളും ചേന്നു മതാന്തരേ
കാലു വച്ചീടുന്നു യോഗപ്പെണ്ണേ!—അപ്പോൾ
താലോലിക്കും ചിലർ ജ്ഞാനപ്പെണ്ണേ!

102 ആര്യപുരാതന ഹിന്തുമത—
സാരങ്ങളൊക്കെപ്പരിശോധിച്ചാൽ
സാരമില്ലാ, തീണ്ടലജ്ഞാനമൂർത്തിയെ—
ന്നാരും പറഞ്ഞീടും യോഗപ്പെണ്ണേ!—ചില
കാരണം കേൾക്കുക ജ്ഞാനപ്പെണ്ണേ!

---

99) ഉത്തമാംഗം = ശിരസ്സ്. അപരാംഗം = മററുള്ള അവയവം.
100) കേകി = മയിൽ

103 പണ്ടു ശ്രീരാമനും ലക്ഷ്മണനും
വണ്ടണിവേണി വിദേഹജയും
താണ്ടിയില്ലേ സരയൂനദിയാപ്പോക്കിൽ
തണ്ടു വലിച്ചതാർ? യോഗപ്പെണ്ണേ! — അന്നു
തീണ്ടിക്കുളിയുണ്ടോ? ജ്ഞാനപ്പെണ്ണേ!

104 ശൃംഗിവേരാധിപനാകും ഗുഹൻ
തുംഗ പ്രതാപനിധിയരയൻ,
അങ്ങിനെയായിട്ടും ശ്രീരാമസ്വാമിയാ—
ലിംഗനം ചെയ്തില്ലേ? യോഗപ്പെണ്ണേ— എന്തു
മംഗലമക്കാലം ജ്ഞാനപ്പെണ്ണേ!

105 പട്ടാഭിഷേക സമയത്തിലും
കൂട്ടത്തിലാഗ്ഗുഹൻ വന്നിരുന്നു;
പട്ടന്മാരെന്നല്ല നമ്പൂതിരിമാരു-
മാട്ടിക്കളഞ്ഞില്ല യോഗപ്പെണ്ണേ! —ഒക്കെ-
ത്തൊട്ടുതിന്നും പോയി ജ്ഞാനപ്പെണ്ണേ!

106 മുക്കണ്ണൻ ദേവൻ മധുരയിങ്കൽ
മിക്കതും ലീലയായ്‌വാണ കാലം
മുക്കുവത്തിക്കു പുടവ മുറിച്ചിട്ടു
മാർക്കത്തിലാക്കിയോ, യോഗപ്പെണ്ണേ! — ജാതി
നീക്കി നിറുത്തിയോ? ജ്ഞാനപ്പെണ്ണേ!

107 കാളിയരയത്തി പെററതല്ലേ
കേളിയേറും വ്യാസ മാമുനിയെ?
നാളീക നേത്രയെ ശന്തനു രാജാവും
വേളി കഴിച്ചില്ലേ യോഗപ്പെണ്ണേ!—അത്ര
കോളാക്കിയോ തീണ്ടൻ? ജ്ഞാനപ്പെണ്ണേ!

108 ആ വധൂമാണിക്യം കാളിയമ്മ
ശ്രീ വത്സരാജസുതയെന്നാലും

---

103) താണ്ടിയില്ലേ = കടന്നില്ലേ.

106) ശ്രീ പരമേശ്വരൻ ധീവരതരുണിയെ വിവാഹം കഴിച്ച കഥ ഹാലാസ്യ മാഹാത്മ്യത്തിൽ പ്രതിപാദിച്ചിരിക്കുന്നു.

ധീവരന്മാരുടെ ചോറുതിന്നല്ലയോ
യൌവ്വനമായത്തു? യോഗപ്പെണ്ണേ!—എത്ര
ചൊവ്വുള്ള നാളത്തു ജ്ഞാനപ്പെണ്ണേ!

109 കുറത്തിയെ വേട്ടില്ലേ സുബ്രഹ്മണ്യൻ
കുറവെന്താണതുകൊണ്ടു ചൊല്ലീടുവിൻ,
നിറഞ്ഞ പരാശക്തി തന്നംശഭൂതങ്ങളാം
കുറവനും വിപ്രനും യോഗപ്പെണ്ണേ!—ആർക്കും
കുറവില്ലെന്നറിയേണം ജ്ഞാനപ്പെണ്ണേ!

110 ഒട്ടു പേരുണ്ടല്ലോ പഞ്ചഭൂത-
ക്കെട്ടിടമൊക്കെയശുദ്ധമാക്കാൻ;
തൊട്ടുകൂടാ മഹാ പാപികളാണവർ,
ആട്ടിയകററുക യോഗപ്പെണ്ണേ!—ഗുണം
കിട്ടുമെന്നാലുടൻ ജ്ഞാനപ്പെണ്ണേ!

111 കാമപ്പറയൻ കരിമ്പറയൻ
ക്ഷേമത്തരുവിന്നിടിവാളാം,
ആ മഹാ പാപിയെയോടിച്ചകറേറണ
മീമഹീവാനവർ യോഗപ്പെണ്ണേ!—പിന്നെ
ആമയമില്ലല്ലൊ ജ്ഞാനപ്പെണ്ണേ!

112 ക്രോധപ്പറയൻ കൊടുമ്പറയൻ
ബോധ വിളക്കിൻ കൊടുങ്കാററു്,

---

109) കുറത്തി വള്ളിയെ സുബ്രഹ്മണ്യൻ വേട്ട കഥ സുവിദിതമാണ്.

110) പഞ്ചഭൂതക്കെട്ടിടം = ശരീരം. മനുഷ്യനെ അശുദ്ധമാക്കുന്ന അഥവാ അവരല്ലാതാക്കിത്തീർക്കുന്ന ദുർഗ്ഗുണങ്ങളെയാണ് മാററി നിറുത്തേണ്ടത്. താഴെ വരുന്ന പദ്യങ്ങളിൽ അവ എടുത്തു പറയുന്നു.

112) കോപം മനുഷ്യൻെറ സദ്ബുദ്ധിയെ നശിപ്പിക്കുന്നു. ''ക്രോധമല്ലോ നിജധർമ്മക്ഷയകരം — ക്രോധം പരിത്യജിക്കേണം ബുധജനം — എഴുത്തച്ഛൻ

മേധാവികളാ ശ്വപചനെ വേഗത്തിൽ
രോധിച്ചു നിത്തണം യോഗപ്പെണ്ണേ!—എന്നാൽ
ബാധകമില്ലല്ലോ ജ്ഞാനപ്പെണ്ണേ!

113 ഓടിക്ക ലോഭപ്പറയനേയും
ചാടിക്ക തോറും തുറകളിലും
തേടിക്കൊൾകീശ്വര പാദങ്ങളെപ്പോഴും
കൂടിക്കൊൾകാനന്ദം യോഗപ്പെണ്ണേ!—മന്ദം
വാടിക്കഴങ്ങേണ്ട ജ്ഞാനപ്പെണ്ണേ!

114 മോഹപ്പുലയനെക്കണ്ണിൽ കണ്ടാൽ
ഹാഹാരവം പൊടി പാററിക്കൊൾക
മോഹം മുഴുത്തു സമസൃഷ്ടിയെത്തെല്ലും
ദ്രോഹിച്ചു പോകല്ലെ, യോഗപ്പെണ്ണേ!—എല്ലാ
ദേഹങ്ങളും ശരി, ജ്ഞാനപ്പെണ്ണേ!

115 ഉണ്ടു മദമെന്നൊരുള്ളാടൻ
രണ്ടു കാതം വഴി മാറിട്ടവൻ,
കണ്ടു കൂടാമപ്പോളാനന്ദവീടിൻെറ
തണ്ടും താഴും പൂട്ടും യോഗപ്പെണ്ണേ!—സുഖ-
മുണ്ടതിൽ പാക്കുവാൻ ജ്ഞാനപ്പെണ്ണേ!

116 കണ്ണിലസൂയാസുരനെക്കണ്ടാൽ
തൊണ്ണൂറടിയാട്ടിയോടിക്കണം,
ഖണ്ഡിച്ചവനെയകററുമ്പോളുള്ളിലെ-
ക്കണ്ണു തെളിഞ്ഞിടും യോഗപ്പെണ്ണേ!—മഹീ-
വിണ്ണവന്മാരവർ ജ്ഞാനപ്പെണ്ണേ!

117 മാത്സര്യമെന്ന പറയനേയും
ഉൽസ്രജിച്ചാലെ ഭവികമുള്ളു,

---

മേധാവികൾ=ബുദ്ധിമാൻമാർ ശ്വപചൻ = പറയൻ (ശ്വാവിനെഭക്ഷിക്കുന്നവൻ) രോധിക്കുക = തടയുക. ബാധകം = എതിർക്കുന്നത്, കേടുവരുത്തുന്നത് (ഹേതു)

116) മഹീവിണ്ണവൻമാർ = ബ്രാഹ്മണർ.

117) ഉൽസ്രജിക്കുക = ഉപേക്ഷിക്കുക.
ഭവികം = ക്ഷേമം; ഭാഗ്യം

വത്സലത്വം സഹജീവികളിൽ ചേർക്ക,
ഭത്സീക്കരുതല്ലൊ യോഗപ്പെണ്ണേ!—എന്തൊ—
രുത്സവമാണെന്നാൽ ജ്ഞാനപ്പെണ്ണേ!

118 മുമ്പിൽ ചരിക്കും വിചാര ശിഷ്യൻ
ദംഭത്തിനെയാട്ടിപ്പായിക്കട്ടെ,
തമ്പുരാൻ ശാംഭവദീപവും സൂക്ഷിച്ച
സ്തംഭം പോൽ വാഴക യോഗപ്പെണ്ണേ!—അപ്പോഠം
കുമ്പിടുമെല്ലാരും ജ്ഞാനപ്പെണ്ണേ!

119 പാർത്ഥിവന്മാർക്കും ധരാസുരക്കും
സ്വാർത്ഥപരത്വം മുഴക്കുകയാൽ
പാർത്തലമൊക്കെപ്പരാധീനമായെന്ന
പാത്താലറിഞ്ഞിടാം യോഗപ്പെണ്ണേ!—ഓത്തി—
ട്ടാത്തി മുഴക്കുന്നു ജ്ഞാനപ്പെണ്ണേ!

120 ഈയിന്ത്യാ രാജ്യമടച്ച മുന്നം
സ്ഥായിയോടെ ഹിന്തു ഭൂപർ കാത്ത
ആയധികാരങ്ങഠം ജാതിഭേദം മൂലം
മായുകയും ചെയ്തു യോഗപ്പെണ്ണേ!—എത്ര
പേയാണീയജ്ഞാനം ജ്ഞാനപ്പെണ്ണേ!

121 ഭൂവരൻ നമ്പൂരി നായന്മാരും
ധീവരൻ തീയ്യന്മാരാശാരികഠം

---

118) ദംഭം = അഹങ്കാരം; കാപട്യം. ശാംഭവദീപം = കർപ്പൂര ദീപം (പരിശുദ്ധിയും പ്രകാശവും കലർന്ന ദീപം)

119) പരത്വം = വ്യത്യാസം. സ്വാർത്ഥപരത്വം മുഴക്കുകയാൽ = സ്വാർത്ഥതയിൽ നിന്നു ഉടലെടുത്ത വ്യത്യാസങ്ങഠം മുഴുത്തതുമൂലം. രാജാക്കൻമാരുടേയും ബ്രാഹ്മണരുടേയും സ്വാർത്ഥതയിൽ നിന്നാണ് ജാതിവ്യത്യാസം ഋജ്ജുവായിത്തീർന്നത്. അതു ഹിന്തുമതത്തെയും ഹിന്തുക്കളുടെ ആധിപത്യത്തെത്തന്നെയും നശിപ്പിച്ചുവെന്ന് ചില പദ്യങ്ങളിൽ പറയുന്നു. പരാധീനമായി = അന്യാധീനമായി (വിദേശാധിപത്യത്തിലായി.)

121) വെക്കം = വേഗത്തിൽ; പെട്ടെന്ന്.

ഈവിധമേറെ വകുപ്പുകളായപ്പോ൦
ഭാവഭേദം മൂത്തു യോഗപ്പെണ്ണേ! —വെക്കം
ദൈവകോപം വന്നു ജ്ഞാനപ്പെണ്ണേ!

122 ജാതിഭേദത്താലനേകമത്യ-
പ്പാതിരാക്കുരിൽ മലയാളം
പാതിയിലേറെ മറഞ്ഞു വരുന്നെന്ന
ഖ്യാതിയും വർദ്ധിച്ചു യോഗപ്പെണ്ണേ! —അതു
ഭീതിക്കിടയാക്കി ജ്ഞാനപ്പെണ്ണേ!

123 ഹിന്ദുലോകങ്ങൾക്കു തമ്മിൽ തമ്മിൽ
ആന്തരസ്നേഹമില്ലെന്ന വൃത്തം
ഹന്ത! ധരിച്ചു പലവഴിക്കും പരി-
പന്ഥികൾ വന്നെത്തി യോഗപ്പെണ്ണേ! —കൂടെ
ലന്തയും വന്നല്ലൊ ജ്ഞാനപ്പെണ്ണേ!

124 അപ്പാ! പല പല ജാതികളാ-
ണ്ണുേംപ്പോരും കേളിയും തീർന്നമൂലം
ഇപ്പാരടക്കുവാൻ നാനാദിക്കിൽ നിന്നും
മാപ്പിളമാർ വന്നു യോഗപ്പെണ്ണേ! —കൂടെ
ടിപ്പുവും വന്നല്ലൊ ജ്ഞാനപ്പെണ്ണേ!

125 അക്കാലം ഹിന്ദുക്കൾ തീണ്ടലിൻെറ
തൃക്കാലും നമ്പിയിരിക്കുകയാൽ

---

122) ഖ്യാതി = പ്രസിദ്ധി.
വൃത്തം = വൃത്താന്തം; വർത്തമാനം

123) ആന്തരസ്നേഹം = ഹൃദയത്തിൽ അഥവാ മനസ്സിൽ ഉള്ള സ്നേഹം (ഉള്ളുകൊണ്ടുള്ള സ്നേഹം). പരിപന്ഥികൾ = ശത്രുക്കൾ ലന്ത = ലന്തക്കാർ. ഹിന്ദുക്കളുടെ ഇടയിൽ ജാതിമൂലമുണ്ടായ അന്യോന്യവിരോധത്തെയും വിശ്വാസമില്ലായ്മയേയും ചൂഷണം ചെയ്യുവാനും ഒടുവിൽ ഇന്ത്യൻ ജനതയെ അടിമകളാക്കാനും ലന്തക്കാർ ഫ്രഞ്ചുകാർ പേർത്തുഗ്രീസുകാർ ഒടുവിൽ ഇംഗ്ലീഷ്കാർ എന്നിങ്ങനെ പല രാജ്യക്കാരും വന്നതു ചരിത്രമാണല്ലൊ.

തോക്കായുധമാക്കി നാടടക്കാൻ ചില
"കോക്കായികരം" വന്നു യോഗപ്പെണ്ണേ!—വേഗം
മക്കാളിയുമെത്തി ജ്ഞാനപ്പെണ്ണേ!

126 പട്ടാണിമാർക്കും പറങ്കികരംക്കും
കിട്ടാതെയീരാജ്യ മേങ്കോയ്മകരം
ബ്രിട്ടീഷിനാക്കിക്കൊടുത്ത ദൈവം കൃപാ-
വൃഷ്ടിപ്രദൻ തന്നെ യോഗപ്പെണ്ണേ!— ഇപ്പോരം
തുഷ്ടന്മാരായി നാം ജ്ഞാനപ്പെണ്ണേ!

127 ഹിന്ദുമതത്തെ ഇനിയെങ്കിലും
അന്തരമെന്യേ പരിപാലിക്കാൻ
അന്തണന്മാരും നൃപന്മാരും കൂടിയാൽ
ചിന്തപോൽ സാധിക്കും യോഗപ്പെണ്ണേ!-അപ്പോരം
ബന്ധുക്കളായൊക്കെ ജ്ഞാനപ്പെണ്ണേ!

128 മിക്ക വൈദീകരും ഭൂപാലരും
തൻകഴൽ കൂപ്പുമിതരന്മാരും
ഒക്കെഹിന്ദുക്കളിൽ പ്രാമാണ്യമുള്ളവർ
ഒക്കണമേകത്ര യോഗപ്പെണ്ണേ!—എന്നി-
ട്ടോർക്കണം കാര്യങ്ങരം ജ്ഞാനപ്പെണ്ണേ!

129 തീണ്ടിക്കുളിയിനി വേണ്ടയെന്നും
തീണ്ടാട്ടരുതിനി മേലിലെന്നും
ഉണ്ടാക്കണം ചട്ടമന്നേര മാശ്വാസ
മുണ്ടാകുമുണ്ടാകും യോഗപ്പെണ്ണേ!—മതം
കൊണ്ടാടി വർദ്ധിക്കും ജ്ഞാനപ്പെണ്ണേ!

130 കൂട്ടത്തിൽ നിന്നു വിലക്കി നിത്തൽ
ഭ്രഷ്ടുകളും പ്രായശ്ചിത്തങ്ങളും

---

125 കോക്കായി അഥവാ കോക്കാൻ = കാട്ടുപൂച്ച, കുട്ടികളെ ഭയപ്പെടുത്താൻ പറയാറുള്ള വാക്ക്.

127) അന്തരമെന്യേ = വ്യത്യാസമില്ലാതെ

128) ഏകത്ര = ഒരിടത്ത്.

ഒട്ട കുറയ്ക്കുണമെന്നും സമീചീന
ചട്ടമുണ്ടാക്കണം യോഗപ്പെണ്ണേ!—മതം
പെട്ടെന്നുയർന്നിടും ജ്ഞാനപ്പെണ്ണേ!

131 വൈദികർ തൊട്ട മഹാശയന്മാർ
വാദം കളഞ്ഞിതുപോലെ ചെയ്യാൽ
ഖേദങ്ങളെല്ലാമകലുമന്നേ മംഗ-
ളോദയമുണ്ടാവൂ യോഗപ്പെണ്ണേ!—യോഗ-
ക്ഷേമവും വർദ്ധിക്കും ജ്ഞാനപ്പെണ്ണേ!

132 തീണ്ടലാകും ദശകന്ധരൻെറ
കണ്ഠംമുറിക്കും കരുണാകരൻ
ഇണ്ടലെന്യേ രാജരാജാധിരാജനാം
രണ്ടാം രഘുവരൻ യോഗപ്പെണ്ണേ!—വാഴ്ക
വേണ്ടവോളം കാലം ജ്ഞാനപ്പെണ്ണേ!

133 അത്തിരുമേനിയിത്തീണ്ടിച്ചട്ടം
എത്ര കുറയ്ക്കുന്നന്നുദിവസം
ഉത്തമദൃഷ്ടാന്തമൊന്നു രണ്ടല്ലല്ലോ
പത്തു നൂറായിരം യോഗപ്പെണ്ണേ!—സത്യ-
വേത്താവിത്തമ്പുരാൻ ജ്ഞാനപ്പെണ്ണേ!

134 ജാതിയിലീഴവനെന്നാലും
നീതിയും വിദ്യയുമുള്ളാളിനെ
ഭൂതിയരുളുന്നു * ജഡ്ജിയായ് വയ്ക്കുന്നു,
ഖ്യാതികൂട്ടീടുന്നു യോഗപ്പെണ്ണേ!—എത്ര
നീതിമാനിദ്ദേഹം ജ്ഞാനപ്പെണ്ണേ!

135 ശീലഗുണവും പഠിപ്പുമുള്ള
വാലനും തച്ചനും പാണന്മാർക്കും

---

130) സമീചീനച്ചട്ടം = ഉചിതമായ നിയമം.

133) സത്യവേത്താവ് = സത്യത്തെ അറിയുന്നവൻ, ജ്ഞാനി.

134) ഭൂതി = ഐശ്വര്യം, ഭാഗ്യം.

* അയ്യാക്കുട്ടി ജഡ്ജിയുടെ നിയമനമാണ് ഇതിലെ പരാമർശം.

ജോലി കല്പിക്കുന്നു, തൃക്കൺ പതിക്കുന്നു,
പാലിക്കുന്നു നിത്യം യോഗപ്പെണ്ണേ—സത്യ-
ലോലുപനീനൃപൻ ജ്ഞാനപ്പെണ്ണേ!

136 പുണർതം തിരുനാളവതരിച്ച
ഗുണഗണസങ്കേതമീ നൃപതി
അണയുമജ്ഞാനങ്ങളാം നീക്കിയീരാജ്യത്തെ
ഘൃണയാ ഭരിക്കട്ടെ യോഗപ്പെണ്ണേ!—നല്ലോ-
രുണർവാകട്ടെ നാട്ടിൽ ജ്ഞാനപ്പെണ്ണേ!

137 വാഴട്ടെ വാഴട്ടെ മാടഭൂപൻ
വാഴട്ടെ വാഴട്ടെ രാമവർമ്മൻ
വാഴട്ടെ വാഴട്ടെ ജി. സി. ഐ. ഇ. ഭൂപൻ
വാഴട്ടെ വാഴട്ടെ യോഗപ്പെണ്ണേ!—തീണ്ടൽ
താഴട്ടെ താഴട്ടെ ജ്ഞാനപ്പെണ്ണേ!

138 വഞ്ചിവസുധാവലാന്തകൻെറ
കിഞ്ചന കാരുണ്യമുണ്ടാകുമ്പോൾ
പഞ്ചത്വം ചേരുമീ തീണ്ടിക്കുളിച്ചിട്ടും
നെഞ്ചകം ശുദ്ധമാം യോഗപ്പെണ്ണേ!—ലോക-
വഞ്ചനയല്ലിതു ജ്ഞാനപ്പെണ്ണേ!

139 വാഴുക വാഴുക വഞ്ചിഭൂപൻ
വാഴുക വാഴുക മൂലർക്ഷജൻ

---

136) പുണർതംനാൾ = രാജർഷിയുടെ ജൻമനാൾ.
ഘൃണ = കരുണരസം, ദയ.

137) ജി. സി. ഐ. ഇ. = രാജർഷി എന്നു പ്രസിദ്ധനായ രാമവർമ്മ മഹാരാജാവിന് ഈ കൃതിയുടെ രചനാ കാലത്തുണ്ടായിരുന്ന ബഹുമതിബിരുദം. ജി. സി. എസ്. ഐ. എന്ന ബഹുമതി അതിനുശേഷമാണ് കിട്ടിയത്.

138) വഞ്ചിവസുധാവലാന്തകൻ = തിരുവിതാംകൂർ മഹാരാജാവ്. പഞ്ചത്വം ചേരും = മരണമടയും, നശിക്കും.

139) മൂലർക്ഷജൻ = തിരുവിതാംകൂറിലെ മൂലംതിരുനാൾ മഹാരാജാവ്.

വാഴ്ക വാഴ്ക ധർമ്മക്ഷമാവരൻ
വാഴ്ക വാഴ്ക യോഗപ്പെണ്ണേ!—തീണ്ടൽ
താഴ്ക താഴ്ക ജ്ഞാനപ്പെണ്ണേ!

140 മർമ്മം പിളർക്കുന്ന ഹാഹാരവം
ഓർമ്മയുള്ളാളുകൾ നിർത്തിയെന്നാൽ
നർമ്മമല്ലല്ലോ തിരുവിതാംകൂറന്നു
ധർമ്മക്ഷിതിയാകും യോഗപ്പെണ്ണേ!—വേഗം
ശർമ്മവും വർദ്ധിക്കും ജ്ഞാനപ്പെണ്ണേ!

141 ശക്തിപോരെങ്കിലും ഹിന്ദുമത-
സക്തിമുഴക്കുക കൊണ്ടിവണ്ണം
യുക്തിപറഞ്ഞതിൽ തെറ്റുണ്ടെങ്കിൽ തീർത്തു
മുക്തിയരുളുക യോഗപ്പെണ്ണേ!—പരാ-
ശക്തി തുണയ്ക്കുക ജ്ഞാനപ്പെണ്ണേ!

---

ധർമ്മക്ഷമാവരൻ = തിരുവിതാംകൂർ രാജാവ്.

140) ഓർമ്മയുള്ളാളുകൾ = അറിവുള്ളവർ, അഭിജ്ഞൻമാർ നർമ്മമല്ല = നേരമ്പോക്കല്ല. ശർമ്മം = സുഖം; സന്തോഷം.

141) സക്തി = താൽപ്പര്യം; സ്നേഹം

# ഉദ്യാനവിരുന്നു്

അഥവാ

## ഒരു ധീവരന്റെ ആവലാതി

(കൊച്ചീമഹാരാജവിലേയ്ക്കു് സമർപ്പിച്ചതു്)

## അവതാരിക

കേവലം കാവ്യ ശാസ്ത്രവിനോദങ്ങളെക്കൊണ്ടു് കാലയാപനം ചെയ്യുവാനുള്ള ഒരു അവസ്ഥാന്തരത്തിലല്ല നാം ഇപ്പോഠം സ്ഥിതി ചെയ്യുന്നതു്. രാഷ്ട്രീയങ്ങളും സാമുദായികങ്ങളുമായ അവശതകളുടെ പരിഹാരത്തെയാണു് നമുക്കു് ഇപ്പോഠം ആരായുവാനുള്ളതു്. അതുകൊണ്ടു് രാഷ്ട്രസമുദായ വിഷയകങ്ങളായ കവനങ്ങളെ അധഃകൃതന്മാർ സവിശേഷം സ്വാഗതം ചെയ്യുന്നതിൽ അത്ഭുതമില്ല. പ്രസംഗങ്ങളേയും പ്രക്ഷോഭണങ്ങളേയും അപേക്ഷിച്ച അത്തരം കവനങ്ങഠക്കു് ഉദ്ദേശ സാദ്ധ്യത്തിൽ കൂടുതൽ ശക്തി കാണുന്നു. എല്ലാ സമുദായത്തിലും സഹൃദയന്മാർ ധാരാളമുണ്ടു്. കാവ്യലീനങ്ങളായ ചമൽക്കാരങ്ങഠം അവരെ ആഹ്ലാദിപ്പിക്കാതെയും ഇരിക്കയില്ല. വിനോദം വഴിക്കു് കരണീയ ബോധം ഉളവാക്കുവാൻ സാധിക്കുക എന്നാണല്ലൊ കാവ്യത്തിൻെറ അസാധാരണമായ മാഹാത്മ്യവിശേഷം.

മേൽ പ്രതിപാദിച്ച രണ്ടു വിഷയങ്ങളേയും ക്രോഡീകരിക്കുന്നതാണു് ഉദ്യാനവിരുന്നു്.

സുശീലനും വിനീതനുമായ മി. കറുപ്പൻ ഉദ്യാനവിരുന്നിലല്ല മറേറതു സന്ദർഭങ്ങളിലും, തന്നെ ക്ഷണിച്ചില്ലെങ്കിലും ഒട്ടും പരിഭവിക്കുന്ന പ്രകൃതക്കാരനല്ലെന്നു് അദ്ദേഹവുമായി അടുത്തു പരിചയിച്ചിട്ടുള്ള ഞങ്ങഠക്കൊക്കെ നല്ലവണ്ണം അറിയാവുന്നതാണു്. എന്നാൽ ജാതിപ്പേരിൽ അധികൃതന്മാർ ചെയ്ത അവധീരണയെ സഹിച്ചിരിക്കുവാൻ സമുദായാഭിമാനം അദ്ദേഹത്തെ സമ്മതിക്കാത്തതിൻെറ ഫലമാണു് സരസമായ ഈ കാവ്യ സഞ്ചിക.

“ഉർവ്വശീശാപം ഉപകാരം” എന്നു പറഞ്ഞതു പോലെ, ഇതിലെ കവിതാഗുണങ്ങൾ വിചാരിക്കു മ്പോൾ അന്നത്തെ അധികൃതന്മാർ ആ വിരുന്നിൽ മി. കറുപ്പനെ ക്ഷണിക്കാതിരുന്നതു് നന്നായെന്നാ ണു് ഇപ്പോൾ ഞങ്ങൾക്കു തോന്നുന്നതു്. ഉദ്യാനവിരു ന്നിലെ കാപ്പി അകത്തായിരുന്നെങ്കിൽ ഇതുപോലെ ഫലിത പ്രധാനമായ ഒരു കവിത പുറത്താകുവാൻ സംഗതി ഇല്ലായിരുന്നു. മഹാരാജാവു് തിരുമനസ്സു കൊണ്ടു് ഈ കവിത തൃക്കൺ പാർത്തതിൽ ഇതിലെ യുക്തികളും ഫലിതങ്ങളും തിരുമനസ്സിലേയ്ക്കു് വള രെ ബോധിച്ചുവെന്നും പിന്നീടുണ്ടായിട്ടുള്ള രാജ കീയ സമ്മേളനങ്ങളിലൊക്കെ നമ്മുടെ കവിക്കു് ക്ഷ ണം കിട്ടിയിരുന്നുവെന്നുമാണു് ഞങ്ങളുടെ അറിവു്.

‘ജാതിക്കുമ്മി’ ‘ദീനരോദനം’ മുതലായ ലളിത ഗാനങ്ങളുടെ കർത്താവായ മിസ്റ്റർ കറുപ്പൻ ഇനിയും സാമുദായിക കവനങ്ങളിൽ ശ്രദ്ധ പതിപ്പിച്ചാൽ കൊള്ളാമെന്നാണു് ഞങ്ങളുടെ ആഗ്രഹം.

ഈ ഖണ്ഡകാവ്യം മിതവാദിയുടെ വിശേഷാൽ പ്രതിയിൽ പ്രസിദ്ധീകൃതമായ കാലത്തുതന്നെ ചില പത്രങ്ങൾ ഇതിനെപ്പററി വളരെ നല്ല അഭിപ്രായം പറഞ്ഞിട്ടുള്ളതായി ഓർക്കുന്നു.

കേരളത്തിലെ അരയ (ധീവര) സമുദായത്തി ൻെറ യോഗ്യതകളെ വിശദീകരിക്കുന്ന ഈ ചെറു പുസ്തകത്തിന്നു് അവരിൽനിന്നും, മററെല്ലാ സഹൃദ യന്മാരിൽ നിന്നും യഥാവിധി സഹായാനുമോദന ങ്ങൾ ലഭിക്കുമെന്നുള്ള വിശ്വാസത്തോടുകൂടി ഇതിനെ സജ്ജന സമക്ഷം അവതരിപ്പിച്ചു കൊള്ളുന്നു.

എന്നു്,

കൊടുങ്ങല്ലൂർ
31—1—1106

കെ. ആർ. ഗോവിന്ദൻ

ആരെക്കേരള സാഹിതീ കുശലനെ—
        ന്നോതുന്നു, സന്തോഷമോ—
ടാരിൽ കാര്യ സമാവലോകനഭരം
        രാഷ്ട്രീയ മേകീ നൃപരൻ
ആ രമ്യാശയനാദരാലവസരം
        പാലിച്ചു മുമ്പാകെവെ—
ച്ചാരാലമ്പിലുണർത്തുവാൻ കവിതയാ-
        യിക്കാരി മോതുന്നിവൻ.

1 മുദ്രാഹീനയശസ്സിനാലുലകിതിൻ
        ഭാഗങ്ങൾ ഭൂഷിച്ചിടും
മദ്രാമണ്ഡലമാന്യ സൽപ്രഭുവരൻ
        ശ്രീഘോഷനും പ്രഭ്വിയും
ഭദ്രാത്മൻ! തിരുമേനിയെന്നു മതുല-
        പ്രേമം ഭരിക്കുന്നൊരീ—
സദ്രാജന്മഹിയിങ്കലെത്തിയ മഹം
        സ്തുത്യർഹമായ് തീർന്നതേ.

---

യശഃശരീരനായ സാഹിത്യകുശലൻ ശ്രീ. തോട്ടയ്ക്കാട്ടു കുഞ്ഞുകൃഷ്ണമേനോൻ വഴിയ്ക്കാണ് കവി, തൻെറ ''ഉം പ്പായും കദനങ്ങൾ'' 'പദ്യവടിവിൽ' മഹാരാജാവിന് സമർപ്പിച്ചത്. ശ്രീ മേനോൻ ശ്രീ കറുപ്പൻെറ അഭ്യുദയ കാംക്ഷിയായിരുന്നു. ഇവർക്കിടയിൽ സഹോദര നിർവിശേഷവും സുദൃഢവുമായ മൈത്രീ ബന്ധവുമുണ്ടായിരുന്നു. ഇതെഴുതുന്ന കാലത്ത് ശ്രീ മേനവൻ കൊച്ചിയിലെ നിയമോപദേഷ്ടാവായിരുന്നു.

1 (മദിരാശി ഗവർണരായ ഘോഷൻ പ്രഭു പത്നീ സമേതനായി കൊച്ചിയിൽ വന്ന സന്ദർഭത്തിൽ ഉണ്ടായ ഘോഷം വളരെ ശ്ലാഘനീയമായിരുന്നു എന്നു സാരം)

മുദ്ര = അടയാളം; കളങ്കം. മുദ്രാഹീനം = അകളങ്കിതം. മഹം = ഉൽസവം, ആഘോഷം. മദ്രാമണ്ഡലം = മദ്രാസ് പ്രവിശ്യ. സദ്രാജൻമഹി = നല്ല നാട്ടുരാജ്യം.

ത്തൃക്കാരുണ്യ കടാക്ഷ വൈഭവവശാൽ
        ചൊൽക്കൊള്ളുമിക്കൊച്ചിയാം
സർക്കാർ ചെയ്തോരൊരുക്കമൊക്കെ വളരെ-
        ബ്ഭേഷായിരുന്നെങ്കിലും
തൽക്കാലത്തിഹ തമ്പുരാൻെറ വകയായ്-
        കല്പിച്ചോരത്തേയില -
സ്സൽക്കാരം ചെറുതന്നു ദൂഷിതമതായ്—
        ത്തീർന്നെന്നുണർത്തുന്നിവൻ.

3 ചൊല്പാളുന്നെറണാകുളത്തു മരുവു-
        'ന്നെമ്മെൽസി'കൾക്കൊക്കെയും
ചെല്ലാവുന്ന വിരുന്നിലീയടിയനെ-
        ക്കൂടെ ക്ഷണിച്ചീടുകിൽ
വല്ലായ്മക്കിടമെന്തു? താടികലരും
        മർത്ത്യൻ കരേറീടുകിൽ
കല്ലോലങ്ങളിലാഴുമോ തരണി? ആർ
        ചെയ്തീവിധം ദുർവിധം?

---

2 വിശിഷ്ടാതിഥികളുടെ സ്വീകരണത്തിനായി കൊച്ചി സർക്കാർ ചെയ്ത ഒരുക്കങ്ങളൊക്കെ ശ്ലാഘനീയങ്ങളായിരുന്നുവെങ്കിലും തദവസരത്തിൽ മഹാരാജാവിൻെറ വകയായി നൽകിയ തേയില സൽക്കാരം ''ചെറുതന്നു ദൂഷിതമായ്തീർന്നു''എന്നുള്ള പ്രസ്താവനയോടെ വളച്ചുകെട്ടൊന്നും കൂടാതെ നേരെ പ്രകൃതത്തിലേയ്ക്ക് കടക്കുകാണ്.

3 (പ്രസ്തുത തേയില സൽക്കാരത്തിൽ ക്ഷണിക്കപ്പെട്ടവരുടെ എണ്ണം ഏററവും പരിമിതമായിരുന്നു എങ്കിലും എറണാകുളത്തെ എം. എൽ. സി. കളെ എല്ലാവരേയും ക്ഷണിച്ച സ്ഥിതിക്ക് ഒരു എം. എൽ. സി യായ കവിയെ മാത്രം ക്ഷണിക്കാതിരുന്നതു എന്തു കൊണ്ടാണെന്നന്വേഷിക്കുന്നു. ''താടിക്കാരൻ കയറിയാൽ തോണി മുങ്ങുമോ?''എന്നുള്ള പഴമൊഴിയെ അനുസരിച്ചു ''താടികലരും മർത്ത്യൻ കരേറീടുകിൽ കല്ലോലങ്ങളിലാഴുമോ തരണി''എന്നു പ്രയോഗിച്ചിരിക്കുന്നു.) തരണി = തോണി.

4 സാമാന്യാധികരണ്യമുണ്ടടിയനിൽ
സാമാജികത്വത്തിനും
ശ്രീ മാടക്ഷിതിപാല വീര! ചെറിയോ-
രദ്ധ്യാപകത്വത്തിനും;
ധീമാന്മാരിതിലാദ്യമോതിയ നില-
ക്കല്ലേ ക്ഷണിക്കേണ്ടതും-
പ്രേമാൽ, പാൽനുകരും സലീലമവിടെ-
ത്തള്ളും മരാളോത്തമൻ.

5 സൌരജ്യാഹൃത ലോകനായി വിലസും
ശ്രീമാട ഭൂമീന്ദ്രനാ-
ലാരാഷ്ട്രീയ സദസ്സിനായ് നിയമിതൻ
തൃപ്പാദ ദാസാഗ്രണി
ഘോരാഹിത്യ നിരാകൃതിക്കു വശനായ്-
ത്തീർന്നുള്ള ദുഃഖത്തിനെ-
പ്പേരാളും തിരുമുമ്പിലെന്നിയെയുണർ-
ത്തിക്കേണ്ട ദിക്കേതുവാൻ?

---

4 സാമാജികത്വം (എം. എൽ. സി) വും, അദ്ധ്യാപകത്വവും അടിയനിൽ ഉണ്ട്. ഒരുവനിൽ രണ്ടു ഗുണങ്ങളുള്ളപ്പോൾ ഉൽകൃഷ്ടഗുണത്തെ അവലംബിച്ചല്ലെ അവനെ ശ്ലാഘിക്കേണ്ടത്? പാലും വെള്ളവും കൂടി വച്ചുകൊടുത്താൽ, അരയന്നം പാൽ മാത്രം കുടിക്കുന്നുവല്ലോ, ബുദ്ധിമാൻമാരായ സജ്ജനങ്ങളും ആ രീതിയെയല്ലെ അവലംബിക്കേണ്ടത്?) സാമാന്യം = തുല്യമായ. അധികരണ്യം = ആധിപത്യം, അധികാരം, ശക്തി. മരാളോത്തമൻ = ഹംസശ്രേഷ്ഠൻ.

5 (ശോഭനമായ രാജ്യഭരണംകൊണ്ട് എല്ലാവരേയും സന്തോഷിപ്പിച്ചരുളുന്ന മഹാരാജാവ് തിരുമനസ്സിനാൽ നിയമനിർമ്മാണസഭയിൽ നിയമിതനും തൃപ്പാദഭക്തനുമായ ഒരുവൻ ഭയങ്കരവും അനാശാസ്യവുമായ ഒരു നിഷേധത്തിനു അടിമപ്പെട്ടതിൽ നിന്നുണ്ടായ ദുഃഖത്തെ തിരുമുമ്പിലല്ലാതെ മററെവിടെയാണ് ഉണർത്തിക്കേണ്ടത്)

സൌരാജ്യം = സദ്ഭരണം. സൌരാജ്യാഹൃതലോകൻ = സദ്ഭരണംകൊണ്ടു ജനഹൃദയങ്ങളെ കയ്യടക്കിയ (ആകർഷിച്ച) വൻ.

6 കാറില്ലാത്തതുമൂലമോ? പുകളെഴ
　　ന്നൌദ്യോഗികാദായയമ-
ഞ്ഞൂറില്ലാത്തതുമൂലമോ, പഴയതാം
　　പേരേടിലില്ലായ്കയോ,
വേറില്ലാളുകരം കൂററിലെന്ന ധൃതിയോ
　　മൂലം മനഃപൂർവ്വമായ്
കൂറില്ലാതെ വെടിഞ്ഞുപോലടിയനെ-
　　ക്കാരുണ്യ വാരാന്നിധേ!

7 ആചാരപ്പടി പാർത്തുകാൺകിലടിയൻ
　　സദ്ധീവരൻ, നല്ലെഴ-
ന്നാചാന്താഗമവാർദ്ധിമുത്തണികയാ-
　　ലമ്മട്ടിലും ധീവരൻ.

---

6. (ലോക്കൽ എം. എൽ. സി. കളുടെ കൂട്ടത്തിൽ നിന്നു കവി യെ ഒരാളെ മാത്രം തള്ളിക്കളവാനുള്ള കാരണം എന്തായിരിക്കു മെന്നു കവി ഇങ്ങനെയെല്ലാം സംശയിക്കുന്നു. മോട്ടോർകാർ ഇല്ലാഞ്ഞിട്ടോ, താൻ അത്രമേൽ ധനികനല്ലാഞ്ഞിട്ടോ, അഞ്ഞൂറു റുപ്പിക ശമ്പളമില്ലാഞ്ഞിട്ടോ (അഞ്ഞൂറുറുപ്പികയിൽ കുറഞ്ഞ ശമ്പളക്കാരെ ക്ഷണിച്ചിട്ടില്ല എന്നൊരു കിംവദന്തി ഉണ്ടായിരു ന്നു) പഴയ ലിസ്ററിൽ തൻെറ പേരില്ലായ്കയാലോ, അഥവാ താൻ ദുർബല പക്ഷത്തിൽ ചേർന്ന വ്യക്തിയാണെന്നുള്ളതു കൊണ്ടോ, എന്തുകൊണ്ടാണു വെടിഞ്ഞതു എന്നു മനസ്സിലാ കുന്നില്ല എന്നും, ഏതായാലും ഈ വെടിയൽ കൂറില്ലാതെ ഉണ്ടാ യതാണെന്നും സാരം.
കൂററ് = ബന്ധുത്വം, സ്നേഹം, കൂറ്. ധൃതി = ധാരണ ധൈര്യം, മനസ്സുറപ്പ്.

7 അദ്ധ്യാപകത്വം പ്രമാണിച്ച് ക്ഷണിക്കാതിരുന്നത് നന്നായില്ലെന്നു കാണിക്കുന്നു എങ്ങിനെയെന്നാൽ:- സാധാരണ വിദ്വാൻമാരെല്ലാം ഒരുവിധത്തിൽ ധീവരൻമാരാണ്. അടിയൻ അ ങ്ങിനെയല്ല. അടിയൻ രണ്ടുവിധത്തിലും ധീവരൻമാരാണ് ജാത്യാ ധീവരൻ വാർദ്ധിമുത്തണിയും = കടലിലെ മുത്തുകളെടുത്തു ചാർത്തും. അതിനുംപുറമെ ആഗമവാർദ്ധിയിലെ = ശാസ്ത്ര

ആചാര്യത്വവുമുണ്ടു: ചാരുധിഷണാ-
നിസ്തേജിതാമർത്ത്യലോ-
കാചാര്യോത്തമ! പിന്നെയെന്തടിയനെ-
ക്കാപ്പിക്ക തോൽപ്പിക്കുവാൻ?

8 ഇല്ലഞ്ഞൂറിലിടിഞ്ഞ ശമ്പളമെഴുന്നെ-
മ്മെൽസികാംക്കാക്കുമ-
ച്ചൊല്ലഞ്ചുന്ന വിരുന്നിനുള്ള കുറിയെ-
ന്നാണെങ്കിൽ ന്യായമതിൽ
തെല്ലയ്യോ നിനയാതെ തൽക്കുറിയയ-
ച്ചാനിശ്ചയത്തേയുമ-
ന്നുല്ലംഘിച്ചു, നരേന്ദ്ര! യുക്തിയണുവും
തോന്നുന്നതില്ലായതിൽ.

9 ഭൃജാനെ! മദിരാശി രാഷ്ട്രസഭയിൽ
ചണ്ഡാല വർഗ്ഗീയനായ്

---

(വേദ)ക്കടലിലെ 'മുക്താവലി'യെ അണിയും ഇതിനുംപുറമെ ആചാര്യത്വവുമുണ്ടു്. ചാരുധിഷണാ........ആചാര്യോത്തമ = ബുദ്ധിവൈഭവം കൊണ്ടു ഗീഷ്പതിയെ ജയിച്ചിരിക്കുന്ന തിരുമേനി! പിന്നെ അടിയനെ കാപ്പിക്ക് തോൽപ്പിക്കുന്നതു-ടി പാർട്ടിക്കു ക്ഷണിക്കാതിരുന്നതു് എന്തുകൊണ്ടാകുന്നു)

8 (മി. കറുപ്പനെ ഉദ്യോഗസ്ഥന്റെ നിലയിലാണു ഗണിച്ചതെന്നും, അഞ്ഞൂറുറുപ്പികയിൽ കുറഞ്ഞ മാസപ്പടിയുള്ളവരെ ആരേയും പ്രസ്തുത വിരുന്നിൽ ക്ഷണിച്ചില്ലെന്നും കേട്ടതായ അഭിപ്രായത്തിന്റെ അവ്യവസ്ഥയെ താഴെ പദ്യം കൊണ്ടു ബോധിപ്പിക്കുന്നു)

(ശമ്പളത്തോതും പരീക്ഷായോഗ്യതകളും വച്ചാണു് ക്ഷണിച്ചതെങ്കിൽ അതിലും യുക്തിഭംഗമുണ്ടെന്നു സാരം)

ചൊല്ലഞ്ചുന്ന=വാക്കുകാംക്കതീതമായ. കുറി=ക്ഷണക്കത്തു്. ഉല്ലംഘിക്കുക = കൂട്ടാക്കാതിരിക്കുക; മറികടക്കുക.

9 (മദിരാശിയിലെ നിയമനിർമ്മാണ സഭയിൽ സമാജികനായിരുന്ന മി. എം. സി. രാജാ ചുരുങ്ങിയ ശമ്പളത്തിൽ ഒരദ്ധ്യാപകനും, ജാതിയിൽ പറയനുമാണു്. എന്നാൽ അദ്ദേഹത്തിനു

രാജാവെന്നൊരു മര്‍ത്ത്യനുണ്ട,വനുമ-
　　ങ്ങദ്ധ്യാപകന്‍ തന്നെയാം,
വ്യാജാപേതമയാരം സഘോഷമവിടെ-
　　ക്കാപ്പിക്കിരിക്കും പ്രഭോ!
ഹാ! ജാതിക്കറ! ശമ്പളക്കുറവിതി-
　　'ല്ലെമ്മെല്‍സി'കാക്കെങ്ങുമേ.

10 ചെമ്മാനാകിയ 'ചാംബര്‍ലേനി'നവിടെ
　　പ്രാമാണ്യ പീഠങ്ങളെ-
സ്സമ്മാനിപ്പവരാംഗളേയര്‍, അവര്‍ തന്‍
　　ദേശീയനാം ഘോഷനും
തന്മാന്‍ നേര്‍മിഴിയാരംകമായ്വു നൃപതേ!
　　വര്‍ഗ്ഗീയ ചിന്താവശാല്‍
ധര്‍മ്മാധര്‍മ്മ വിവേകമിന്നു ജഡമായു്
　　തീരുന്നവാറെങ്ങിനെ?

11 ചെല്ലാം താരണി നാരുകരക്കു തലയില്‍,
　　സംപൂജ്യമാകും കരി-
ങ്കല്ലാണെങ്കിലുമായ്വു മാന്ത്രിക മഹാ-
　　ലോകം പ്രതിഷ്ഠിക്കുകില്‍.

---

ഗവര്‍ണ്ണരുടെ ടീ പാര്‍ട്ടിയില്‍ സംബന്ധിക്കുവാന്‍ വിരോധമില്ലായിരുന്നു. നിയമസഭാ മെമ്പര്‍മാരെ ബഹുമാനിക്കുന്ന വിഷയത്തില്‍, ജനസമ്മതത്തെയല്ലാതെ ശമ്പളത്തേയും ജാതിയേയും പ്രമാണമാക്കുന്ന സമ്പ്രദായം സാവത്രികമല്ലെന്നു സാരം. സഘോഷം = ആഡംബര സമേതം, ഘോഷന്‍ (പ്രഭുവിനോടു കൂടെ എന്നും) ഭൂജാനി = രാജാവു്. വ്യാജാപേതം = കള്ളം കൂടാതെ; ഉപായമില്ലാതെ; നേര്‍വഴിക്കുതന്നെ.

10 (ചെമ്മാന്‍ = ചെരുപ്പുകുത്തി. ചാംബര്‍ലെയിന്‍ = ഒരാളുടെ പേര്‍. അദ്ദേഹം പിന്നീടു് പ്രധാനമന്ത്രിയായി. ആംഗ്ലേയര്‍ = ഇംഗ്ലീഷുകാര്‍. ചെരുപ്പുകുത്തിയെ പ്രധാനമന്ത്രിയാക്കുന്ന സായ്പന്‍മാര്‍ക്കു് വര്‍ഗ്ഗീയ ചിന്തകൊണ്ടു ധര്‍മ്മാധര്‍മ്മവിവേകം ജഡമായി തീരുകയില്ലെന്നു സാരം) ജഡം = മരവിച്ചതു്.

(മഹാരാജാവു് തിരുമനസ്സുകൊണ്ടു നിയമ നിര്‍മ്മാണ സഭയില്‍ കല്പിച്ചു നിശ്ചയിച്ച ഒരു മനുഷ്യനു ഭപാലും,

ചൊല്ലാളും തിരുമേനി രാഷ്ട്രസഭയിൽ
കല്പിച്ച മർത്ത്യന്നമി–
ങ്ങില്ലാ യോഗ്യത, ഹന്ത! നാടിതടവേ
ജാതീ! വിഴുങ്ങുന്ന നീ!!

12 മുമ്പിൽ കൊററിനു നോമ്പുനോററു മിഴിനീർ
തൂകിക്കരഞ്ഞന്തണൻ
കുമ്പിട്ടപ്പൊളവന്നു മാമറകളെ–
ക്കല്പിച്ച പാരാശരൻ;

---

ഇവിടെ വെറും നാരിൻെറയും കരിങ്കല്ലിൻേറയും യോഗ്യതകൂടി ഇല്ലാതാക്കിയ ജാതിയുടെ നാടു വിഴുങ്ങുന്ന ഭയങ്കരാവസ്ഥ യോർത്തു കവി അത്ഭുതപ്പെടുന്നു താരണിനാരു് = പൂക്കളെ വഹിക്കുന്ന (പൂമാലയിലെ) നാരു്.

(ഭാരതവർഷത്തിലെ പുരാണപ്രകാരം ധീവര സമുദായത്തിന്നു സിദ്ധിച്ചിട്ടുള്ള യോഗ്യതകളെ താഴെ എഴുതുന്ന ഏഴു പദ്യങ്ങളാൽ പറയുന്നു) ചെല്ലാം താരണിനാരുകൾക്കു് തലയിൽ =പൂക്കളോടുകൂടിയ നാരുകളെ (മാലയെ) തലയിൽ ചൂടുന്നു.

12 ജൈമിനി, വൈശമ്പായനൻ, പിപ്പല്യാദൻ, സുമന്തു എന്നീ നാലു ബ്രഹ്മണശിഷ്യൻമാരുമൊത്തു വ്യാസൻ സരസ്വതീ തീരത്തു വസിച്ചിരുന്ന അവസരത്തിൽ വേദം പഠിക്കണമെന്നുള്ള അവരുടെ ആഗ്രഹവും ആദരപൂർവ്വമായ അപേക്ഷയും അനുസരിച്ചാണു് കുഴഞ്ഞുകിടന്നിരുന്ന വേദങ്ങളിലെ 'നൂലാമാലകൾ' തീർത്തു അവയെ നാലായി പകുത്തു പഠിപ്പിച്ചുകൊടുത്തതു്. വേദങ്ങളെ വ്യസിച്ചതു് (വിഭജിച്ചതു്) കൊണ്ടാണു് 'വേദവ്യാസൻ' എന്ന പേരും വന്നതു്.

(കൊററിനു = ഭക്ഷണത്തിനു്. മാമറകളെ = വേദങ്ങളെ. പാരാശരൻ = വ്യാസൻ. അന്തണൻ നോമ്പുനോററു ഉപജീവനത്തിനുവേണ്ടി താണു കേണു പറഞ്ഞപ്പോൾ, വ്യാസമഹർഷി വേദങ്ങളെ അന്തണനു് കൊടുത്തു കളഞ്ഞു. എന്നാൽ ധീവരനായ വ്യാസൻ ദിവ്യദൃക്കായിരുന്നുവെങ്കിലും അമിതമായ കരുണയ്ക്കു കീഴ്പ്പെടുകയാൽ അദ്ദേഹത്തിൻെറ വംശ്യൻമാരായ പിള്ളർക്കു് (ധീവരൻമാർക്കു്) ജാതിമൂലം ഉണ്ടാവാൻ പോകുന്ന

ജൃംഭിക്കും കരുണസ്സു കീഴ്പ്പെട്ടുകയാ-
ലദ്ദിവ്യ ദൃക്കിങ്കലും
തമ്പിള്ളക്കു വരാനിരിക്കുമഴല-
ന്നോക്കാതിരിക്കാം മുനി.

13 ലാവണ്യക്കടലായിരുന്നൊരരയ-
പ്പെണ്ണേതു? കണ്ണേല്ക്കുമാ-
റാവഞ്ചിക്കു കടത്തിറക്കുമവളെ-
ക്കാമിച്ച വേട്ടുള്ളതാർ?
ആവന്ദ്യോത്തമ റാണി തൻെറ ഭവന-
ക്കാക്കിന്നു ടീ പാർട്ടിയിൽ

---

ദുഃഖങ്ങളെ കുറിച്ചു അദ്ദേഹം തൻെറ ദിവ്യദൃഷ്ടിയിൽ കാണാതിരുന്നിട്ടുള്ളതായിരിക്കണം എന്നു സാരം. ജൃംഭിച്ച=വർദ്ധിച്ച.

13 (ഇതിൽ ശന്തനുമഹാരാജാവു ധീവരതരുണിയായ സത്യവതിയെ പരിണയിച്ച പുരാണ കഥയെ സൂചിപ്പിച്ചിരിക്കുന്നു. സത്യവതിയെ ശന്തനുവിൻെറ ഭോഗിനിയാക്കാൻ ആവശ്യപ്പെട്ടതിൽ അവരുടെ അച്ഛനായ ധീവര മണ്ഡലേശ്വരന് അതശേഷം സമ്മതമായിരുന്നില്ല. തൻെറ മകൾ പെററുണ്ടാകുന്ന പുത്രനെ മന്നവനാക്കി വാഴിക്കാമെന്നു സത്യം ചെയ്തെങ്കിൽ മാത്രമേ താൻ ശന്തനുവിൻെറ ശ്വശുരനായിരിക്കയുള്ളുവെന്നാണ് ആ ധീവരേശ്വരൻ തലയുയർത്തി പറഞ്ഞതു്. ശന്തനുവിൻെറ ആഗ്രഹം നിറവേററുന്നതിനായി ധീവരപ്രമാണിയുടെ വ്യവസ്ഥകൾ സ്വീകരിച്ചു ഭീഷ്മർ നിത്യബ്രഹ്മചാരിയായി കഴിയേണ്ടിവന്ന കഥ സുപ്രസിദ്ധമാണല്ലോ. ചക്രവർത്തിയുടെ തിരുമുഖത്ത് നോക്കി ഇപ്രകാരം സംശയം കൂടാതെ പറഞ്ഞ ധീവരപ്രമാണി ഒരു ധീവരൻെറ സ്ഥാനഗതമായ ധൈര്യത്തേയും പുരാണ കാലത്തിൽ തൻെറ സമുദായത്തിനുണ്ടായിരുന്ന നിലയേയും വിലയേയും ലോകസമക്ഷം പ്രകാശിപ്പിച്ചു എന്നുള്ളതും തർക്കമെററ സംഗതിയായിരുന്നു. ആ വന്ദ്യോത്തമ റാണി തൻെറ ഭവനക്കാർക്ക് = സുപ്രസിദ്ധയായും, വന്ദ്യയായും, ഉത്തമയായും ഉള്ള ആ സത്യവതി ദേവിയുടെ താവഴിക്കാർക്ക്-അന്നു ശന്തനുമഹാരാജാവിൻെറ കുടുംബത്തോടു ബന്ധു

കേവഞ്ചിത്തല! ധിക്കരിച്ചിഹ പുരാ-
വൃത്തങ്ങളേ! നിങ്ങളെ

14 ലോകാനുഗ്രഹദക്ഷരായി വിലസും
തൽപൂർവ്വഭൂമീന്ദ്രരാൽ
നൌകാ യുദ്ധ സമത്ഥനെന്നു ബഹുധാ
സമ്മാനിതൻ ധീവരൻ

---

ത്വമുണ്ടായിരുന്ന ഒരു കുടുംബക്കാർക്ക്, ഇന്നത്തെ ''ടീപാർട്ടി'' യിൽ കേവഞ്ചിത്തലയാണ് ആധാരമായിരിക്കുന്നത്. ലോക്കൽ എം. എൽ. സികരം ഒട്ടുക്ക് ഉദ്യാനവിരുന്നിൽ സംബന്ധിച്ചിരിക്കുമ്പോരം പണ്ഡിററ് കറുപ്പൻ എം.എൽ സി. ഓടി വഞ്ചിയിലായിരുന്നു. (അന്നു മദ്രാസ് ഗവർണർക്കും മററും കാണുവാനുള്ള വള്ളം കളിയുടെ ചുമതല മി. കറുപ്പനായിരുന്നു.) ഈ പുരാണസ്മൃതിയിൽ നിന്നുള്ള നിർവ്വേദം കൊണ്ടായിരിക്കണം ''ധിക്കരിച്ചിഹ പുരാവൃത്തങ്ങളേ! നിങ്ങളെ'' എന്നു കവി പ്രയോഗിച്ചിട്ടുള്ളത്. പുരാണങ്ങളെ വിശ്വസിക്കുകയും, ആദരിക്കുകയും ചെയ്യുന്ന ഭാരതീയർ, ഇങ്ങനെയുള്ള സന്ദർഭങ്ങളിൽ ധീവര പ്രാതിനിത്യത്തെ വകവയ്ക്കാതിരുന്നത് പുരാണങ്ങളുടെ നേരെ ചെയ്യുന്ന ഒരു ധിക്കാരം തന്നെയാണല്ലോ. കേവഞ്ചി = കേവുവഞ്ചി; ഓടിവഞ്ചി. പുരാവൃത്തങ്ങരം = പുരാണങ്ങരം.

14 (പ്രസ്തുത തേയിലസൽക്കാരം 1101 തുലാത്തിലാണല്ലോ നടന്നത്. അന്നുണ്ടായിരുന്ന മഴയെ, മഹാരാജാക്കന്മാർക്കുവേണ്ടി നൌകായുദ്ധത്തിൽ ദേഹത്യാഗം ചെയ്തു സ്വർഗ്ഗതനായിരിക്കുന്ന ധീവരൻെറ — തൻെറ സന്തതിയെ ഉദ്യാനവിരുന്നിന് ക്ഷണിക്കാത്തതുകൊണ്ട് ദുഃഖാന്ധനായവൻെറ — കണ്ണീരായിട്ടു കവി ഉത്ഭാവനം ചെയ്യുന്നു.)

ദക്ഷൻ = സമർത്ഥൻ, പ്രാവീണരായവർ. ത്വത് = അങ്ങയുടെ. പൂർവ്വഭൂമീന്ദ്രർ = മുമ്പ് ഉണ്ടായിരുന്ന രാജാക്കൻമാർ. നൌകായുദ്ധം = കടൽയുദ്ധം. (Naval warfare) ബഹുധാ = പലവിധത്തിലും സമ്മാനിതൻ = ബഹുമാനിക്കപ്പെട്ടവൻ.

ആകാശത്തിലിരുന്ന തൻ തനയരെ—
ക്കാപ്പിക്കു തോൽപ്പിച്ചതിൽ
ശോകാന്ധൻ കരയുന്നതാണു്, മഴയ—
ല്ലിപ്പെയ്യതൊന്നും പ്രഭോ!

15 ഐറോപ്യാഗമനത്തിനൊട്ടു വളരെ—
ക്കാലത്തിനും മുമ്പിലി-
പ്പേരോലുന്ന കടൽക്കരയ്ക്കുരചനായ്
വത്തിച്ച ദാശാഗ്രണി
ഹാ! രോദിപ്പതുമായിടാം; സ്വകുലജ-
ന്മാക്കേററ ദുഃഖത്തിനെ—
ധീരോദഗ്രർ സഹിക്കയില്ലവർ പരം
ദൂരത്തിൽ വത്തിക്കിലും.

16 ഈ യോഗസ്ഥിതി കുന്നിലോതണമെനി—
ക്കെന്നെ, ബ്ധി പൊന്തീടിനാൻ,
കയ്യോടെ പറകെന്നു കാററുമവനെ—
ത്തട്ടിത്വരിപ്പിക്കവെ

---

15 (ആര്യന്മാരുടെ ആക്രമണത്തിന് മുമ്പ് ഇവിടത്തെ നിവാസികരം ധീവരന്മാരായിരുന്നു. ദാശ രാജാക്കന്മാരെ അക്കാലത്തിൽ ''തുറൈവന്മാർ'' എന്നു പറയും. തിരുവനന്തപുരം മുതലായ വലിയ പട്ടണങ്ങരംക്ക് ''തിരുവെൻതുറ'' എന്നും മററും ആയിരുന്നുവത്രെ നാമധേയങ്ങരം. അപ്രകാരം ഒരു കാലത്തു കടൽക്കരക്കധിപനായിരുന്ന ദാശാഗ്രണി രോദിക്കുന്നതാകാനും മതി. ഏതായാലും അതു സംഭവ്യമാണെന്നുള്ളതിനെ ഉത്തരാർത്ഥത്തിലെ അർത്ഥാന്തരന്യാസം കൊണ്ടു സമർത്ഥിച്ചിരിക്കുന്നു.)

ഐറോപ്യർ = യൂറോപ്പിൽ അധിവസിക്കുന്നവർ, യൂറോപ്യന്മാർ (Europeons). ദാശൻ = മുക്കുവൻ, മത്സ്യം പിടിച്ചു ഉപജീവനം കഴിക്കുന്നവൻ. ദാശാഗ്രണി = ദാശന്മാരുടെ നേതാവ് (രാജാവ്) ധീരോദഗ്രർ = ധീരതയിൽ ഉന്നതന്മാരായവർ; അതിധീരന്മാരായവർ.

അയ്യോ പോകൊല, കാപ്പി നമ്മുടെ സുതർ-
ക്കില്ലെങ്കിൽ വേണ്ടെന്തിനി-
ദുര്യോഗോദ്യമമെന്നു ഹന്ത! പെരിയാ-
റേണാക്ഷി കേണാളം ചിരം.

17 കാളിന്ദീ നദിയിങ്കലന്നു കമലപ്പൂ-
ംമ്പൈതൽ ക്കുപ്പുന്നൊരാ-
കാളിപ്പെണ്ണു സലീലമത്തരണിയിൽ
തൃക്കാലണച്ചായ്കിലോ
കേളിപ്പെട്ട പരാശരന്നഭിനവ-
ദ്വീപിൽ പ്രകാശോദയം

16 (അരയൻമാർ മിക്കവരും വരുണാലയവാസികളാകയാൽ, വരുണ ഭഗവാനു അവരുടെ നേരെ കൂടുതൽ മമതയ്ക്കു കാരണമുണ്ടെന്നു പറയേണ്ടല്ലൊ. അതു കൊണ്ടായിരിക്കണം ധീവര പ്രാതിനിധ്യത്തെ വിസ്മരിച്ചതിൽ അദ്ദേഹവും രോഷാകുല നായതു. ഏതായാലും അദ്ദേഹം ഈ സംഗതി കുന്നിൻമേൽ ചെന്നു തിരുമുമ്പിൽ ഉണർത്തിക്കുവാൻ . തീർച്ചപ്പെടുത്തി. അന്നത്തെ വേലിയേററം കണ്ടാൽ അതിനല്ലെന്നു പറയുവാൻ പ്രയാസവുമാണ്. വ്യവഹാരത്തിനു മുതിരുന്നവൻെറ പിന്നാലെകൂടി ഏഷണികൂട്ടി ബദ്ധപ്പെടുത്തുന്ന നാട്ടു കാര്യസ്ഥൻെറ മട്ടിൽ കാററും കടലിനെ കോലോം കേറുവാൻ സഹായിച്ചുകൊണ്ടു തന്നെ നിന്നു. എന്നാൽ ഈ പ്രളയ സാഹസത്തിനു ഒരു താൽക്കാലിക ശമനം വരുത്തിയത് അറബിക്കടലിൻെറ ധർമ്മദാരങ്ങളായ പെരിയാററാണ്. അവരാണ് ''അയ്യോ പോകൊല. കാപ്പി നമ്മുടെ സുതർക്കില്ലെങ്കിൽ വേണ്ട, എന്തിനീ ദുര്യോഗോഭ്യമം'' എന്നു കേണതും അന്നു കടലിലുണ്ടായിരുന്ന അസാമാന്യമായ ജലസമൃദ്ധിയേയും മേൽ വെള്ളത്തിൻെറ ഇടിച്ചിലിനേയും, 'അഴിമുഖ'ത്തുണ്ടായ ജല സമ്മർദ്ദത്തേയും ആസ്പദമാക്കി മേൽ പ്രകാരം വർണ്ണിക്കപ്പെട്ടിരിക്കുന്നു. ഉദ്യാനവിരുന്നിലെ ഈ തിരസ്കാരം പ്രകൃതിക്കുപോലും രസമായിരുന്നില്ല എന്നു സാരം) ദുര്യോഗോദ്യമം = ദുർവ്യവഹാരത്തിയുള്ള അഥവാ ദുഷ്കൃത്യത്തിനായുള്ള ഉദ്യമം (പുറപ്പാട്)

17 കമലപ്പൂമ്പൈതൽ = മഹാലക്ഷ്മി. അഭിനവദ്വീപ് = വളരെ പുതിയതായ ദ്വീപ്. ദാശതരുണിയായ സത്യവതിയുടെ

മേളിക്കും ദ്വവനൈക വന്ദ്യതനയൻ
സംഭൃതനായീടുമോ ?

18 ആ ലാവണ്യ പയോധിയാകുമരയ-
പ്പെണ്ണിന്നൊരുണ്ണിക്കിടാ—
വാലാക്കിൽ, സ്പൃഹണീയ വെൺമണലണി
ത്തിട്ടിൽ പിറക്കാഞ്ഞിലോ
നൂലാമാലകം തീർത്തു മാമറകളെ-
ദ്ദോഷജ്ഞർ വാഞ്ഛം വിധം
നാലായിട്ട പകുക്കവാനിതരനാ—
രുണ്ടായിരുന്നൂ പ്രഭോ!

19 മാലോകർക്കു മതിപ്രമോദമരുളും
ശ്രീമന്മഹാഭാരതം

---

അഭൌമമായ സൗന്ദര്യത്താൽ ആകൃഷ്ടനായ പരാശരമഹർഷി സ്വതപഃശക്തികൊണ്ടു കാളിന്ദീനദിയിൽ ഒരു ദ്വീപ് സൃഷ്ടിച്ചുവെന്നും അതെ ചുററി മൂടൽമഞ്ഞുകൊണ്ട് ഒരാവരണം ഉണ്ടാക്കിയെന്നും പുരാണത്തിൽ പറയുന്നു. ദ്വീപിൽ വച്ചു ജന്മം കൊണ്ടതു കൊണ്ടാണല്ലോ വ്യാസനു ദ്വൈപായനൻ എന്ന പേർ വന്നത്. സംഭൂതൻ = സംഭവിച്ചവൻ.

18 (ഇന്ത്യയിൽ വളരെ മഹർഷിമാർ അവതരിച്ചിട്ടുണ്ടായിരുന്നെങ്കിലും കുഴഞ്ഞുകൂടി താറുമാറായിക്കിടന്നിരുന്ന വേദങ്ങളെ പകുക്കുവാൻ വ്യാസനല്ലാതെ ആരാണുണ്ടായിരുന്നത്?)

സ്പൃഹണീയ = ആഗ്രഹിക്കത്തക്ക; അസൂയപ്പെടത്തക്ക. നൂലാമാല = കുടുക്ക്; കുഴപ്പം. ദോഷജ്ഞൻ = വിദ്വാൻ.

19 (ഇന്ത്യയ്ക്ക് അമൂല്യ സാഹിത്യ ധനങ്ങളായി ഗണിക്കാവുന്ന മഹാഭാരതവും, ശാകുന്തളവുമൊക്കെ ഒരു ലാവണ്യവതിയായ വാല (ധീവര) സ്ത്രീയുടെ ''ആ ലോലമല നീല നീരദമിഴിത്തുമ്പിന്റെ വമ്പ്'' അല്ലെങ്കിൽ പിന്നെന്താണ്? കാളിയില്ലെങ്കിൽ വ്യാസനില്ല; വ്യാസനില്ലെങ്കിൽ വേദങ്ങളും, പുരാണങ്ങളുമില്ല. പുരാണങ്ങളില്ലെങ്കിൽ ശാകുന്തളാദികളും നാസ്തി. അതുകൊണ്ട് ഭാരതഭൂമിയെ വിജ്ഞാനവർഷം കൊണ്ടു തണുപ്പിച്ചത് ഒരു വാലത്തിയുടെ ആ ലോലമലനീല നീരദ മിഴിയാണെന്നു സാരം.) നീരദമിഴി = ഒരു സംസ്കൃത പണ്ഡിതനായി

ചേലോലും തദുപജ്ഞമായി വിലസും
        ശാകുന്തളം നാടകം
ഈ ലോകോത്തര സൃഷ്ടി രണ്ടുമതുലം
        ചേലൊത്ത വാലത്തിത-
ന്നാലോലമല നീല നീരദ മിഴി-
        ത്തുമ്പിന്റെ വമ്പല്ലയോ?

20 സങ്കാശം കലരാത്ത മാമറകളെ-
        ക്കൂട്ടെപ്പകുത്തീടുവാൻ
വങ്കാരുണ്യമെഴും പുരാണമുനിയെ
        ക്ഷോണിക്കു കല്പിക്കയാൽ
പങ്കാപേതമമന്ദ രാഗമിയലും
        കാളീ കരാബ്ജത്തിലെ-
പ്പങ്കായത്തിനൊരാര്യ നാണരയനെ
        ക്കാളും കടപ്പെട്ടവൻ.

---

രുന്ന കറുപ്പൻ 'നീരദമിഴി' യെന്നായിരിക്കില്ല. പ്രത്യുതനീരജമിഴി എന്നായിരിക്കും പ്രയോഗിച്ചിരിക്കുക എന്നു് ശ്രീ.എൻ. ഗോപാലപിള്ള സാറിനെപ്പോലെയുള്ള പണ്ഡിതാഗ്രണികൾ അഭിപ്രായപ്പെട്ടതായി കേട്ടിട്ടുണ്ടു്.

തദുപജ്ഞം = അതിൽനിന്നു (ആദ്യമായി) ആവിഷ്ക്കരിക്കപ്പെട്ടതു്; കണ്ടെടുത്തതു്.

20 (പങ്കായം = തുഴ; കാളിയുടെ തുഴയ്ക്കു്. ആര്യൻ = അന്തണൻ, അരയനെക്കാളും കടപ്പെട്ടവനാകുന്നു. വാസ്തവം അങ്ങനെയല്ലെ? കാളിയുടെ തുഴമൂലം ഇന്ത്യയിലെ ബ്രാഹ്മണസമുദായം ഏതെല്ലാം വിധത്തിൽ ഉയർന്നിരിക്കുന്നുവെന്നു വ്യാസവിരചിതങ്ങളായ ഗ്രന്ഥരാശികളിൽകൂടി പര്യടനം ചെയ്യുന്നവരോടു പ്രത്യേകം പറഞ്ഞറിയിക്കേണമെന്നില്ലല്ലോ. ആ സ്ഥിതിക്കു് അരയനെ (ധീവരനെ) ഒട്ടും ദ്രോഹിച്ചുകൂടെന്നു സാരം.)

സങ്കാശം കലരാത്ത = തുല്യമല്ലാത്ത; ഒന്നിനൊന്നു ഒന്നോടൊന്നു വിഭിന്നമായ നിലയിലുള്ള. മാമറകൾ = വേദങ്ങൾ അമന്ദരാഗമിയലും കാളീകരാബ്ജം = കാളിയുടെ ഗാഢമായ പൂവപ്പു നിറത്തിലുള്ള കൈകൾ; ഭംഗിയേറിയ കരങ്ങൾ.

21 കൂട്ടം മേന്മയൊടമ്പലക്കൊടിമര-
ക്കാൽ തോറുമെത്തിക്കിട-
ന്നാട്ടം വാർമഴവില്ലൊളിക്കൊടികളിൽ
തൃക്കൺ പതിച്ചീടുക.
"കൂട്ടന്നുച്ചമയേ! സുധീവരഗുണാ-
ലംബിക്ക" തെന്നായ് സ്വയം
പാട്ടന്നുണ്ടവ, ചിന്തതൻ തിരുചെവി-
ക്കാപ്പാട്ടു കേൾക്കാം പ്രഭോ!

---

21 (ഇതുവരെ പ്രതിപാദിച്ചുപോന്നതു ധീവരൻെറ പൌരാണിക കാലത്തെ സമുദായ സ്ഥിതിയെയാണ്. അർവാചീന കാലങ്ങളിൽ അവൻെറ ശരിയായ ചരിത്രത്തെ കുറിക്കുന്ന രേഖകൾ കാണപ്പെടുന്നില്ല. എന്നാൽ നഷ്ടശിഷ്ടങ്ങളായ ചില ആചാരങ്ങൾ സമുദായ നിലയിൽ അവന്നുള്ള അവകാശത്തേയും ഉയർച്ചയേയും പ്രകാശിപ്പിക്കുന്നതിൻെറ ഉദാഹരണങ്ങളെ ആകുന്നു ഈ ശ്ലോകം മുതൽ സംക്ഷേപിച്ചു പറയുന്നത്)

വാലൻമാർ അധിവസിക്കുന്ന ദിക്കുകളിലെ ക്ഷേത്രങ്ങളിൽ ഉൽസവകാലങ്ങളിൽ കൊടികയറുവാനുള്ള കൊടിക്കയർ വയ്ക്കുന്നതു അവരാണ്. ഇതിന് വളരെ തെളിവുകളും ഉദാഹരണങ്ങളുമുണ്ട്. അവയിൽ ചിലവമാത്രം ഇവിടെ എടുത്തുകാണിക്കുന്നു. വൈക്കം ക്ഷേത്ര റോഡിൽ കൂടി അധഃകൃതർക്കു സഞ്ചരിക്കുവാൻ എത്ര ലക്ഷം ഉറുപ്പിക വ്യയം ചെയ്യേണ്ടിവന്നു; മഹാത്മാഗാന്ധിയെക്കൂടി സ്ഥലത്തെത്തിച്ചസത്യാഗ്രഹ ചരിത്രം സുപ്രസിദ്ധമാണല്ലോ. അത്രമാത്രം അയിത്തമുണ്ടെന്നുവച്ചിരിക്കുന്ന വൈക്കത്തപ്പൻെറ ഗോപുരപ്പടിമേൽ, കൊടിക്കയർ വച്ചുകൊടുക്കുന്നവർ വാല (ധീവര) ൻമാരാണ്. എറണാകുളം മഹാദേവക്ഷേത്രത്തിൽ കൊടിക്കയർ വയ്ക്കുവാൻ അവകാശപ്പെട്ട ഒരു ധീവരകുടുംബം അവിടെയുണ്ട്. ചേരാനല്ലൂർ ഭഗവതീക്ഷേത്രത്തിൽ കൊടികയററുവാനുള്ള കയർ കവിയുടെ വീട്ടിൽ നിന്നാണ് കൊടുത്തുപോരുന്നത്. അങ്ങനെ ക്ഷേത്രപ്പടിയിൽ വാലൻമാർ കയർ വച്ചു കൊടുക്കുന്നതുകൊണ്ട് ആചാരപരൻമാരായ ബ്രാഹ്മണർ പോലും അതിനു പ്രത്യേകമൊരു

22 പെയ്യും മോദ മോടിങ്ങിദം പ്രഥമമായ്
സിംഹാസനാരോഹണം
ചെയ്യും ഭൂമിപനാദ്യമുള്ള തിരുമുൽ-
ക്കാഴ്ചയ്ക്കേഴും യോഗ്യത
ഈയ്യുള്ളോരിലെഴുന്ന തൻമഹിമയെ-
ത്തുച്ഛീകരിച്ചീവിധം
ചെയ്യുമ്പോളടിയങ്ങളന്യ സമുദാ-
യാക്ഷേപമേൽക്കേണ്ടയോ?

23 ഏതന്തസ്സോട്ട മെന്നുയർന്നിവിടെയാ-
കൃസ്ത്യാനിയോടന്തണൻ
ജൂതന്മാരിൽ വെളുത്തതോടസിതരും
മാഹമ്മദൻ, തീയ്യനും,

---

ശുദ്ധി ചെയ്യാറില്ലത്രെ. ഇത്തരം ആചാരങ്ങൾ നോക്കുന്ന പക്ഷവും ജാതി വേണമെന്നുള്ളവർക്കു പോലും അരയൻ ത്യാജ്യനല്ലെന്നു സിദ്ധിക്കുന്നു.

(ധീവരഗുണാലംബിക്കു = വിദ്വാൻെറ ഗുണങ്ങളെ ആശ്രയിക്കുന്നവനു. ഉച്ചം കൂടും = ഉന്നതി ലഭിക്കും. അരയൻെറ കയറിനെ ആശ്രയിക്കുന്ന കൊടിക്കും ഉയർച്ച ലഭിക്കുമെന്ന് ശ്ലേഷം. അല്ലയോ പ്രഭോ! ആ പാട്ടു = കൊടിയുടെ പാട്ട്. ചിന്തതൻ തീരുചെവിക്കു കേൾക്കാം = കൽപ്പിച്ചു വിചാരിക്കുന്ന പക്ഷം ഈ ആചാരത്തിൻെറ ആഗമത്തിൻെറ കാരണം എന്താണെന്നു കണ്ടെത്താൻ സാധിക്കുമെന്നർത്ഥം) കൂടുന്നുച്ചം = ഉച്ചം (മേൻമ) വർദ്ധിക്കുന്നു.

22 (കൊച്ചിയിലെ രാജാക്കൻമാർ സിംഹാസനാരോഹണം ചെയ്യുമ്പോൾ ഒന്നാമതായി തിരുമുൽക്കാഴ്ച വയ്ക്കുവാനുള്ള അധികാരം അരയൻമാർക്കാകുന്നു. ചെറായിയിലെ കണക്കാട്ടുശേരി കുടുംബക്കാർക്കായിരുന്നു ആ അവകാശം അരയൻ ഉപ്പും, കയറും വെച്ചു വണങ്ങിയതിനു ശേഷമേ മറേറതു ജാതിക്കാർക്കും തിരുമുൽക്കാഴ്ച വയ്ക്കുവാൻ പാടുള്ളൂ)

23 (അരയർ ഇവിടത്തെ ആദിമ നിവാസികളായിരുന്നു എന്നു സാരം. ആര്യൻമാർ ഇവിടം ആക്രമിച്ച കാലത്ത് ദസ്യുക്കളെ കൊന്നു എന്നും, ഒടിച്ചു എന്നും പറയുന്നത് ദാശൻമാരെന്നു പറയപ്പെടുന്ന അരയൻമാരെത്തന്നെ ആയിരിക്കണം.)

ആതങ്കം കലരാതവർക്കുപരിയാ-
യെന്നല്ലതിൻമുമ്പിലും
സ്വാതന്ത്ര്യത്തൊട്ട കേരളത്തിലരയൻ
വർത്തിച്ചിരുന്നു പ്രഭോ!

24 വാളേന്താമവ, നബ്ധി ഭോഗമിയലാം,
കെല്പോടമാലവ്രജം
മൂളീടും മണി മഞ്ചലേറിയണയാം
നാൽക്കോൽ പെരുമ്പാതയിൽ
നാളേ! നിന്നിലവൻെറ മേന്മ പലതും
മാഞ്ഞിട്ട മിന്നാളിലും
കോളേന്തും കടൽ തൽ പ്രഭാവമലറിഗ്-
ഘോഷിച്ചിട്ടുന്നില്ലയോ?

25 ടീപാർട്ടിക്കു മനസ്സറിഞ്ഞടിയനെ-
ത്തള്ളി ത്തപിപ്പിയ്ക്കയാൽ
ഉൾപ്പായും കദനങ്ങൾ പദ്യവടിവിൽ
തൃക്കാഴ്ചവയ്ക്കുന്നതിൽ
ഇപ്പാവത്തിനു വേണ്ടിവൻെറ സമുദാ-
യത്തിന്ന് മേൽ ഏതിലും
തൃപ്പാദങ്ങളനുഗ്രഹിച്ചരുളണം
സൽ പ്രാതിനിധ്യങ്ങളെ.

---

അസിതർ = കറുപ്പുനിറമുള്ളവർ.

24 (മഹാരാജാക്കൻമാർ അരയ (ധീവര) ൻമാർക്ക് കല്പിച്ചു കൊടുത്തിട്ടുള്ള തീട്ടുരങ്ങളിലെ മാന ചിഹ്നങ്ങളാകുന്നു മേൽ ശ്ലോകത്തിൽ പ്രതിപാദിച്ചിരിക്കുന്നത്. ഒരു ധീവരനു മറേറതുയർന്ന ജാതിക്കാരനേയും പോലെ വാൾ കൊണ്ടു നടക്കുവാനും, വാഹനങ്ങളിൽ സഞ്ചരിക്കുവാനും പണ്ടു വിരോധമുണ്ടായിരുന്നില്ല. മററുയർന്നവരെന്നു പറയുന്നവർക്ക് കൊടുത്തതു പോലെ ഏററുമാററു മുതലായവകയ്ക്ക് വേലനേയും (വണ്ണാനേയും), അപരക്രിയാദികൾക്ക് പുരോഹിതനേയും അവൻെറ കീഴിൽ കൽപ്പിച്ചു കൊടുത്തിരിക്കുന്നു. ഒരു ധീവരനെ കേരളത്തിലെ മറെറാരു ജാതിക്കാർക്കും അടിമപ്പെടാത്തവിധം അത്ര സ്വതന്ത്രനാക്കിയാണ് മഹാരാജാക്കൻമാർ കൽപ്പിച്ചിരിക്കുന്നത്) അബ്ധിഭോഗം = കടൽചുങ്കം. അമാല വ്രജം = പല്ലക്ക് ചുമക്കുന്നവർ.

25 കദനം = ദുഃഖം.

അനുബന്ധം

# മനീഷാ പഞ്ചകം

ജാഗ്രത് സ്വപ്ന സുഷുപ്തിഷു സ്ഫുടതരാ
യാ സംവിദുജ്ജൃംഭതേ
യാബ്രഹ്മാദി പിപീലികാന്ത തനുഷു
പ്രോതാ ജഗത്സാക്ഷിണീ
സൈവാഹം നച ദൃശ്യവസ്ത്വിതി ദൃഢ
പ്രജ്ഞാപിയസ്യാസ്തി ചേത്
ചണ്ഡാലോ ऽസ്തു സതുദ്വിജോ ऽസ്തു ഗുരുരി-
ത്യേഷാമനീഷാ മമ

ബ്രഹ്മൈവാഹമിദം ജഗച്ചസകലം
ചിന്മാത്ര വിസ്താരിതം
സർവ്വം ചൈതദവിദ്യയാ ത്രിഗുണയാ-
ശേഷം മയാ കല്പിതം

---

ജഡദൃശ്യങ്ങളല്ല താനെന്നും, ഉണർവ്വിലും സ്വപ്നത്തിലും ഉറക്കത്തിലും പ്രകാശിച്ചു കൊണ്ടിരിക്കുന്നതും ബ്രഹ്മാവു മുതൽ എറുമ്പു വരെയുള്ള ശരീരങ്ങളേയും അഖില ജഗത്തിനേയും പ്രകാശിപ്പിച്ചുകൊണ്ടിരിക്കുന്നതുമായ ബോധം (ചേതന്ന്) ആണ് താനെന്നും ദൃഢമായറിഞ്ഞ ഒരാളുണ്ടെങ്കിൽ, ബ്രാഹ്മണനായിരിക്കട്ടെ, ചണ്ഡാളനായിരിക്കട്ടെ, അയാൾ ഗുരുവാണെന്നത് എൻെറ ഉറച്ച തീരുമാനമാണ്.

താൻ ബ്രഹ്മം തന്നെയാണെന്നും, ജഗത്തു മുഴുവൻ ആ ബോധസത്തയുടെ പ്രകടരൂപമാണെന്നും, പലതായിക്കാണുന്നതെല്ലാം ത്രിഗുണാത്മകമായ അവിദ്യമൂലം സങ്കൽപ്പത്തിൽ തോന്നുന്നതാണെന്നും അറിഞ്ഞ്, അതിരററ സുഖസ്വരൂപവും അഴിവില്ലാത്തതും പ്രപഞ്ച കാരണവും നിർമ്മലവുമായ ആ

ഇത്ഥം യസ്യ ദൃഢാമതി: സുഖതരേ
　　നിത്യേ പരേ നിർമ്മലേ
ചണ്ഡാലോऽസ്തു സതു ദ്വിജോऽസ്തു ഗുരുരി-
　　ത്യേഷാ മനീഷാ മമ

ശശ്വന്നശ്വരമേവ വിശ്വമഖിലം
　　നിശ്ചിത്യ വാചാഗുരോ-
ർന്നിത്യം ബ്രഹ്മനിരന്തരം വിമൃശതാ
　　നിർവ്യാജ ശാന്താത്മനാ
ഭൂതം ഭാവി ച ദുഷ്കൃതം പ്രദഹതാ
　　സം വിന്മയേ പാവകേ
പ്രാരബ്ധായ സമർപ്പിതം സ്വവപുരി —
　　ത്യേഷാ മനീഷാ മമ.

യാ തിര്യങ്നര ദേവതാഭിരഹമി–
　　ത്യന്ത:സ്പുടാ ഗൃഹ തേ
യദ് ഭാസാ ഹൃദയാക്ഷ ദേഹ വിഷയാ
　　ഭാന്തി സ്വതോऽചേതനഃ

---

ബ്രഹ്മത്തിൽ ബുദ്ധിയുറച്ച ആരം ചണ്ഡാളനാകട്ടെ, ബ്രഹ്മ ണനാകട്ടെ, ഗുരുവാണെന്നുള്ളത് എൻെറ ഉറച്ച നിശ്ചയമത്രെ.

ഗുരുപദേശം വഴി ദൃശ്യപ്രപഞ്ചമാകെ നശ്വരമാണെന്ന് തീരുമാനിച്ചിട്ടു് കളങ്കമററ ശാന്തമനസ്സോടു കൂടി ശാശ്വ തവും മാററമില്ലാത്തതുമായ ബ്രഹ്മത്തെ വിചാരിച്ചറിയുന്ന വൻ ജൻമങ്ങളിലൂടെ ആർജ്ജിച്ച കർമ്മ സഞ്ചയത്തെ ജ്ഞാനാ ഗ്നിയിൽ എരിച്ചുകളഞ്ഞിട്ട് സ്വശരീരത്തെ പ്രാരബ്ധാനുഭവ ത്തിനായി വിട്ടു കൊടുക്കുന്നു എന്നത് എൻെറ ഉറച്ച തീരുമാന മാണ്.

ഏതൊരു ബോധത്തെയാണോ പക്ഷിമൃഗാദികളും നരദേ വൻമാരും താന്താങ്ങളായി (ഞാൻ ഞാൻ എന്ന്) ഉള്ളിൽ ഗ്രഹി ക്കുന്നത്, ഏതൊന്നിൻെറ പ്രകാശത്താലാണോ സ്വതേ അചേ തനങ്ങളായ മനസ്സ്, ഇന്ദ്രിയങ്ങൾ, ദേഹം, വിഷയങ്ങൾ എന്നിവ ഉള്ളതായനുഭവപ്പെടുന്നത്, ആ ബോധം മേഘങ്ങളാൽ സൂര്യൻ എന്നതു പോലെ ദൃശ്യവസ്തുക്കളാൽ മറയ്ക്കപ്പെട്ടി

13627



താം ഭാസ്യൈ: പിഹിതാക്ക മണ്ഡല നിഭാം
 സ്ഫൂർത്തീം സദാ ഭാവയൻ
യോഗീ നിർവൃത മാനസോഹി ഗുരുരി–
 ത്യേഷാ മനീഷാ മമ.

യത് സൌഖ്യാംബുധി ലേശലേശ തളമേ
 ശക്രാദയോ നിർവൃതാ:
യച്ചിത്തേ നിതരാം പ്രശാന്ത കലനേ
 ലബ്ധ്വാ മുനിർന്നിർവൃത:
 ൟ സ്മിൻ നിത്യ സുഖാംബുധൌ ഗളിത ധീർ–
 ബ്ബ്രഹ്മൈതനബ്രഹ്മവിത്
യഃ കശ്ചിത് സസുരേന്ദ്ര വന്ദിതപദോ
 നൂനം മനീഷാ മമ

---

രിക്കുന്നു എന്നു ഭാവന ചെയ്ത് അനുഭവിച്ചറിഞ്ഞ് നിർവൃതമാനസനായിക്കഴിയുന്ന ആരം ഗുരുവാണെന്നത് എൻെറ ദൃഢനിശ്ചയമാണ്.

ഏതൊരു സുഖസമുദ്രത്തിൽ നിന്നു ലേശലേശം നുകർന്നിട്ടാണോ ഇന്ദ്രാദികരം ആനന്ദ നിർവൃതിയിൽ കഴിയുന്നത്, ലൌകിക സങ്കൽപങ്ങരം പൂർണ്ണമായി ഉപശമിച്ച ചിത്തത്തിൽ ഏതൊന്നിൻെറ ലബ്ധിയാലാണോ മുനി നിർവൃതാനന്ദത്തിൽ ലയിച്ചിരിക്കുന്നത്. ആ നിത്യ സുഖാബ്ധിയിൽ ബുദ്ധി ലയിച്ചു ചേർന്ന ആരം ബ്രഹ്മജ്ഞാനിയല്ലാ ബ്രഹ്മം തന്നെയാണ്; അങ്ങിനെ ഒരാളുണ്ടെങ്കിൽ അദ്ദേഹം ഇന്ദ്രനു പോലും വന്ദ്യപാദനാണെന്നത് എൻെറ ഉറച്ച തീരുമാനമാണ്.

# ജാതിക്കുമ്മിയും ഉദ്യാനവിരുന്നും

## പണ്ഡിററ് കെ. പി. കറുപ്പൻ


‘ജാതിയും ജാതിയും ജാതിമേൽ ജാതിയും’ ചേർന്ന് നമ്മുടെ നാടിനെ ഭ്രാന്താലയമായി മാററിത്തീർത്തൊരു കാലത്ത് ഇവിടെ ജീവിക്കുകയും, അനാചാരങ്ങൾക്കെതിരെ ശക്തമായി ആഞ്ഞടിക്കുകയും ചെയ്ത അതുല്യനായൊരു വിപ്ലവകാരിയായിരുന്നു പണ്ഡിററ് കെ. പി. കറുപ്പൻ. കുമാരനാശാനെപ്പോലെ സാമൂഹ്യ നീതികൾക്കെതിരെ തൂലിക പടവാളാക്കി മാററിയ അദ്ദേഹത്തിന്റെ സുപ്രസിദ്ധമായ രണ്ടു കൃതികളാണ് ‘ജാതിക്കുമ്മിയും ഉദ്യാനവിരുന്നും’. മനുഷ്യസമത്വത്തിന്റെ പ്രഖ്യാപനമായ, ശ്രീ ശങ്കരാചാര്യരുടെ ‘മനീഷാപഞ്ചക’ത്തിന്റെ സ്വതന്ത്രവും വിസ്തൃതവും അതിസരളവുമായ ഒരു വ്യാഖ്യാനമാണ് ജാതിക്കുമ്മി അഥവാ തീണ്ടൽക്കുമ്മി. 1087-ലാണ് ഈ കൃതി ആദ്യമായി പ്രസിദ്ധീകരിക്കപ്പെടുന്നത്. 1925-ൽ എഴുതപ്പെട്ട ‘ഉദ്യാന വിരുന്ന്’ അഥവാ ഒരു ധീവരന്റെ ആവലാതി’യും അധഃസ്ഥിതന്റെ സ്വാതന്ത്ര്യ പ്രഖ്യാപനം തന്നെ. കവിയുടെ സമുദായസ്നേഹവും നിസ്വാർത്ഥതയും ശരൽക്കാലത്തെ നിർമ്മല നദീജലം പോലെ തെളിഞ്ഞു കാണുന്ന ഈ രണ്ടു കൃതികളും അക്കാലത്തെ കേരളത്തിന്റെ രാഷ്ട്രീയ-സാമൂഹ്യജീവിതത്തിൽ പ്രകമ്പനം സൃഷ്ടിച്ചവയത്രേ.

വില 6.00

നാഷനൽ ബുക്ക്സ്റ്റാൾ

കെ. പി. കറുപ്പൻ

# ജാതിക്കുമ്മിയും ഉദ്യാനവിരുന്നും



894.8121
KAR

Indic Digital Archive Foundation
gpura.org